


ഇ&എസ് എറണാകുളം

നിറവ് 2017

# ആമുഖക്കുറിപ്പ്

മനുഷ്യമനസ്സ് അക്ഷരങ്ങളായി വരകളായി വിടരുമ്പോൾ മനസ്സിനേയും ആത്മാവിനേയും ഉദ്ദീപിപ്പിക്കുന്ന കലാസൃഷ്ടികൾ പിറവിയെടുക്കുന്നു. എറണാകുളം ജില്ലയിലെ സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും ചേർന്ന് ഒരുക്കുന്ന ഒരു കലാവിരുന്നിന് ഒരിക്കൽകൂടി 'നിറവ്' വേദിയാകുകയാണ്. മേഘസന്ദേശങ്ങളും താളിയോലകളും അച്ചടിമാധ്യമങ്ങളും കടന്ന് ടെലിഫോണിലൂടെയും ഇന്റർനെറ്റിലൂടെയെല്ലാം മനുഷ്യൻ സംവദിക്കുന്ന ഈ നാളിൽ കൈയെഴുത്ത് പ്രതി ഒരു വേറിട്ട അനുഭവമായി മാറുന്നു. ജോലിത്തിരക്കുകൾക്കിടയിലും സർഗ്ഗാത്മകത ചോർന്നുപോകാതെ സൃഷ്ടികൾ തയ്യാറാക്കിയവർക്കും അവ മനോഹരമായി പകർത്തിയെഴുതിയവർക്കും ചിത്രങ്ങളും വർണ്ണങ്ങളും കൊണ്ട് മികവുറ്റതാക്കിയവർക്കും ഹൃദയം നിറഞ്ഞ നന്ദി.

മലയാളഭാഷയോടുള്ള എല്ലാ ആദരവോടും സ്നേഹത്തോടും കൂടി "നിറവ്- 2017" എല്ലാ കലാസ്നേഹികൾക്കുമായി..... വീണ്ടും നിറവുകൾക്കായി

പ്രതീക്ഷയോടെ

സിൻസിമോൾ ആന്റണി.കെ
ഡെപ്യൂട്ടി ഡയറക്ടർ
സാമ്പത്തിക സ്ഥിതി
വിവരക്കണക്ക് വകുപ്പ്
എറണാകുളം

ഇ&എസ് എറണാകുളം

കെ. മൊഹമ്മദ്. വൈ. സഫിരുള്ള ഐ. എ. എസ്.
ജില്ലാ കളക്ടർ & ജില്ലാ മജിസ്ട്രേറ്റ്
എറണാകുളം

തീയതി.........................................

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലയിലെ ജീവനക്കാർ ചേർന്ന് 'നിറവ് 2017' എന്ന കൈയെഴുത്ത് പ്രതി പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. മലയാള ഭാഷാ വർഷാചരണം നടക്കുന്ന ഈ സന്ദർഭത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഈ മഹനീയ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

18.11.17

നിറവ് 2017

സിവിൽ സ്റ്റേഷൻ, എറണാകുളം-682 030 ഫോൺ : 0484-2423001 (ഓഫീസ്)
ഫാക്സ് ഓഫീസ് : 0484-2424838 വസതി : 0484-2372902
e-mail : dcekm.ker@nic.in website : www.ernakulam.nic.in

ഇ&എസ് എറണാകുളം

## വിശ്വകവി വില്യം വേർഡ്സ്‌വർത്ത്

പ്രകൃതി: കവിത എന്നാൽ ശക്തമായ വികാരങ്ങളുടെ സ്മരണയിൽ ഒഴുകുന്ന അനർഗളമായ പ്രവാഹമാണ്. നമ്മുടെ വികാരങ്ങൾക്ക് നിറവും ആകാരവും ലഭിക്കുമ്പോൾ അത് സാഹിത്യ ശകലങ്ങളാകുന്നു. സംസ്കൃതത്തിൽ ഇങ്ങനെ ഒരു ശ്ലോകമുണ്ട്:

അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതി
യഥാസ്മൈ രോചതേ വിശ്വം
തഥേദം പരിവർത്തതേ:

ലോകത്തിൽ മഹാന്മാർക്ക് പിന്നിൽ എന്നും ഒരു ഋഷികവിയുണ്ടാവും. പല്ലനയാറിന്റെ തീരത്ത് ഒരു സുഗന്ധിക കേട്ട ഗീതമാണ് "മാറ്റുവിൻ ചട്ടങ്ങളെ". ഒരു പുസ്തകവും ഒരു പേനയും ഒരു ഗുരുനാഥനുമുണ്ടെങ്കിൽ ലോകത്തെ മാറ്റാം എന്ന് പറഞ്ഞ മലാല യൂസഫ് സായിയെ ഓർത്ത് കൊണ്ട് ഏറെ സന്തോഷത്തോടെ ഈ താളുകൾ നിങ്ങൾക്കായി പ്രകാശിപ്പിച്ചു കൊള്ളുന്നു.

ജോസ് മുഴുവഞ്ചേരി

നിറവ് 2017

ഇ&എസ് എറണാകുളം

# ഏടുകളിലൂടെ....


| | |
|---|---|
| 1. വടക്കൻ പെരുമയിലെ വിസ്മയക്കാഴ്ചകൾ | ശ്യാംപ്രസാദ്. വി |
| 2. മലയാളനാട് | വി.ജെ. ആന്റണി |
| 3. കൊയ്തൊഴിഞ്ഞ പാടം | രവിശ. കെ.കെ. |
| 4. പറവകളുടെ പരിഹാസം | മുംതാസ്. വി.എ. |
| 5. പ്രണാമം | വി.വി. സുകുമാരൻ |
| 6. കണ്ണീർ മഴ | അനന്ത കൃഷ്ണൻ. സി.ആർ |
| 7. ഇരിങ്ങോൾ കാവ്, ജൈവ വൈവിധ്യത്തിന്റെ കലവറ | വി.ജി. റെജിമോൻ |
| 8. ഹാപ്പി ബെർത്ത് ഡേ | സഞ്ജു. എസ്. നായർ |
| 9. മൗനം സംവദിക്കുമ്പോൾ | വി.ജി. ജോയി |
| 10. അമ്മ | ശ്രീകുമാർ. കെ.എസ്. |
| 11. വയലേലകൾ മരിക്കുന്നു | സീന ചെറിയാൻ |
| 12. വൃദ്ധസദനം | മുജീബുദ്ദീൻ. സി.കെ |
| 13. നൂറു സിംഹാസനങ്ങൾ | എം.സി. രമ |
| 14. നാടുകൾ കടക്കാൻ ഉഴലേണ്ടി വന്ന ജീവിതം | ശ്യാംപ്രസാദ്. വി. |
| 15. മാലിന്യത്തിൽ നിന്ന് സമ്പാദ്യം | സുരേഷ്കുമാർ. പി. |
| 16. ന്യൂജെൻ പാരന്റിംഗ് | സരിത സുഭാഷ് |
| 17. സാമ്പത്തിക അവലോകനം 2016 | സീന ചെറിയാൻ |
| 18. പൊക്കാളിപ്പാടം | ശ്യാം പ്രസാദ് |
| 19. ഹാരപ്പയും പൗരാണിക നാഗരികതകളും | ടി.പി. ഹാരൂൺ |
| 20. വിജയത്തെക്കുറിച്ച് | പാർവ്വതി വേണുഗോപാൽ |
| 21. കുഞ്ഞു തൊമ്മികിനോട് | അനിൽ. വി. |
| 22. അമ്മയോളം ഉന്നതം മക്കൾക്കൊക്കിൽ ആറിലെ വെള്ളം മേലോട്ട് | മിനിമോൾ. എൻ. ആർ |
| 23. മലയാളവും മറ്റു ദ്രാവിഡഭാഷകളും | ജഗൻ ചുള്ളശ്ശേരി |
| 24. അമൃതവർഷിണി - രാഗപരിചയം | ജയരാജൻ. കെ. എസ് |


| | |
|---|---|
| മുഖചിത്രം | ജയരാജൻ. കെ. എസ് |
| വരകളും വർണ്ണങ്ങളും | എം. കെ. കൃഷ്ണൻ |
| | ശ്രീകാന്ത്. ട. നായർ |
| | മിനിമോൾ എൻ. ആർ |
| | സജി പൗലോസ് |
| കൈയെഴുത്ത് | സരിത സുഭാഷ് |
| | ശ്യാം പ്രസാദ്. വി. |

നിറവ് 2017

ഇ&എസ് എറണാകുളം

ലേഖനം

# വടക്കൻ പെരുമയിലെ വിസ്മയക്കാഴ്ചകൾ

ശ്യാം
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR. I
കൊച്ചി താലൂക്ക്

പഞ്ഞ കർക്കിടകത്തിനും പൊന്നിൻ ചിങ്ങത്തിനും പിന്നാലെ കന്നിയും തുലാവും എത്തുന്നു. തുലാമാസം പത്താം തീയതി തുലാം പത്ത് അഥവാ പത്താമുദയം ആയി മലയാളികൾ ആഘോഷിച്ചു വരുന്നു. വടക്കേ മലബാറിൽ നല്ല പ്രാധാന്യത്തോടെയാണ് പത്താമുദയം കാണുന്നത്. പുതിയ വിളകളിറക്കാനുള്ള വിത്തുകൾ ദൈവങ്ങളുടെ തിരുനടയിൽ കാണിക്ക വെയ്ക്കാനും മുൻ വിളവെടുപ്പിലെ നെല്ല് കുത്തി കാണിക്കയായി പുത്തരി കൊടുക്കുന്ന ചടങ്ങും നടന്നു വരുന്നു. അന്നേ ദിവസം ഒരു തെയ്യക്കാലത്തിന്റെ ആരംഭം കുറിക്കുക കൂടിയാണ്. വടക്കേ മലബാറിൽ തെയ്യക്കാലം ഒരു സാംസ്കാരിക ഉത്സവം തന്നെയാണ്. എണ്ണിയാൽ തീരാത്ത അത്രയും തെയ്യക്കോലങ്ങളാണ് വടക്കേ മലബാറിലെ കാവുകളിലും തറവാട്ടു മുററങ്ങളിലായും കെട്ടിയാടുന്നത്. തെയ്യം എന്നത് ദേവതാ സങ്കൽപ്പങ്ങളാണ്. അത് അധഃസ്ഥിതരുടെയും അടിച്ചൊതുക്കപ്പെട്ടവരുടെയും പ്രതീകങ്ങളാണ്. സാമൂഹ്യ ജീവിതചര്യകളെ മണ്ണോടടുപ്പിക്കുക കൂടെയാണ് ഓരോ തെയ്യക്കാലവും ചെയ്യുന്നത്

കാസറഗോഡ്, കണ്ണൂർ ജില്ലകളിലെ അനുഷ്ഠാന കലയായ തെയ്യം കേരളത്തിന്റെ അയൽ സംസ്ഥാനമായ കർണ്ണാടകയിലെ മംഗലാപുരം, പുത്തൂർ, സുള്ള്യ ഭാഗങ്ങളിലും കെട്ടിയാടുന്നുണ്ട്. പ്രധാനമായും 3 വിഭാഗങ്ങൾ (സമുദായങ്ങൾ) ആണ് തെയ്യം കെട്ടിയാടുന്നത്. വണ്ണാൻ, മലയൻ, കോപ്പാളൻ എന്നിവരാണ് ഈ വിഭാഗങ്ങൾ. കൂടാതെ പുലയ വിഭാഗവും തെയ്യം കെട്ടിയാടുന്നുണ്ട്.

ഓരോ തെയ്യത്തിനും ഓരോ ഐതിഹ്യങ്ങളുണ്ട്. കൂടാതെ ഓരോന്നിനും ഐതിഹ്യങ്ങൾ ഉൾക്കൊള്ളിച്ച തോറ്റം പാട്ടുമുണ്ടാകും. തോറ്റം പാട്ട് സാധാരണയായി മലയാളത്തിലാണെങ്കിലും, കോപ്പാളൻമാർ കെട്ടിയാടുന്ന തെയ്യത്തിന്റെ തോറ്റം പാട്ട് മലയാളത്തോടൊപ്പം തുളു ഭാഷ കൂടി ഉപയോഗിക്കുന്നുണ്ട്. നല്ല ഈണത്തിലുള്ള തോറ്റം പാട്ട് ശ്രോതാക്കൾക്ക് ഓരോ തെയ്യത്തിന്റേയും ഐതിഹ്യം മനസ്സിലാക്കാൻ സാധിക്കും.

വണ്ണാൻമാർ കെട്ടിയാടു-

നിറവ് 2017

ഇ&എസ് എറണാകുളം

ന്ന തെയ്യങ്ങളിൽ സൗന്ദര്യത്തിൽ മുച്ചിലോട്ട് ഭഗവതി കഴിഞ്ഞേ മറ്റാർക്കും സ്ഥാനമുള്ളൂ. കുറ്റിശംഖും പ്രാക്കും (മുച്ചിലോട്ടമ്മയുടെ മുഖത്തെഴുത്ത്) സർവ്വാഭരണഭൂഷിതയായ കന്യകയായ ദേവിയുടെ താലികെട്ടാണ് പെരുങ്കളിയാട്ടം. ജ്ഞാനം കൊണ്ട് വിജയം നേടിയ സുന്ദരിയെ അപവാദപ്രചരണങ്ങൾ കൊണ്ട് ഭ്രഷ്ട് കൽപ്പിച്ച സമൂഹത്തിന് മുന്നിൽ



അപമാനം കൊണ്ട് അഗ്നിയിൽ ജീവൻ സമർപ്പിച്ച ബ്രാഹ്മണ സ്ത്രീയാണ് മുച്ചിലോട്ട് ഭഗവതിയായി മാറിയത് എന്നാണ് വിശ്വാസം. മറ്റ് തെയ്യങ്ങളെ അപേക്ഷിച്ച് ചെണ്ട മേളത്തിൽ ചുവട് വയ്ക്കുകയോ വാക്ക് ഉരിയാടുകയോ ചെയ്യുന്നില്ല മുച്ചിലോട്ട് ഭഗവതി. തെയ്യം അരങ്ങിലെത്തുമ്പോൾ ഉണ്ടാകുന്ന വാദ്യഘോഷം കേട്ടാൽ ഏതൊരു ഭക്തന്റെ മനസ്സും വിങ്ങും. വണ്ണാൻ സമുദായം കെട്ടിയാടുന്ന തെയ്യങ്ങൾക്ക് ആകൃതിയും രൂപഭംഗിയും കൂടുതലാണ്. മുത്തപ്പൻ തെയ്യം, വയനാട്ട് കുലവൻ, പുല്ലൂർണ്ണൻ തെയ്യം തുടങ്ങി ഒട്ടനേകം തെയ്യം വണ്ണാൻ സമുദായം കെട്ടിയാടുന്നു.

ഉഗ്രമൂർത്തികളായ തെയ്യങ്ങളെ കെട്ടിയാടുന്നത് കോപ്പാളൻ എന്ന വിഭാഗക്കാരാണ്. മറ്റ് സമുദായം കെട്ടിയാടുന്ന തെയ്യങ്ങളെ അപേക്ഷിച്ച് സൗന്ദര്യവും രൂപഭംഗിയും കുറവായിരിക്കും..

നിറവ് 2017
ഇ&എസ് എറണാകുളം

പാർവ്വതി ദേവി ഭൂമിയിൽ കീഴാള സ്ത്രീയായ കുറത്തിയായി അവതരിച്ച ഐതിഹ്യമാണ് കുറത്തിയമ്മ എന്ന തെയ്യത്തിന്റേത്. ഉത്തര മലബാറിന്റെ കാർഷിക പാരമ്പര്യത്തിന്റെ നേർക്കാഴ്ചയാണ് കുറത്തിയിലൂടെ കാണാൻ കഴിയുക. നെൽകൃഷിയിടത്തിൽ പണിയെടുക്കുന്ന കീഴാള സ്ത്രീയുടെ ചലനങ്ങൾ കൊണ്ടും അവരെ ആപത്തുകളിൽ നിന്ന് രക്ഷിക്കുന്ന അമ്മയായും കുറത്തി നിറഞ്ഞാടുന്നു.

നരസിംഹ അവതാരത്തിലെ ഹിരണ്യകശിപു വധത്തിന്റെ തെയ്യപ്പകർപ്പാണ് വിഷ്ണുമൂർത്തി എന്ന മലയൻ സമുദായം കെട്ടിയാടുന്ന തെയ്യം. രൗദ്രവും ലാസ്യവും ഒത്ത് ചേർന്ന ഭാവം. ചെണ്ട മേളത്തിനനുസരിച്ചുള്ള നൃത്തച്ചുവടുകൾ വിഷ്ണുമൂർത്തിയുടെ പ്രത്യേകതകളാണ്.

കുരുത്തോല കൊണ്ട് മാത്രം വേഷവിധാനങ്ങൾ തീർത്ത ഗുളികനാണ് തെയ്യങ്ങളിലെ ജനകീയൻ. കവുങ്ങിൻ പാളകളിൽ മുഖത്തെഴുത്ത് ഉണ്ടാക്കി മുഖത്ത് വലിച്ചു കെട്ടി ദേഹമാസകലം കുരുത്തോല പുതച്ച് കളത്തിലെത്തുന്ന ഗുളികൻ. ഗുളികരാജാവിന്റെ കൂടെ ഓടാനും തയ്യാറായി അനേകം കുട്ടികളുണ്ടാകും

വണ്ണാൻമാർ കെട്ടിയാടുന്ന തെയ്യങ്ങളുടെ ഉടയാടകൾ ചുവന്ന തുണി ഉപയോഗിച്ചാണ് ഉണ്ടാക്കുക. കുരുത്തോല ഉപയോഗിച്ചുള്ള തെയ്യങ്ങൾ അനേകം ഉണ്ട്. മുൻ കാലങ്ങളിൽ ചെത്തിപ്പൂവും തുളസിയും മറ്റ് പൂക്കളും ഉപയോഗിച്ചായിരുന്നു ആഭരണങ്ങൾ നിർമ്മിച്ചിരുന്നത്. ഇന്ന് അതും പുതുതലമുറയുടെ ആഭരണങ്ങളിലേക്ക് മാറിക്കഴിഞ്ഞു. മുഖത്തെഴുത്തും ആഭരണങ്ങളും ഒക്കെ അണിഞ്ഞ് തോറ്റം പാട്ടും പാടി നിൽക്കുന്ന തെയ്യം മുഖം ദർപ്പണത്തിൽ നോക്കി നിൽക്കുന്ന കാഴ്ച അനിർവചനീയമാണ്. ഈ നേരത്താണ് തെയ്യം കലാകാരനിൽ ആവേശിക്കുന്നത് എന്നും പറയാറുണ്ട്.

"താങ്കളെ കൊത്ത്യാലും ഒന്നല്ലേ ചോര, നിങ്ങളെ കൊത്ത്യാലും ഒന്നല്ലേ ചോര" എന്ന പൊട്ടൻ തെയ്യത്തിന്റെ ചോദ്യം ജാതി വെറിയുടേയും, വർണ്ണവെറിയുടേയും, രാഷ്ട്രീയ വെറിയുടെയും ലോകത്ത് ഉത്തരം കണ്ടെത്താനാവാത്ത ചോദ്യമായി അവശേഷിക്കുന്നു.

ആവിഷ്കാര സ്വാതന്ത്ര്യം എന്ന വാക്ക് പറഞ്ഞ് തെരുവുകളിൽ വികലമായ രീതിയിൽ കെട്ടിയാടുന്ന തെയ്യങ്ങൾ ഏതൊരു വിശ്വാസിയുടേയും ഉള്ളിൽ വേദനയുളവാക്കുന്ന കാഴ്ചയാണ്.

# മലയാളനാട്

ശ്രീ. P.J. ആന്റണി
TSO, കൊച്ചി

കലകൾ തൻ കളിവിളക്ക് തെളിയും നാട്
നാടൻ പാട്ടിൻ വായ്ത്താരി നിറയും നാട്
തേനൂറും പാണന്റെ പാട്ടിൻ തുടികളിൽ
താളം പിടിക്കുമെന്റെ മലയാളനാട്.

കഥകളി തൻ കാലിൽ തങ്കച്ചിലങ്ക കെട്ടി
കളിവിളക്കിൻ മുന്നിൽ കളിയാടിയാടി
തുള്ളലും കൂത്തും കൂടിയാട്ടവും കൂടി
തമ്മിൽ ചേർന്നാടിത്തിമിർക്കും നാട്.

തെയ്യവും തിറയും നിറഞ്ഞാടിയാടി
നേരിനെ വാഴ്ത്തുന്നു കേരനാട്
പടയണിപ്പാട്ടും കളമെഴുത്തും
തുമ്പിതുള്ളലും മുടിയേറ്റുമെല്ലാം
മലയാള നാടിൻ നൂറു കലകളല്ലോ.

യവനരും ജൂതരും റോമരുമെല്ലാം
വന്നിറങ്ങിയ പല തുറകളതിൽ
കേരങ്ങൾ തൻ കൈകൾ നീട്ടി നീട്ടി
സ്വാഗതമോതിയതോർമയില്ലേ...

കുരുത്തോല കെട്ടി തൊങ്ങലു തൂക്കി
പമ്പ മുഴക്കി പറ മുഴക്കി
കിണ്ടിയിൽ നിന്നും നീരൊഴുക്കി
ഇളനീർ നീട്ടി വരവേറ്റ നാൾകൾ.

പീഠത്തിലിരുത്തി സൽക്കരിച്ചു
പോയപ്പോൾ ഒരു കുന്നോളം
കറുത്ത പൊന്നും പിന്നെ കുന്തിരിക്കവും
ചന്ദനമുട്ടികളും നൽകി യാത്രയാക്കി.



ഇ&എസ് എറണാകുളം

മലയാളനാടെന്റെ പ്രിയനാട്
ആയിരം സംസ്കൃതി വിരിയും നാട്
"എല്ലാം തളിർക്കുന്നു പൂക്കുന്നു കായ്ക്കുന്നു
എല്ലാറ്റിനും വളക്കൂറുള്ള മണ്ണ്."

എന്റെ നാടെല്ലാറ്റിലും നല്ല നാട്
"ജാതിഭേദം മതദ്വേഷ-
മേതുമില്ലാതെ സോദരത്വേന"
വാഴും നല്ല മാനവരുള്ള നാട്.

എൻ മതം മാത്രം ശരിയെന്നു
ശഠിക്കും പുരോഹിതവർഗ്ഗത്തെ
വിശ്വസിക്കായ്ക നാമതല്ലെങ്കിൽ
മതാന്ധത തൻ വിഷം തീണ്ടിയശുദ്ധമാക്കും.

"ഒരൊറ്റ മതമുണ്ടുലകിന്നുയിരായ്"
സ്നേഹം, സ്നേഹം സ്നേഹമതൊന്നു മാത്രം
നമുക്കെന്നുമോർക്കാനതൊന്നു മാത്രം.
നമുക്കെന്നും പാടാനതൊന്നു മാത്രം.

നിറവ് 2017
ഇ&എസ് എറണാകുളം



# കൊയ്തൊഴിഞ്ഞ പാടം

അന്നും സൂര്യൻ രാവിലെ തന്നെ തന്റെ കർത്തവ്യം നിറവേറ്റാനെത്തി. ഒരിക്കലും വിരമിക്കേണ്ടാത്ത ജോലി. പതിവ് പോലെ ഉമ്മറത്ത് ഇളവെയിലും കൊണ്ട് വഴിപോക്കരെയും നോക്കി വെറുതേ ഇരിക്കുകയായിരുന്നു അയാൾ. അന്നന്നത്തെ ലക്ഷ്യങ്ങൾ നേടാനായി, വാഗ്ദാനങ്ങൾ പാലിക്കാനായി, എന്തിനൊക്കെയോ വേണ്ടി നീങ്ങുന്ന മനുഷ്യജന്മങ്ങൾ.

ജീവിതത്തിൽ തനിക്ക് വിധിക്കപ്പെട്ട എല്ലാ വേഷങ്ങളും നന്നായി ആടിത്തീർക്കാൻ കഴിഞ്ഞ ഒരു ജന്മമായിരുന്നു അയാളുടേത്. ഇപ്പോൾ കൂട്ടായി കുറേ ഓർമ്മകളും പിന്നെ കുറേ ഓർമ്മത്തെറ്റുകളും.

"എന്താ മാഷേ സുഖോക്കെയല്ലേ? പൊറത്തേയ്ക്കൊന്നും കാണാനില്ലല്ലോ. ഇപ്പോ എന്ത് ചെയ്യണൂ?" പരിചയമുള്ള സ്വരം.

"ഏയ് ഒന്നൂല്ല വെറുതെയിങ്ങനെ ഇരിക്കണു. പ്രായോക്കെ ആയില്ലേ."

നിറവ് 2017

ഇ&എസ് എറണാകുളം

"മക്കളൊക്കെ?"


"അവരൊക്കെ ഓരോരോ നെലേല് എത്തി." മറുപടിയിൽ നിറഞ്ഞ് നിന്നത് സംതൃപ്തിയുടെ നിറവ് മാത്രമല്ല ഏകാന്തതയുടെ വിങ്ങലും കൂടിയായിരുന്നെന്ന് കേൾവിക്കാരൻ മനസ്സിലാക്കിയില്ല.

"ഇനിയിപ്പോ എന്താ മാഷ്ക്ക് സമാധാനമായിട്ട് വിശ്രമിക്കാലോ."

"ങ്ഹാ... വിശ്രമം." ഒരു നീണ്ട വിശ്രമത്തിന്റെ മരവിപ്പിൽ അയാൾ ചാരുകസേരയിൽ പിന്നാക്കം ചാഞ്ഞിരുന്നു. അപ്പോൾ അയാളുടെ മുഖത്ത് വിരിഞ്ഞ ഭാവം നവരസങ്ങളിൽപ്പെടുന്നതായിരുന്നില്ല. ഇനിയുള്ളത് അണിയറയിൽ ആടിത്തീർക്കേണ്ട വേഷം. ഇവിടുത്തെ ഭാവം ശാന്തം മാത്രം. അരങ്ങിൽ ആടാൻ വേഷങ്ങളില്ലാത്ത അയാളുടെ കണ്ണുകൾ നോട്ടത്തിന്റെ പാതിവഴിയിൽ കുരുങ്ങിക്കിടന്നു.

Mrs. ബിനു കെ. കെ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്- II
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
മൂവാറ്റുപുഴ

നിറവ് 2017



# പറവകളുടെ പരിഹാസം

മുംതാസ്.P.A.
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR.I
കൊച്ചിതാലൂക്ക്

ആകാശത്തിലെ പറവകളെ നോക്കി പറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആശിക്കാത്തവർ ആരുണ്ട്? പക്ഷികൾ- ഒരു പക്ഷേ ഭൂമിയിൽ ഏറ്റവും കൂടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്ന ദൈവത്തിന്റെ സൃഷ്ടികൾ അവരായിരിക്കും. പറക്കാൻ കഴിയുന്നതാണ് അവരുടെ സ്വാതന്ത്ര്യം. എല്ലാമുണ്ടെന്നാൽ മനുഷ്യർക്ക് അത്കണ്ട് കഴിയാത്ത ഭൂമിയുടെ അന്തരീക്ഷപാളിയാണ് അവരുടെ സഞ്ചാരപഥം. പുകയാലും പൊടികളാലും മലിനമാക്കി താൻ അന്തരീക്ഷം കയ്യടക്കി എന്ന് അഹങ്കരിക്കാൻ മാത്രമേ മനുഷ്യന് കഴിഞ്ഞിട്ടുള്ളു. അതിനാൽ പറവകളുടെ സഞ്ചാരപഥം ഏറെക്കുറെ സുരക്ഷിതമാണ്. ഈ മനുഷ്യർക്ക് പറക്കാൻ കഴിവില്ല

നിറവ് 2017

ജലജീവികളല്ലെങ്കിലും വെള്ളത്തിൽ നീന്താനുള്ള കഴിവ് മനുഷ്യർക്കുണ്ട്. അതുപോലെ അവന്റെ പറക്കാനുള്ള കഴിവ് എവിടെപ്പോയി? ജലമെന്ന മാധ്യമത്തിലൂടെ നീന്താൻ കഴിയുന്ന മനുഷ്യർക്ക് വായു മാധ്യമത്തിലൂടെയുള്ള സഞ്ചാരം സാധ്യമല്ലേ? ഒരുതാങ്ങും കൂടാതെ വിമാനങ്ങൾ ആകാശത്ത് ഉയരുകയും സഞ്ചരിക്കുകയും ചെയ്യുന്നുണ്ടല്ലോ? എന്തെങ്കിലും ഒരു പ്രത്യേക മർദ്ദത്തിൽ മനുഷ്യർക്കും അന്തരീക്ഷത്തിൽ ഉയരുവാനും യഥേഷ്ടം സഞ്ചരിക്കുവാനും കഴിയുമായിരിക്കാം.

പറവകൾ ആരെയും കാക്കുന്നില്ല. അവർക്ക് ഒന്നിനെയും കാത്തുനിൽക്കേണ്ടതായും വരുന്നില്ല. ബസ്സോ, കാറോ മറ്റു വാഹനങ്ങളോ അവരെ വഹിക്കേണ്ടതുമില്ല. അവർ വിശ്രമരഹിതരായി ഒറ്റക്കോ കൂട്ടത്തോടെയോ ഒരിടത്തുനിന്നും മറ്റൊരിടത്തേയ്ക്ക് ചേക്കേറുന്നു. ഓടിക്കൊണ്ടിരിക്കുന്ന കപ്പലുകളിലും ബോട്ടുകളിലുമൊക്കെയുള്ള 'സേഫ് ലാന്റിംഗ്' വളരെ കുളിർമയുള്ള കാഴ്ചയാണ്.

മനുഷ്യൻ ചെറുവഞ്ചികൾ മുതൽ ആഡംബരകപ്പലുകൾ വരെ നിർമ്മിച്ചു. അത് അവന്റെ സാമൂഹിക സാമ്പത്തിക നിലയ്ക്കനുസരിച്ച് ഉപയോഗപ്പെടുത്താൻ കഴിയുന്നു. എന്നാൽ അന്തരീക്ഷയാത്രയ്ക്കുള്ള ചെറുവഞ്ചികൾ എവിടെ? സാധാരണ മനുഷ്യർക്ക് ജലാശയം ഉപയോഗപ്പെടുത്താൻ കഴിയുന്നതുപോലെ അന്തരീക്ഷസഞ്ചാരം സാധ്യമാണോ? കായലുകളും നദികളും കടന്നുപോകേണ്ടിവരുമ്പോൾ നീന്തിപ്പോകുന്നത് പ്രായോഗികമല്ലാത്ത അവസരത്തിൽ പറന്നുപോകാൻ കഴിഞ്ഞെങ്കിൽ അല്ലെങ്കിൽ, ജലാശയത്തിന്റെ മുകളിലൂടെ നടക്കാൻ കഴിഞ്ഞെങ്കിൽ എന്നെല്ലാം ചിന്തിക്കാറുണ്ട്.

പണ്ടുകാലങ്ങളിൽ വിളക്കിൽ മണ്ണെണ്ണ നിറയ്ക്കുന്ന ഓരോ സ്ത്രീയും ചിന്തിച്ചിട്ടുണ്ടാവണം ഒരു സ്വിച്ചിട്ടാൽ പ്രകാശം പരത്തുന്ന ഒരു ഉപകരണം ഉണ്ടായിരുന്നെങ്കിൽ എന്ന്. ആദ്യകാലങ്ങളിൽ ടെലിവിഷൻ ഉപയോഗിച്ചിരുന്നവർ ചിന്തിച്ചിട്ടുണ്ടാകാം ഇരിക്കുന്നിടത്തുനിന്ന് എഴുന്നേൽക്കാതെ ഈ ചാനലൊന്നു മാറ്റാൻ കഴിഞ്ഞെങ്കിൽ, അല്ലെങ്കിൽ ടി.വി. ഓഫ് ചെയ്യാൻ കഴിഞ്ഞെങ്കിൽ എന്ന്. മനുഷ്യന്റെ ഇത്തരം ആവശ്യങ്ങളെല്ലാം ഇന്ന് നിഷ്പ്രയാസം സാധ്യമാണ്.

താറാക്കൂട്ടങ്ങളെ, നിങ്ങൾക്ക് പറക്കാൻ ചിറകുകളുണ്ടല്ലോ? പറന്നുല്ലസിച്ചുകൂടെ? ഈ ചെളിവെള്ളത്തിൽ നീന്തിക്കളിക്കുന്നതിലും എത്രയോ രസകരമാണ് അത്. അരയന്നങ്ങളോട് നിങ്ങൾക്ക് അസൂയ തോന്നുന്നില്ലേ?

മനുഷ്യരുടെ കൈകൾ

നിറവ് 2017

ഇ&എസ് എറണാകുളം

തുഴയാണ്. നീന്താനുള്ള തുഴ. എന്നാൽ പറക്കാനുള്ള ചിറകും ഇതുതന്നെയല്ലേ? ഈ അന്തരീക്ഷ വായുവിന് എത്രയെത്ര വലിയ പക്ഷികളെയും എന്തിനേറെ ടൺ കണക്കിനു ഭാരമുള്ള വിമാനങ്ങളെയും താങ്ങിനിർത്താൻ കഴിയുന്നു. എന്തുകൊണ്ട് ഒരു മനുഷ്യന് അന്തരീക്ഷവായുവിൽ പൊങ്ങി നിൽക്കുവാൻ കഴിയുന്നില്ല. ആകാശവും ഭൂമിയും കയ്യടക്കിയ മനുഷ്യൻ അതിനിടയിലുള്ള ഭാഗത്തെ പേടിക്കുന്നതെന്തിന്?

സാധാരണക്കാരന് പ്രായോഗികമായൊരു ആകാശമാർഗ്ഗം കണ്ടെത്താൻ കഴിയണം. പക്ഷികളുടെ ശരീരത്തിലെ വായുഅറകളാണ് അവയെ പറക്കാൻ സഹായിക്കുന്ന ഘടകം. എങ്കിൽ നമുക്കെന്തുകൊണ്ട് ഇങ്ങനെയുള്ള വായുഅറകൾ ഉണ്ടാക്കി പറക്കാൻ ശ്രമിച്ചുകൂടാ. പറക്കുന്നതായി സ്വപ്നം കാണുന്നവരുണ്ട്. അവർ 'അൻഷിക്' ആയതുകൊണ്ടാണോ, അത്തരം സ്വപ്നങ്ങൾ അനുഭവപ്പെടുന്നത്. എന്തായാലും സാധാരണ മനുഷ്യന്റെ സ്വപ്നങ്ങളും യാഥാർത്ഥ്യമായിട്ടുണ്ട്. വേലികളും മതിലുകളുമില്ലാത്ത ഈ അന്തരീക്ഷ വിശാലനദിയിലൂടെ ആടിയുലഞ്ഞ് പറന്നുനടക്കാൻ എന്തുരസമായിരിക്കും.

അറിവിന്റെ അഗ്നിച്ചിറകുകൾ മുളച്ച ഡോ. അബ്ദുൾ കലാമിനെ നമുക്ക് അനുസ്മരിക്കാം. വിജയത്തിന്റെ ഉയരങ്ങളിലേയ്ക്ക് എത്താൻ അദ്ദേഹത്തിന് കൂട്ടായത് ഈ അഗ്നിച്ചിറകുകളായിരിക്കാം.

ആകാശത്തിന്റെ അതിരുകളില്ലാത്ത അനന്തതയിലേയ്ക്കു ഞാൻ എന്നായിരിക്കും കഴിയുക. പറവകൾ എത്ര ഭാഗ്യവാന്മാർ. ചീനവലകൾ പൊങ്ങുമ്പോൾ കാക്കകളും കൊക്കുകളും കൂട്ടത്തോടെ ഇറങ്ങി വലയിലെ മീനുമായി നിഷ്പ്രയാസം ഉയരുന്ന ദൃശ്യം അല്പം അസൂയയോടെയാണ് കണ്ടുനിൽക്കാൻ കഴിയുന്നത്. മാവിന്റെ എത്താക്കൊമ്പിലെ നല്ല പാകമായി കിടക്കുന്ന മാങ്ങയെ നോക്കി നിരാശയോടെ നിൽക്കുമ്പോഴതാ ഒരു കാക്കക്കുറുമ്പൻ അതിന്റെ മിനുസമേറിയ മാംസളഭാഗം കൂർത്ത ചുണ്ടുകൾ കൊണ്ട് കൊത്തി പറക്കുന്നു.

ചെമ്മീനുകളും ചെറുമീനുകളും വെള്ളത്തിനു മുകളിലേയ്ക്ക് പൊന്തിച്ചാടുന്ന കാഴ്ച വളരെ രസകരമാണ്. നല്ല വേലിയേറ്റ സമയത്താണ് ഇവ ഇങ്ങനെ ചെയ്യുന്നതെന്നു തോന്നുന്നു. അവയും മുകളിലേയ്ക്ക് പറക്കാൻ ശ്രമിക്കുകയാണോ? ആലിപ്പഴം പൊഴിയുമ്പോൾ മത്സ്യങ്ങളും മുകളിൽ നിന്ന് താഴേക്ക് പതിക്കുന്നതായി കേട്ടിട്ടുണ്ട്. ആ മത്സ്യങ്ങൾ എങ്ങനെ മുകളിലെത്തി? അവയ്ക്കും പറക്കാൻ കഴിഞ്ഞിട്ടുണ്ടോ?



mindi 2017
ഇ&എസ് എറണാകുളം

കുമോ?

ഹനുമാൻ സീതയെ രക്ഷിക്കാൻ ലങ്കയിലേയ്ക്ക് പറന്നു പോകുന്നു. അദ്ദേഹത്തിന് പറക്കുവാൻ കഴിയുമായിരുന്നു. ശരം തൊടുക്കുമ്പോൾ വില്ല് പുറകിലേയ്ക്ക് വലിയുന്നതിൽ നിന്ന് കിട്ടുന്ന ഊർജ്ജം ഉപയോഗിച്ച് അത് ഒരു നിശ്ചിതദൂരം സഞ്ചരിക്കുന്നു.

പണ്ടുകാലങ്ങളിൽ പുണ്യവാന്മാർ സാധാരണമനുഷ്യരുടെ കൂടെ ജീവിച്ചിരുന്നു. അവർക്ക് അമാനുഷിക ശക്തി ഉണ്ടായിരുന്നു. അവർ ഹജ്ജ് ദിനങ്ങളിൽ ഏതെങ്കിലും കടൽ തീരത്തു നിന്നോ മലമുകളിൽ നിന്നോ അപ്രത്യക്ഷരാകാറുണ്ട്. അവർ കാറ്റിനെ വാഹനമാക്കി സഞ്ചരിച്ചവർ. ആകാശത്തിലൂടെ അവർ മക്കാ മണലാരണ്യങ്ങളെ പ്രാപിക്കുകയും ഹജ്ജ് നിർവ്വഹിച്ച് തിരിച്ചെത്തുകയും ചെയ്തിരുന്നു. ദൈവത്തോടുള്ള നിരന്തരമായ പ്രാർത്ഥനയിലൂടെ സിദ്ധിച്ച കഴിവാണ് അവർ പ്രയോജനപ്പെടുത്തിയിരുന്നത്.

പറവകൾക്ക് മനുഷ്യരെ പുച്ഛമായിരിക്കാം. അവർ നമ്മെ നോക്കി പരിഹസിക്കുന്നുണ്ടാകാം. അവർ നമ്മെ നോക്കി പറയുന്നുണ്ടാകാം.


"അയ്യോ മനുഷ്യാ, നിനക്ക് ഞങ്ങളെപ്പോലെ അനായാസം സഞ്ചരിക്കുവാൻ കഴിയുന്നില്ലല്ലോ? ഞങ്ങളെ നോക്കൂ, ഈ അന്തരീക്ഷവും അതിന്റെ അനന്തമായ ആകാശവും കീഴടക്കി അതിരുകളും വരമ്പുകളും ഇല്ലാതെ മുന്നേറുന്നു."

ഷിംനാസ് കൊച്ചി



നിറവ് 2017

ഇ&എസ് എറണാകുളം



നിറവ് 2017

നിറവ് 2017

ലേഖനം

# പ്രണാമം

വി.വി. സുകുമാരൻ
അഡീ. ജില്ലാ ഓഫീസർ
എറണാകുളം

ഞാൻ കുട്ടിക്കാലത്ത് കേട്ട ലൈഫ് ബോയ് സോപ്പിന്റെ പരസ്യം എന്റെ മനസ്സിലേയ്ക്ക് ഈയവസരത്തിൽ കടന്നുവരികയാണ്. 'എവിടെയുണ്ട് ആരോഗ്യം അവിടെയുണ്ട് ലൈഫ് ബോയ്' സമാനമായി 'എവിടെയുണ്ട് ആസൂത്രണം അവിടെയുണ്ട് സ്ഥിതിവിവരക്കണക്ക്'. ഇത് ഒരു പരസ്യമല്ല, കാലഘട്ടം നമുക്ക് തരുന്ന തിരിച്ചറിവാണ്. ഒരു നാടിന്റെ പുരോഗതിയും അവിടുത്തെ ജനങ്ങളുടെ ക്ഷേമവും കുടിയിരിക്കുന്നത് ഭരണാധികാരികളുടെ ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിലാണ്. ആസൂത്രണം ഇല്ലാത്ത വികസനം ഒരു പാഴ്‌വേലയാണെന്ന യാഥാർത്ഥ്യം നമ്മൾ വിസ്മരിച്ചുകൂടാ. നമ്മുടെ വ്യക്തിജീവിതത്തിലായാലും ഈ യാഥാർത്ഥ്യം ഏറെ പ്രസക്തമാണ്.

സ്ഥിതിവിവരക്കണക്കിന്റെ പ്രസക്തി ലോകത്തിലെ ചെറുതും വലുതുമായ രാജ്യങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് നോക്കിക്കാണുന്നത്. മിക്ക രാജ്യങ്ങളിലും സ്വതന്ത്ര ചുമതലയോടു കൂടി പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് അവിടത്തെ ഭരണാധികാരികൾ നടപ്പാക്കിയ പദ്ധതിപ്രവർത്തനങ്ങളുടെയും ജനക്ഷേമപ്രവർത്തനങ്ങളുടെയും നേട്ടങ്ങൾ രാജ്യത്തിനും ജനങ്ങൾക്കും എത്രമാത്രം 'ഗുണകരമായിട്ടുണ്ട്' എന്ന രീതിയിലുള്ള സുപ്രധാനമായ വിലയിരുത്തലുകൾ നടത്തപ്പെടുന്നു. അതോടൊപ്പം തെരഞ്ഞെടുപ്പ് പ്രക്രിയയിലേക്ക് രാജ്യങ്ങൾ പോകുമ്പോൾ ദൃശ്യമാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും ജനങ്ങൾ ഉറ്റുനോക്കുന്നത് അവിടുത്തെ ഇലക്ഷൻ സർവ്വേയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ ഏജൻസി

ഇ&എസ് എറണാകുളം

കളുടെ എക്സിറ്റ് പോൾ റിപ്പോർട്ടുകളും പ്രീപോൾ റിപ്പോർട്ടുകളുമാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് സ്റ്റാറ്റിസ്റ്റിക്സിന്റെ പ്രാധാന്യത്തെപ്പറ്റിയാണ്. ഈ പ്രാധാന്യം നമ്മുടെ രാജ്യത്തിനും സർവ്വോപരി ലോകത്തിനു മുന്നിലും കാട്ടിക്കൊടുത്ത തേജസ്വിയും ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവും അതോടൊപ്പം തന്നെ ഇന്ത്യൻ ബഡ്ജറ്റിന്റെ പിതാവും ശാസ്ത്രജ്ഞനുമായ പ്രശാന്ത ചന്ദ്ര മഹാലനോബിസിന്റെ ഓർമ്മമണ്ഡലത്തി-ലേക്ക് ഒന്നു കണ്ണോടിക്കുകയാണ്

1893 ജൂൺ 29-ന് കൽക്കട്ടയിലെ 210 കോൺവാലിസ് സ്ട്രീറ്റിൽ സാമൂഹ്യ പരിഷ്കർത്താക്കളുടെയും ബുദ്ധിജീവികളുടെയും വിദ്യാഭ്യാസ വിചക്ഷണന്മാരുടെയും ധന്യമായ ഒരു കുടുംബ പശ്ചാത്തലത്തിലാണ് പ്ര. മഹാലനോബി-സിന്റെ ജനനം. കൽക്കട്ടയിലെ ബ്രഹ്മോസ് സ്കൂളിലെ പഠനത്തിനുശേഷം 1908-ൽ കൽക്കട്ടയിലെ പ്രശസ്തമായ പ്രസിഡൻസി കോളേജിൽ ചേരുകയും അവിടെ നിന്ന് ഭൗതിക ശാസ്ത്രത്തിൽ ഓണേഴ്സോടു കൂടി ബിരുദമെടു-ക്കുകയും ചെയ്തു. 1913-ൽ ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേയ്ക്ക് പോവുകയും കാംബ്രിഡ്ജിലുള്ള കിംഗ്സ് കോളേജിൽ ചേർന്ന് പഠനം ആരംഭിക്കുകയും ചെയ്തു. പഠനകാലയളവിൽ ഗണിത ശാസ്ത്രപ്രതിഭയായ ശ്രീനിവാസ രാമാനുജനുമായി ബന്ധപ്പെടുകയും ആശയങ്ങൾ പങ്കു വെക്കുകയും ചെയ്തു. തുടർന്ന് കോളേജിലെ സഹപ്രവർത്തകനായ സി. ടി. ആർ. വിൽസണിനോടൊപ്പം കാവന്റിഷ് (Cavandish) ലബോറട്ടറിയിൽ ഗവേഷണ പ്രവർത്തനം നടത്തുകയും ചെയ്തു. ഒരു ചെറിയ ഇടവേള-യിൽ ജന്മനാട്ടിലേയ്ക്ക് തിരിച്ചു വരികയും അദ്ദേഹം പഠിച്ച പ്രസിഡൻസി കോളേജിൽ പ്രിൻസിപ്പാളായി അധികാരമേൽക്കുകയും അതോടൊപ്പം അദ്ദേഹം ഭൗതിക ശാസ്ത്രത്തിൽ വിദ്യാർത്ഥികൾ ക്ലാസ്സെടുക്കുകയും

നിറവ് 2017

ഇ&എസ് എറണാകുളം

ചെയ്തു. ഏറെ താമസിയാതെ ലണ്ടനിലേക്ക് തിരിച്ചു പോവുകയും കാൾ പിയേഴ്സണിന്റെ 'ബയോമെട്രിക്ക' എന്ന ശാസ്ത്രമാസികയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുകയും അടുത്ത പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാസികയുടെ ഉള്ളടക്കങ്ങളിൽ ഏറെ ആകൃഷ്ട-നായ മഹാലനോബിസ് അതിന്റെ സമ്പൂർണ പതിപ്പുമായി ഇന്ത്യയിലേക്ക് തിരികെ വരികയും സ്ഥിതി വിവരക്കണ-ക്കണക്കിന്റെ അനന്ത സാധ്യതകൾ അന്തരീക്ഷ വിജ്ഞാ-നീയത്തിലും നരവംശ ശാസ്ത്രത്തിലും ഉപയോഗപ്പെടു-ത്തുവാൻ കഴിയുമെന്ന് മനസ്സിലാക്കുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ കൂടുതൽ ശ്രദ്ധ കൊടു-ക്കുകയുമുണ്ടായി.


1920-ൽ നാഗപൂരിൽ വെച്ച് ചേർന്ന ഇന്ത്യൻ സയൻസ് കോൺഗ്രസിൽ വച്ച് സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മേധാവിയായ നെൽസൺ അൻഡേയ്ലുമായി പരിചയപ്പെടുകയും നരവംശ ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ഈ ചർച്ചയാണ് മഹാലനോബിസിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് ഏറെ മുതൽക്കൂട്ടായത്. ചർച്ചയുടെ അടിസ്ഥാനത്തിൽ കൽക്കത്തയിലെ ആംഗ്ലോ ഇന്ത്യൻ വംശജരെപ്പറ്റി പഠിക്കുവാൻ നെൽസൺ അൻഡേൽ ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പഠനങ്ങൾ ദ്രുതഗതിയി-ലാരംഭിക്കുകയും ചെയ്തു. ഒരു *Mahalanobis Distance measure* ലൂടെ ജനസംഖ്യയെ താരതമ്യം ചെയ്യുന്നതിനും വർഗ്ഗീകരിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ എത്തിച്ചേ-രുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു 'വൈവിധ്യാന്തര ഏകകം' ഉപയോഗിച്ചുള്ള രീതി കണ്ടു പിടിക്കുകയും ചെയ്തു. ഈ രീതിയാണ് 'മഹാലനോബിസ് അന്തരം' എന്ന പേരിൽ അറിയപ്പെടുന്നത്. ഈ വിഷയത്തെ അധികരിച്ചാണ് 1922-ൽ മഹാലനോബിസ്

നിറവ് 2017

ഇ&എസ് എറണാകുളം

അദ്ദേഹത്തിന്റെ ആദ്യത്തെ ശാസ്ത്രപ്രബന്ധം അവതരിച്ചത്. ഈ രംഗത്തെ ശ്രദ്ധേയമായ പ്രവർത്തനമായിരുന്നു ഇത്.

പ്രസിഡൻസി കോളേജിലെ അദ്ധ്യാപന കാലത്താണ് മഹാലനോബിസ് തന്റെ സ്ഥിതി വിവര പഠനങ്ങൾ ആരംഭിക്കുന്നത്. കോളേജിലെ സഹപ്രവർത്തകരോടൊപ്പം ഇദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ യോഗം കൂടുകയും ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണത്തിന് നാന്ദി കുറിക്കുകയും ചെയ്തു. 1932-ൽ ഏപ്രിൽ 28-ാം തീയതി



നിറവ് 2017
ഇ&എസ് എറണാകുളം

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയും 1938 ഓടു കൂടി ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണ സജ്ജമാകുകയും പരിശീലനവിഭാഗം ആരംഭിക്കുകയും ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ വളർച്ചയിൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സെക്രട്ടറി പീതാംബര പന്തിന്റെ അകമഴിഞ്ഞ പിന്തുണ ഏറെ വിലപ്പെട്ടതായിരുന്നു. മഹാലനോബിസിന്റെ ക്ഷണപ്രകാരം പ്രമുഖ ശാസ്ത്രജ്ഞനായ ജെ. ബി. എസ് ഹാൽഡൺ 1957 മുതൽ 1961 വരെ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് പ്രൊഫസറായി സേവനം അനുഷ്ഠിച്ചിരുന്നു. ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ ഒരു കുതിച്ചുചാട്ടത്തിനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹം ഈ കാലയളവിൽ നടത്തിയത്. 1959 ൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു കല്പിത സർവ്വകലാശാലയായി അംഗീകരിക്കുകയും ദേശീയപ്രാധാന്യമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദവിയിലേക്ക് ഉയർത്തുകയും ചെയ്തു 1933 ൽ കാൾപിയേഴ്സന്റെ 'ബയോമെട്രിക്ക'ക്ക് സമാനമായി 'സാംഖ്യ' എന്ന ശാസ്ത്രമാസികയ്ക്ക് രൂപം കൊടുക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

മഹാലനോബിസിന്റെ ഏററവും പ്രധാനപ്പെട്ടതും വലുതുമായ സാമ്പിൾ സർവ്വെകളിൽ കാലാവസ്ഥാ നിരീക്ഷണം, ജനസംഖ്യാ പഠനങ്ങൾ, വെള്ളപ്പൊക്ക നിയന്ത്രണം എന്നിവയെല്ലാം പ്രതിപാദ്യവിഷയങ്ങളായിരുന്നു. 1937 ൽ 1944 വരെയുള്ള കാലയളവിൽ മനുഷ്യന്റെ ദൈനംദിന ശീലങ്ങളുമായി ബന്ധപ്പെട്ട്, ഉദാഹരണത്തിന് ചായകുടി ശീലങ്ങൾ, പൊതുജനാഭിപ്രായം, ഉപഭോക്തൃ ചെലവുകൾ എന്നിവയെപ്പറ്റിയും കൃഷിവിസ്തൃതി, സസ്യരോഗങ്ങൾ തുടങ്ങിയവയെപ്പറ്റിയും സാമ്പിൾ സർവ്വേകൾ നടത്തിയിരുന്നു. ഇന്ത്യൻ കാർഷികരംഗത്ത് ഒരു നൂതന വിപ്ലവത്തിന് തുടക്കം കുറിച്ചുകൊണ്ട് വിളപരീക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് തുടക്കം കുറിക്കുവാനും സാധിച്ചു. ഇന്ത്യയിലെ പ്രമുഖ കാർഷിക ഗവേഷണ സ്ഥാപനങ്ങളായ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് ലെയും ഇന്ത്യൻ അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെയുംസഹപ്രവർത്തകരുമായി പ്രവർത്തിക്കുകയും ആദ്യമായി നാലടി വ്യാസം വരുന്ന വൃത്തത്തിൽ വിളപരീക്ഷണം നടത്തുന്നതിനുള്ള ഒരു ഫ്രെയിം രൂപപ്പെടുത്തുകയും ചെയ്തു.

വികസിത രാജ്യമായ അമേരിക്കയിലോ അനുബന്ധ രാജ്യങ്ങളിലോ മഹാലനോബിസ് ഇന്ത്യയിൽ നടപ്പാക്കിയത് പോലെയുള്ള മഹത്തായ സർവ്വെകളുമായി ബന്ധപ്പെട്ട ഒരു കൃത്യതയാർന്ന താരതമ്യപഠനം കാ-

നിറവ് 2017

ഞാൻ സാധിച്ചിട്ടില്ലായെന്ന് പ്രമുഖ അമേരിക്കൻ ശാസ്ത്രജ്ഞനായ ഹറോൾഡ് ഹോട്ടലിംഗ് ചൂണ്ടിക്കാട്ടിയിരുന്നു. ശാസ്ത്രജ്ഞന്റെ ഈ മഹത്തായ വാക്കുകൾ ഈ രംഗത്ത് മഹാലനോബിസ് നൽകിയ സംഭാവനകൾ ലോകം എത്ര അൽഭുതത്തോടെയാണ് നോക്കിക്കാണുന്നതെന്ന് വ്യക്തമാക്കുന്നു. രാജ്യത്തെ വളർച്ചയിലേക്കും പുരോഗതിയിലേക്കും കൈ പിടിച്ചുയർത്തുന്നതിൽ മഹാലനോബിസിന്റെ പങ്ക് വളരെ വിലപ്പെട്ടതായിരുന്നു. 1950ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു രാജ്യത്തിന്റെ നാനാവിധത്തിലുള്ള പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് പ്ലാനിംഗ് കമ്മീഷന് തുടക്കം കുറിക്കുകയുണ്ടായി. രണ്ടാം പ്ലാനിംഗ് കമ്മീഷനിൽ അംഗമായ മഹാലനോബിസ് ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. 'മഹാലനോബിസ് മോഡൽ' എന്ന പേരിൽ പ്രൈവറ്റ് - പബ്ലിക് പങ്കാളിത്തത്തോടുകൂടി അദ്ദേഹത്തിന്റെ ലക്ഷ്യം അനായാസം സഫലീകരിക്കുകയുണ്ടായി.

ശാസ്ത്ര രംഗത്തും സാംസ്കാരികരംഗത്തും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. രവീന്ദ്രനാഥ ടാഗോറിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ടാഗോറിന്റെ തന്നെ വിശ്വഭാരതി സർവ്വകലാശാലയിൽ അധ്യാപകനായി പ്രവർത്തിക്കുകയും ചെയ്തു. ശാസ്ത്ര- സാമൂഹിക രംഗത്ത് അദ്ദേഹം നൽകിയ മഹത്തായ സംഭാവനകൾ പരിഗണിച്ചുകൊണ്ട് 1968 ൽ രാജ്യത്തിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ പത്മവിഭൂഷൺ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. ഇതുകൂടാതെ പതിനൊന്നോളം പരമോന്നത ബഹുമതികളും ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് അദ്ദേഹത്തെ തേടിയെത്തി. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വെൽഡൺ പ്രൈസ് - ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, ഫെലോ ഓഫ് റോയൽ സൊസൈറ്റി- ലണ്ടൻ തുടങ്ങിയവയാണ്.

കേന്ദ്ര ഗവൺമെന്റിന്റെ സ്റ്റാറ്റിസ്റ്റിക്കൽ ഉപദേഷ്ടാവായും അതോടൊപ്പം ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെക്രട്ടറിയും ഡയറക്ടറുമായി പ്രവർത്തിച്ചു കൊണ്ടിരിക്കേയാണ് 1972 ജൂൺ 28 ന് അതായത് 79 വയസ്സ് പൂർത്തീകരിക്കുന്നതിന് ഒരു ദിവസം മുമ്പേ മഹാലനോബിസ് ഈ ലോകത്തോട് വിട പറയുന്നത്. അദ്ദേഹത്തിന്റെ ജൻമദിനമായ ജൂൺ 29 ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ദിനമായി കേന്ദ്ര ഗവൺമെന്റ് 2006 മുതൽ ഔദ്യോഗികമായി ആഘോഷിച്ചു വരുന്നു. നമ്മുടെ രാജ്യത്തിനും

നിറവ് 2017

ഇ&എസ് എറണാകുളം

അതോടൊപ്പം ലോകരാജ്യങ്ങളുടെ സമഗ്രവികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും സ്ഥിതിവിവരക്കണക്കിന്റെ അനന്തസാധ്യതകൾ പ്രാപ്തമാക്കിക്കൊടുത്ത ആ മഹാനുഭാവന്റെ പാവനസ്മരണയ്ക്കു മുന്നിൽ പ്രണാമം.

നിറവ് 2017

ഇ&എസ് എറണാകുളം



Jaswin Sunny.
S/o Sunny Paulose
Statistical Investigator Grade-I
Taluk Statistical Office

നിറവ് 2017
ഇ&എസ് എറണാകുളം

കവിത

# കണ്ണീർമഴ

അനന്തകൃഷ്ണൻ.C.R
S/O C.N. രാധാകൃഷ്ണൻ, TSO

ഭൂമിയാം പുത്രനെ തഴുകിയുണർത്തിടും
അമ്മയാം വാനമേ പുണ്യവതി
പുത്രനെ ഓർത്തു നീ വാർത്തിടും കണ്ണുനീർ
മഴപോലെ അവനിൽ കുതിർന്നുവെന്നോ

അമ്മയായ് പിറവിയെടുത്തൊരുനാൾ മുതൽ
കണ്ണുനീർ മാത്രം ഒഴുക്കിയെന്നോ
അറിയുന്നുവോ അവൻ അകലുന്നുവോ
നിന്റെ ദുഃഖങ്ങളിനിയുമവൻ കാണ്മതില്ലേ

അമ്മയാം വാനമേ കരയല്ലേ ഒരു നാളിൽ
പുത്രനാം ഭൂമിയും നന്നായിടും

സൗഹൃദപുകയിൽ എരിഞ്ഞിടും തൻ തനു
കാട്ടുതീയായ് സ്വയം തീരുന്നുവോ
സ്വാദൊന്നറിഞ്ഞിടാൻ നുണയുന്ന പേണയങ്ങൾ
കരളിന്റെ ഉള്ളും കവരുന്നുവോ

നിൻ മകനുള്ളിൽ എരിഞ്ഞിടും കലഹങ്ങൾ
വല്ലാതെ നിന്നെ അലട്ടുന്നുവോ
സംഘർഷഭരിതമാം അവനുടെ ഉള്ളിൽ
അക്രമവാസന വിശ്രമില്ല.



നിറവ് 2017
ഇ&എസ് എറണാകുളം

സ്വേച്ഛയായില്ലാതെയാകുവാനും
മറ്റൊരുവനെയില്ലായ്മ ചെയ്യുവാനും
ഭൂമി പരതി പിടിച്ചൊരു മാർഗ്ഗമോ
ഹത്യകൾ ഹിംസകൾ മതത്തിനായി.

അമ്മയെ വാനമേ കരയല്ലേ ഒരുനാളിൽ
പുത്രനാം ഭൂമിയും നന്നായിടും

പ്രേമത്തിനായവൻ അലഞ്ഞിടുമ്പോൾ
മാതൃസ്നേഹം പുത്രൻ അറിവതില്ലേ
വാനമേ നിൻ സ്നേഹം കണ്ടിടാതെ
കാമിനിക്കായ് ഭൂമി ചുറ്റുന്നുവോ

പ്രേമത്തിനപ്പുറം മോഹങ്ങൾ പുത്രനിൽ
നാരിതൻ മേനിക്കുവേണ്ടിയെന്നോ
അറിയുവാൻ കാണുവാൻ വേണ്ടാത്ത കാര്യങ്ങൾ
അവനുടെ കരത്താൽ നടന്നുവെന്നോ

മറ്റൊരു പെണ്ണിന്റെ കണ്ണുനീർ കൂടിയും
ശാപമായ് അവനിൽ കുതിർന്നുവെന്നോ
രോഗത്തിൻ വൈകൃത സങ്കൽപവും ചേർത്ത്
മറ്റൊന്നിനായവൻ പായുന്നുവോ

അമ്മയേ വാനമേ കരയല്ലേ ഒരുനാളിൽ
പുത്രനാം ഭൂമിയും നന്നായിടും



നിറവ് 2017
ഇ&എസ് എറണാകുളം

പാപത്താൽ ശാപമവനേൽക്കുമ്പോഴും
അമ്മയോ തെറ്റുകൾ പൊറുത്തിടുന്നു
ഭൂമിയോ തെറ്റുകൾ ചെയ്യുന്ന നേരമോ
വാനമോ മഴയായ് കരഞ്ഞിടുന്നു.


അമ്മയാം വാനത്തിൻ കണ്ണുനീർ കാണാതെ
പുത്രനാം ഭൂമിയോ തോന്ന്യാസിയായ്
എന്തിനോ വേണ്ടിയവൻ വട്ടം കറങ്ങുന്നു.
വെട്ടിപ്പിടിക്കുവാൻ കിഴടക്കാൻ

സന്താനനിർഭാഗ്യജ്വാലയിൽ അമ്മയോ
മേഘമുരുകുന്നപോൽ കരഞ്ഞിടവേ
മാതൃസ്നേഹം കണ്ടതില്ലെന്ന ഭാവമായ്
തനുജനാം ഭൂമി സ്വയം നശിക്കുന്നുവോ

അമ്മയെ വാനമേ മഴയായ് കരയല്ലേ
നിൻ മൃത്യുവാൽ ഭൂപുത്രനും നന്നായിടും

നിറവ് 2017

ഇ&എസ് എറണാകുളം


2017

ലേഖനം

# ഇരിങ്ങോൾ കാവ്

P.B. രജികുമാർ
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR. I.
കുന്നത്തുനാട് താലൂക്ക്

## ജൈവ വൈവിധ്യത്തിന്റെ കലവറ

കാവും കാട്ടും തീണ്ടല്ലേ...... നാട് മുടിയും , കാവ് തീണ്ടല്ലേ , കുടിവെള്ളം മുട്ടും ... എന്ന് വിലക്കിയിരുന്ന ഒരു തലമുറ അന്യം നിന്നു പോവുന്ന കാലം, കാവുകളും കുളങ്ങളും അപ്രത്യക്ഷമാവുന്നതിന്റെ ഭവിഷ്യത്ത് നാം പതുക്കെ തിരിച്ചറിയുന്ന സമയം. നമ്മൾ ലംഘിക്കാത്ത ചില വിലക്കുകളുടെ ശക്തി കൊണ്ടാവണം മനുഷ്യനും പ്രകൃതിയും തമ്മിൽ ഉറ്റ ബന്ധം കുറച്ചെങ്കിലും നിലനിൽക്കുന്നത്. ആചരിച്ചു പോകുന്ന ചില വിശ്വാസങ്ങളുടെ നിഴൽ പറ്റിയാവണം പ്രത്യാശയുടെ ചില പച്ചതുരുത്തുകൾ അവശേഷിക്കുന്നത്. അതിന് തെളിവാണ് ഇരിങ്ങോൾ കാവ്.

പ്രാക്തന ദ്രാവിഡ സംസ്കാരത്തിന്റെ ബാക്കിപത്രങ്ങളാണ് കാവുകൾ. കാവുകൾ തന്നെയാവാം പിന്നീട് കോവിലുകളായി പരിണമിച്ചത്. ഈ പ്രകൃതി തന്നെയാണ് മനുഷ്യന് എല്ലാം നൽകുന്നതെന്നും അതിനാൽ അവൾ ആരാധ്യയാണെന്നും പുരാതന മനുഷ്യൻ ധരിച്ചിരുന്നു പ്രകൃതിയെ സ്നേഹിച്ചുകൊണ്ടവൻ ഭക്ത്യാരാധനയോടെ അവളെ വീക്ഷിച്ചിരുന്നു. അത് കൊണ്ടാകാം പിന്നീട് നാം ഒരു മരം മുറിക്കുമ്പോൾ പോലും പ്രകൃതി ദേവിയോട് അനുവാദം ചോദിക്കുന്ന മന്ത്രങ്ങൾ ഉരുവിട്ടത്. പിന്നീടതെല്ലാം അന്ധവിശ്വാസങ്ങളായി പരിണമിച്ചു. തത്വദീക്ഷയില്ലാതെ എല്ലാം മുറിച്ചുമാറ്റി കാടുകളും പുഴകളും കൈയ്യേറി ഇന്ന് എല്ലാം വികൃതമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

പ്രകൃതിയെ തന്നെ ദേവത സങ്കല്പത്തിൽ ആരാധിച്ചു വരുന്ന വനക്ഷേത്രം. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങോൾ ഭഗവതി ക്ഷേത്രം

നിറവ് 2017

ഏതാണ്ട് 40 ഏക്കറോളം വരുന്ന പൂങ്കാവനം. ലോകത്ത് വൃക്ഷങ്ങളെ ഉപദേവതകളായി സങ്കല്പിച്ച് ആരാധിക്കുന്ന ഒരേ ഒരു ക്ഷേത്രം. ഈ വിശ്വാസം ഒന്ന് കൊണ്ടുമാത്രം ഇവിടെ നിന്ന് ഒരു ചുള്ളിക്കമ്പ് പോലും ആരും ഒടിക്കാറില്ല.

കടുത്ത വേനലിലും പച്ചപ്പിന്റെ ശീതളിമയും ജലസമ്പത്തും നിറഞ്ഞു നിൽക്കുന്ന ഒരു പൂങ്കാവനമാണിവിടെ. പുറത്തു വെയിൽ കത്തികയറുമ്പോഴും കാവിനുള്ളിലെ സുഖശീതളിമ ശരീരത്തെ മാത്രമല്ല മനസ്സിനെയും തണുപ്പിക്കുന്നു. വനം ഒരു വരമാണെന്ന തിരിച്ചറിവിന്റെ വിശാലത നമുക്ക് അനുഭവിച്ചറിയാം. 150 ൽ പരം ഔഷധ സസ്യങ്ങളും അതിലേറെ പക്ഷികളും നമുക്ക് ഇവിടെ കാണാം. സർക്കാരിന്റെ കണക്കിൽ ജൈവവൈവിധ്യത്തിന്റെ കേരളത്തിലെ ആദ്യ സ്ഥലം ഇരിങ്ങോൾ കാവ് ആണ്.

കാട്ട് കുരുമുളക്, കാട്ട് ജാതി, കാട്ട് തിപ്പലി തുടങ്ങിയ ഒട്ടനവധി പച്ചമരുന്നുകളുടെ കലവറയാണിവിടം. അതുകൊണ്ട് തന്നെ ഇവിടുത്തെ വായുവിന് പോലും അസുഖങ്ങളെ അകറ്റി നിർത്താനുള്ള കഴിവുണ്ട്. ക്ഷേത്രത്തിലെ വെള്ളത്തിൽ ഈ സസ്യങ്ങളുടെ ഇലയും വേരും വീഴുന്നതുകൊണ്ട് ത്വക്ക് രോഗങ്ങൾക്കും, ചെങ്കണ്ണ് പോലുള്ള അസുഖങ്ങൾക്കും ഇവിടെ സ്നാനം ചെയ്യുന്നത് ഉത്തമമാണെന്ന് വിശ്വസിക്കുന്നു.

ജലം കിട്ടാക്കനിയായ ഈ കാലത്ത് എന്നും നിറഞ്ഞ ജലാശയവും കിണറുകളും നമുക്ക് ആഹ്ലാദത്തോടൊപ്പം ഒരു ചെറിയ വിചിന്തനത്തിന് ഇടനൽകുന്നില്ലേ. ഒടിഞ്ഞു നിൽക്കുന്ന മരച്ചില്ലകൾ പോലും ഉപയോഗിക്കില്ലെന്ന പ്രത്യയ ശാസ്ത്രം മരം വെട്ടിനശിപ്പിക്കാനുള്ള മനുഷ്യന്റെ അസുരപ്രവണതയ്ക്ക് നേരെയുള്ള വിശ്വാസപരമായ വാദോങ്ങളാകുന്നില്ലേ ?

നിറവ് 2017
ഇ&എസ് എറണാകുളം

ഇനി അൽപം ഐതിഹ്യം :

ദ്വാപരയുഗത്തിലെ കൃഷ്ണാവതാരകാലം, തന്റെ സഹോദരിയുടെ എട്ടാമത്തെ പുത്രൻ തന്നെ വധിക്കും എന്നറിഞ്ഞ കംസൻ സഹോദരിയായ ദേവകിയെയും ഭർത്താവ് വസുദേവനെയും കാരാഗൃഹത്തിൽ അടച്ചു. തുടർന്ന് ദേവകി എട്ടാമതും പ്രസവിച്ചു. അഷ്ടമൻ പുത്രനല്ലെന്ന് അറിഞ്ഞിട്ടും ആ പെൺകുഞ്ഞിനെ ആകാശത്തിലേക്കെറിഞ്ഞു. സൂര്യ തേജസ്സാർന്ന ആ കുഞ്ഞ് ആകാശത്ത് ദേവി രൂപത്തിൽ ജ്വലിച്ചുയർന്നു. ഈ പ്രകാശം ഭൂമിയിൽ ആദ്യം സ്പർശിച്ച സ്ഥലത്ത് ദേവി ഇരുന്നരുളിയെന്നും അങ്ങനെ "ഇരിക്കുന്നാൾ" എന്നറിയപ്പെടുന്ന 'ഇരിങ്ങോൾ' എന്നായി മാറിയെന്നും സ്ഥലനാമ ചരിത്രം.

ദേവിയെ ത്രിദേവതാ സങ്കൽപത്തിൽ ആരാധിച്ചു വരുന്നു. ഉഷപൂജയ്ക്ക് സരസ്വതിയും, ഉച്ചപൂജയ്ക്ക് വനദുർഗ്ഗയും അത്താഴപൂജയ്ക്ക് ഭദ്രകാളിയായും ദേവിയെ പൂജിച്ചുവരുന്നു. കലകളുടെയും അക്ഷരത്തിന്റെയും ദേവതയായ സരസ്വതി സങ്കൽപം ഉള്ളതിനാൽ നവരാത്രി ആഘോഷങ്ങൾ വളരെ കേമമായി തന്നെ നടത്തിവരുന്നു. സംഗീതത്തിന്റെ കുലപതിയായ ദക്ഷിണാമൂർത്തി സ്വാമി നവരാത്രി സംഗീതോത്സവം ഉദ്ഘാടനം ചെയ്യുകയും സംഗീത കച്ചേരി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പെരുമ്പാവൂർ ജി. രവീന്ദ്രനാഥ്, സുരേഷ് ഗോപി, വിദ്യാധരൻ മാസ്റ്റർ, എം. ജയചന്ദ്രൻ തുടങ്ങി ഒട്ടേറെ പേർ നവരാത്രി സംഗീതോത്സവത്തിൽ പങ്കെടുത്തിട്ടുണ്ട്. കുരുന്നു നാവുകളിൽ അറിവിന്റെ ആദ്യാക്ഷരം കുറിക്കുന്നതിന് ഒത്തിരി ഭക്തർ കുട്ടികളുമായി വിജയദശമി നാളിൽ ഇവിടെ എത്തുന്നു. കേരളത്തിന്റെ വിവിധ കോണുകളിൽ നിന്നും ആളുകൾ സംഗീതാർച്ചനയിൽ പങ്കെടുക്കാനും ഇവിടെ എത്തുന്നു. ഒൻപത് രാത്രികളിലും സംഗീത നൃത്ത പരിപാടികൾ അരങ്ങേറുന്നു.

നിറവ് 2017


ഇ&എസ് എറണാകുളം

മീനമാസത്തിലെ പൂരമാണ് ക്ഷേത്രത്തിലെ ഉത്സവം. രോഹിണി നാളിൽ കൊടികയറി പൂരം കഴിഞ്ഞ് ആറാട്ടോടെ ഉത്സവം കൊടിയിറങ്ങും. മേളത്തിന് പ്രാധാന്യമുള്ള ക്ഷേത്രത്തിൽ പിടിയാനയെ മാത്രമാണ് എഴുന്നള്ളിക്കാറ്. മകരം മുപ്പതിന് നടത്തിവരാറുള്ള 'വിത്തിടൽ' കാവിലെ ആചാരപരമായ മറ്റൊരു ചടങ്ങാണ്. ദേവി ചൈതന്യം കല്ലിൽ ദർശിച്ച പുലയ സമുദായത്തിലുള്ള സ്ത്രീയുടെ പിൻതലമുറക്കാരാണ് ഈ ചടങ്ങ് നടത്തിവരുന്നത്. മകരം മുപ്പതിന് ഉച്ചപൂജയ്ക്ക് ശേഷം മുടി തുള്ളലും, തുടികൊട്ടും പാട്ടുമായി കിഴക്കേനടയിൽ ഇവർ എത്തുന്നു. ദേവിക്ക് ചൂടാൻ ഓലക്കുടയും, ഒരുകെട്ട് കറ്റയും, നെൽപറയും ദേവിയുടെ നടയിൽ സമർപ്പിക്കുന്നു. ക്ഷേത്രഭാരവാഹികൾ ഇവരെ പൊന്നാടയണിയിച്ച് സ്വീകരിക്കുന്നു. ക്ഷേത്രത്തിൽ നിന്നും കൊടുക്കുന്ന എണ്ണയും വെള്ള നേദ്യവും ഇവർ വീടുകളിൽ കൊണ്ടുപോയി മാറാരോഗങ്ങൾക്കുള്ള ഔഷധമായി ഉപയോഗിക്കുന്നു. ഈ ചടങ്ങുകൾ ഒന്നു കാണേണ്ടത് തന്നെയാണ്. തുടികൊട്ടി നാടൻ പാട്ടുകൾക്കൊപ്പം ചുവടുകൾവയ്ക്കുന്ന പുരുഷന്മാരുടെ താളത്തിനൊപ്പം മുടിയഴിച്ചിട്ടുതുള്ളുന്ന സ്ത്രീകളും ചടങ്ങിന് മാറ്റ് കൂട്ടുന്നു. കാർഷിക പാരമ്പര്യം വിളിച്ചോതുന്ന ഈ ചടങ്ങാണ് വിത്തിടൽ. ഇതിന് ശേഷം നടയടക്കും.

ദേവി കന്യകയായതിനാൽ വിവാഹം, കഥകളി തുടങ്ങിയ ആഘോഷങ്ങൾ ഒന്നും ക്ഷേത്രത്തിൽ നടത്താറില്ല. അതുപോലെ സുഗന്ധപുഷ്പങ്ങൾ ഒന്നും തന്നെ കാവിനകത്ത് അനുവദിക്കാറില്ല. പൂജയ്ക്ക് പോലും സുഗന്ധപുഷ്പങ്ങളോ സുഗന്ധ ദ്രവ്യങ്ങളോ ഉപയോഗിക്കാറില്ല. ഐതിഹ്യങ്ങൾ എന്തു തന്നെയായാലും ഒരു സന്ദർശനത്തിൽ തന്നെ പ്രകൃതിയും മനുഷ്യനും ഒന്നാണെന്നും അതിലുപരി ആത്മശാന്തിയും ലഭിക്കുന്ന സങ്കേതമാണ് ഇരിങ്ങോൾ.

പി.ബി. റെജികുമാർ
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
കുന്നത്ത്നാട്.

നിറവ് 2017
ഇ&എസ് എറണാകുളം



മാക്സ്‌വെൽ പി.ജി
S/o ഗോപാലകൃഷ്ണൻ
Rtd. ടി.എസ്.ഒ, ആലുവ


നിറവ് 2017

ഇ&എസ് എറണാകുളം

# ഹാപ്പി ബർത്ത്ഡേ

സഞ്ജു. എസ്. നായർ
ഓഫീസ് അറ്റൻഡന്റ്
ആലുവ താലൂക്ക്

അച്ഛന്റെ മടിയിൽ തല വച്ച് എപ്പോഴോ ഉറ
ങ്ങിപ്പോയി. പെട്ടെന്ന് എന്തോ ശ
ബ്ദം കേട്ട് ഞെട്ടി ഉണർന്നു.
അച്ഛൻ മയക്കത്തിലാണ്. അ
മ്മ അപ്പുറത്തെ കസേരയിൽ ചാ
രി ഇരുന്ന് ഉറങ്ങുന്നു. നഴ്സിംഗ്
റൂമിൽ നിന്നുള്ള മങ്ങിയ വെളി
ച്ചത്തിൽ വാർഡാകെ നിശ
ബ്ദമായി മയങ്ങുന്നതു്
ശാന്തമായിരുന്നു. ഞാ
ൻ ഓർക്കുകയാണ് ര
ണ്ടു ദിവസമായി നന്നായി
ഉറങ്ങിയിട്ട്. ഉറക്കം വന്നാ
ലും എന്തൊക്കെയോ
ദുഃസ്വപ്നങ്ങൾ ദിവസവും
എന്നെ വേട്ടയാടിക്കൊ
ണ്ടിരുന്നു. സാധാരണ
അലാറം അടിച്ചാൽ
അത് ഓഫ് ചെയ്ത് വീ



നിറവ് 2017

പിന്നെയും കിടന്നിരുന്ന ഞാൻ ഇപ്പോൾ ചെറിയ ശബ്ദം കേട്ടാൽ പോലും ഉണരുന്നു. കുട്ടിയായിരുന്നപ്പോഴേ ഉള്ളതാണ് ആവശ്യമില്ലാത്ത വിചാരങ്ങൾ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കുന്നത്. അത് വരാൻ പോകുന്ന എന്തെങ്കിലും സംഭവങ്ങളുടെ മുന്നറിയിപ്പായിട്ടാണ് എനിക്ക് അനുഭവപ്പെടാറുള്ളത്. ഭർത്താവിനോട് പറഞ്ഞാൽ "താനാരാ "അബ്സർദ തേററ്" ആണോ ഭാവി എല്ലാം പ്രവചിക്കാൻ എന്ന് പറഞ്ഞ് കളിയാക്കും. പക്ഷെ സംഭവിച്ചു കൊണ്ടിരിക്കുന്നത് സത്യമാണ്.

തിരുവോണത്തിന്റെ അന്ന് ഓണം കൊണ്ടു കഴിഞ്ഞ് എല്ലാ ജോലികളും തീർത്ത് ക്ഷേത്രത്തിൽ പോയി തിരികെ വന്നപ്പോഴാണ് അനിയന്റെ ഫോൺ വന്നത്. "ചേച്ചീ അച്ഛനെ ആശുപത്രിയിൽ ആക്കി. തീവ്ര പരിചരണ വിഭാഗത്തിലാണ്." ഞാൻ വേഗത്തിൽ അവിടെയെത്തി. ICU വിലേക്ക് ഞങ്ങളെ ആരെയും കടത്തിവിട്ടില്ല. അമ്മയുടെയും അനിയന്റെയും മുഖം വല്ലാതായിരിക്കുന്നു. അവരെ നോക്കി എനിക്കൊന്നും പറയാനുള്ള ത്രാണിയില്ലായിരുന്നു. അന്നു മുഴുവൻ അച്ഛനെ ഒബ്സർവേഷനിൽ വെക്കണമെന്ന് ഡോക്ടർ പറഞ്ഞു. പിറ്റേ ദിവസം അച്ഛനെ വാർഡിലേക്ക് മാറ്റി രാത്രിയിൽ ഞാനും അമ്മയും അച്ഛനെ കൂട്ടിരുന്നു. ഉറക്കം വരാതിരുന്ന ഞാൻ ഒരു നോവൽ എടുത്ത് വായിക്കാൻ ശ്രമിച്ചു. പക്ഷെ ഓർമ്മകൾ എന്നെ ഭൂതകാലത്തിലേക്ക് കൂട്ടിക്കൊണ്ടു പോയി.

അന്നൊക്കെ അച്ഛന് എന്ത് ചുറുചുറുക്കായിരുന്നു. ദിവസവും ഏറ്റവും കുറഞ്ഞത് 10 കിലോമീറ്ററെങ്കിലും നടക്കുമായിരുന്നു. കൂടുതലും നടന്നുള്ള സഞ്ചാരമായിരുന്നു എല്ലായിടത്തും. എന്റെ ഓർമ്മയിൽ വളരെ അപൂർവ്വമായിട്ടേ എന്നെയും അനിയനെയും

നിറവ് 2017

ഇ&എസ് എറണാകുളം

അച്ഛൻ വഴക്കു പറഞ്ഞിട്ടുള്ളൂ. അച്ഛൻ അമ്മയായി വഴക്കു കൂടുമ്പോഴും ഞങ്ങളെ എന്നും സ്നേഹത്തോടെ അടുത്ത് നിർത്തുമായിരുന്നു. പക്ഷെ അച്ഛന്റെ ബീഡി വലിയെ ചൊല്ലി ഞാനും അച്ഛനും എന്നും വഴക്കായിരുന്നു. രാവിലെ അച്ഛന്റെ മുറിയിലെ വലിച്ചു തീർന്ന ബീഡിക്കുറ്റിയെ ചൊല്ലി ഞാൻ അച്ഛനെ ചീത്ത പറയുമായിരുന്നു. ഇത് വലിച്ചാലുണ്ടാകുന്ന അസുഖങ്ങളെപ്പറ്റി 8-9 ക്ലാസ്സിലെ ബയോളജി ടീച്ചർമാർ പറഞ്ഞു തന്നതിനെപ്പറ്റി ഞാൻ പറയുമായിരുന്നു. പക്ഷെ ഇപ്പോൾ സംഭവിക്കാനുള്ളതൊക്കെ സംഭവിച്ചു കഴിഞ്ഞിരിക്കുന്നു. എന്റെ ഓർമ്മയിൽ വളരെ പ്രസന്നവദനായി മാത്രം കണ്ടിരുന്ന അച്ഛൻ ഇന്ന് കവിളൊട്ടി ക്ഷീണിച്ച് അവശനായി ആശുപത്രിയിൽ കിടക്കുന്നു.

വരാൻ പോകുന്ന ഭവിഷ്യത്തുകളെപ്പറ്റി ഒക്കെ നല്ല ധാരണ ഉണ്ടായിട്ടും മനുഷ്യൻ എന്താണ് ഇങ്ങനെ ആയിപ്പോകുന്നത്. ഇവിടെ ഇരുന്ന് ചിന്തിക്കുമ്പോൾ മനുഷ്യന്റെ അഹന്തയും ഞാനെന്ന ഭാവവുമൊക്കെ ആശുപത്രിയുടെ നാല് ചുമരുകൾക്കുള്ളിൽ അലിഞ്ഞില്ലാതായിപ്പോകുന്നു. എനിക്ക് തോന്നി. എന്തിനും ഏതിനും ഞാൻ മാത്രം മതിയെന്നും മറ്റുള്ളവർക്ക് സംഭവിക്കുന്ന ദുരന്തങ്ങളൊക്കെ എനിക്കന്യമാണെന്നും കരുതിയിരുന്നവർ വ്യത്യാസമില്ലാതെ ഒന്നനങ്ങാൻ പോലുമാകാതെ കിടക്കുന്ന കാഴ്ച ദയനീയമാണ്.

ചെറിയ തെറ്റുകൾ വലിയ തെറ്റുകളായി മാറുന്നതും രോഗത്തിന്റെ കാഠിന്യം കൊണ്ട് വേദന സഹിക്കാനാകാതെ അലറി വിളിക്കുന്നവരും എല്ലാവരും ഉണ്ടിവിടെ. ജീവിതത്തിനും മരണത്തിനുമിടയിലുള്ള വല്ലാത്തൊരന്ത

നിറവ് 2017

ഭീക്ഷം. കൂടുവിട്ട് കൂടുമാറി വിദൂരത്തേയ്ക്ക് പറന്നു പോകുന്ന ദേശാടനക്കിളികളെ പോലെ - ദേഹമാകുന്ന കൂടുവിട്ട് ദേഹി അനശ്വരതയിലേക്ക് പോകുന്നത് പ്രപഞ്ചസത്യമാണ്. മരണമെന്നത് നിഴലുപോലെ കൂടെയുണ്ടെന്നുള്ള സത്യം അറിയുമ്പോഴും ജീവിതമാകുന്ന നിലാവിനെ കൈയിലൊതുക്കുവാൻ ശ്രമിച്ചു കൊണ്ടേയിരിക്കുന്നു.

എല്ലാ തിരിച്ചറിവുകളുടെയും ഉറവിടമാണിവിടം എന്നെനിക്ക് തോന്നി. പക്ഷേ പലപ്പോഴും ആ തിരിച്ചറിവുകളെല്ലാം വളരെ വൈകിയാണല്ലോ നമ്മിലേക്കെത്തുന്നത്. കാലം തെറ്റിവന്ന കാർമേഘം പെയ്തൊഴിഞ്ഞ് - ശാന്തമായതു പോലെ. ഒരു മരവിപ്പുമാത്രം ബാക്കിയാക്കികൊണ്ട് പിന്നീടുള്ള കാലം കഴിച്ചു കൂട്ടുന്ന ചിലർ. മറ്റു-ചിലരാകട്ടെ ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന പ്രതീക്ഷയോടെ ജീവിക്കുന്നു. പാതി മുറിഞ്ഞുപോയ ഓർമ്മകളിൽ നിന്നും ഞാനുണർന്നത് ക്ലോക്കിൽ 2 മണി അടിച്ചപ്പോഴാണ്

അപ്പോഴാണ് ഞാൻ ഓർത്തത് ഇന്ന് ചിങ്ങമാസത്തിലെ ചതയം. അച്ഛൻ ഉണരുന്നതും കാത്ത് ആ മുഖത്തേയ്ക്ക് നോക്കി ഞാനിരുന്നു. ഒരു ഹാപ്പി ബെർത്ത് ഡേ പറയാൻ



നിറവ് 2017

ഇ&എസ് എറണാകുളം

വി.ജി. ജോയി
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR.I
ആലുവ

# മൗനം സംവദിക്കുമ്പോൾ



ശ്രീ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ "സന്ദർശനം" എന്ന കവിത ആരംഭിക്കുന്നത്

'അധിക നേരമായ് സന്ദർശകർക്കുള്ള
മുറിയിൽ മൗനം കുടിച്ചിരിക്കുന്നു നാം'

എന്നാണ്. അഗാധമായ മൗനം സംവേദനത്തിന്റെ അതിശക്തമായ മാധ്യമമായിത്തീരുന്ന ജീവിത സന്ദർഭങ്ങളെ കുറിച്ചാണ് ഈ കവിത. കാമുകീകാമുകന്മാർക്കിടയിൽ വിരിഞ്ഞു നിറയുന്ന തീവ്രമായ പ്രണയത്തെ സംവേദിപ്പിക്കാൻ ഒരായിരം വാക്കുകളെക്കൊണ്ട് സാധ്യമാകുന്നതിനേക്കാൾ എത്രയോ ഭംഗിയായും തീവ്രമായും, ഒരു നോട്ടത്തിലെ കൊരാട്ടുകൊണ്ട്, ഒരു പുഞ്ചിരിയിലെ സ്മിതസാന്ത്വനം കൊണ്ട് സാധ്യമാകുന്നു എന്ന് പ്രണയിച്ചവർക്കെല്ലാം അറിയാം.



ഇ&എസ് എറണാകുളം

"നെടിയ മിഴിയിലെ കൃഷ്ണ താരങ്ങൾ തൻ
കിരണമേറ്റെന്റെ ചില്ലകൾ പൂത്തതും"

എന്നാണ് കവി പാടിയത്. അന്യോന്യം കൈമാറിയ ആയിരക്കണക്കായ പ്രണയ വചസ്സുകളിലല്ല, ഉരിയാടി അഭിമുഖമായി- ച്ചൊല്ലാതെ മനസ്സിൽ ഒതുക്കിവച്ച ആയിരം വാക്കിന്റെ വിങ്ങി നിറയുന്ന മൗനത്തിലൂടെയാണ് സ്നേഹം, കൂടുതൽ കൂടുതൽ ആഴമുള്ള, തീവ്രമായ അനുഭവമായി മാറിത്തീർന്നത് എന്നാണ്.

മൗനത്തിന്റെ സംവേദനക്ഷമതയെക്കുറിച്ചും അതിന്റെ ശക്തിയെക്കുറിച്ചും ചുള്ളിക്കാട് തന്നെ മറ്റൊരു കവിതയിൽ പാടിയിട്ടുണ്ട്.

"നീയറിയുന്നുവോ ഓർമ്മകളിൽ
സായാഹ്നമേഘമൊന്നിരുണ്ടു മങ്ങുന്നതും
നീണ്ട മൗനത്തിലേയ്ക്കെന്റെ പക്ഷികൾ
നീലച്ചിറകു കുഴഞ്ഞു വീഴുന്നതും "

ഒരു പ്രണയഗീതം എന്ന കവിതയിൽ അദ്ദേഹം പാടിയത് ഇങ്ങനെയാണ്.

ഈയൊരു ആശയം ആദ്യമായി അവതരിപ്പിച്ച കവി ബാലചന്ദ്രൻ ചുള്ളിക്കാടല്ല. ചുള്ളിക്കാട് കവിതയെഴുതാൻ തുടങ്ങുന്നതിനും പതിറ്റാണ്ടുകൾക്കു മുമ്പാണ് കുമാരനാശാൻ 'നളിനി' എഴുതിയത്. ആശാന്റെ നളിനിയ്ക്ക് ദിവാകരനോട് അകൈതവമായ, ആത്മികമായ അനുരാഗമുണ്ടാകുമ്പോൾ തന്റെ മനസ്സിൽ നിറയുന്ന അതിശക്തമായ വികാരാവേശങ്ങളുടെ തീവ്രങ്ങളായ വേലിയേറ്റങ്ങളെ അതേ തീവ്രതയോടെ പ്രതിഫലിപ്പിക്കുവാൻ പാരത്തിൽ ശക്തമായ വാക്കുകൾ കിട്ടാതെ ഉഴറിപ്പോകുന്ന സന്ദർഭം പറയുന്നുണ്ട്.

നിറവ് 2017

ഇ&എസ് എറണാകുളം

അപ്പോൾ കവി പാടിയത്

'ഇന്നു ഭാഷയിതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥ ശങ്കയാൽ'

എന്നാണ്.

നിങ്ങൾ മൗനമായിരിക്കുന്നു എന്നതിനർത്ഥം, നിങ്ങളുടെ മനസ്സ് ശൂന്യമായിരിക്കുന്നു എന്നല്ല, അതിശക്തമായ വികാരവിചാരങ്ങളുടെ തീവ്രമായ വേലിയേറ്റങ്ങളെക്കൊണ്ട് നിങ്ങളുടെ മനസ്സ് അശാന്തമാകുന്നു എന്നും ഈ വികാരവിചാരങ്ങളെ തീവ്രതയോടെ പ്രതിഫലിപ്പിക്കാൻ വാക്കുകൾ അശക്തമാവും, ഭാഷ അപൂർണ്ണമായും നില കൊള്ളുന്നു എന്നാണ്.

മലനിരകളിലാകെ കോടമഞ്ഞു നിറയുന്നത് ഈ മലനിരകളിലത്രയും ജീവന്റെ ഉറവുകൾ ഉയിർക്കൊള്ളുന്നതിന്റെ മുന്നോടിയായിട്ടാണ്. പ്രകൃതിയുടെ ഏറ്റവും മഹത്തായ വരദാനമായ ജീവന്റെ പിറവിയെടുക്കലിനു കളമൊരുങ്ങുമ്പോൾ അവിടെ വാക്കുകളില്ല, ഭാഷയില്ല, എങ്ങും വിരിഞ്ഞു നിറയുന്ന ഗംഭീരമായ മൗനം മാത്രമേയുള്ളൂ.

ഉറങ്ങിക്കിടക്കുന്ന കുഞ്ഞിന്റെ കവിളിൽ അമ്മയർപ്പിക്കുന്ന പൂവിതളിനേക്കാൾ മൃദുവായ ചുംബനം ഈ ഭൂമിയിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതിൽ വച്ച് ഏറ്റവും തീവ്രങ്ങളായ വൈകാരിക ഭാവങ്ങളെയും, അനുഭൂതി വിശേഷങ്ങളെയും അമ്മയുടെ മനസ്സിൽ നിന്നും കുഞ്ഞിലേയ്ക്ക് പകർന്നു നൽകുന്നുണ്ട്. ഈയൊരു വിങ്ങി നിറയുന്ന പകർന്നാട്ടത്തിനു പശ്ചാത്തലമൊരുങ്ങുമ്പോൾ അവിടെ വാക്കുകളുടെ ശക്തിയില്ല, ഭാഷയുടെ സൗന്ദര്യമില്ല, അഗാധമായ മൗനത്തിന്റെ ഗാംഭീര്യവും അതിലൂടെ സംവേദിക്കപ്പെടുന്ന സ്നേഹത്തിന്റെ വിങ്ങലും മാത്രമേയുള്ളൂ.

നിറവ് 2017

ഇ&എസ് എറണാകുളം

ഈ നിലയിൽ, മൗനം ശൂന്യതയുടെ അടയാളമായി മറിച്ച്, നിറവിന്റെ മൂർത്തിമായി, നിങ്ങളുടെ മനസ്സിൽ വിരിഞ്ഞു നിറയുന്ന തീവ്രമായ നന്മയുടെ നിർബാധമുള്ള കവിഞ്ഞൊഴുക്കിനു വേണ്ട അതിശക്തമായ മാധ്യമമായി ആയിരക്കണക്കായ ഭാഷകളെയും, ലക്ഷക്കണക്കായ വാക്കുകളെയും വെല്ലുവിളിച്ചുകൊണ്ട് നിലകൊള്ളുന്നു.

നിറവ് 2017

ഇ&എസ് എറണാകുളം

ഓർമ്മക്കുറിപ്പ്

# അമ്മ

ശ്രീകുമാർ. കെ. എസ്, റിസർച്ച് അസിസ്റ്റന്റ്
ജില്ലാ ഓഫീസ്, എറണാകുളം

ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഒരു ദിവസം ഉച്ചയ്ക്ക് ശേഷം ഒരാൾ സ്കൂളിൽ വന്ന് ടീച്ചറുമായി എന്തോ സംസാരിച്ചിട്ട് എന്നെ കൂട്ടിക്കൊണ്ട് വീട്ടിലേക്ക് പോയത്. ഒരു നേതാവിനെ പോലെയാവണം ഞാൻ അന്ന് അദ്ദേഹത്തിന്റെ കൂടെ പോയത്. കാരണം മറ്റുള്ളവർ ഇരുന്ന് പഠിക്കുമ്പോൾ എനിക്ക് നേരത്തെ പോകാൻ കഴിഞ്ഞല്ലോ. അന്ന് ടീച്ചറിന്റെ മുഖത്തുണ്ടായ ഭാവവ്യത്യാസം മനസ്സിലാക്കുവാനുള്ള കഴിവ് ഞാൻ ആർജ്ജിച്ചിരുന്നില്ലല്ലോ.

വീട്ടിൽ കുറേയേറെ ആളുകൾ ഉണ്ടായിരുന്നു. പുസ്തകക്കെട്ട് ഒരിടത്ത് വച്ച് അ-



നിറവ് 2017

ഇ&എസ് എറണാകുളം

ദേഹം കൈപിടിച്ച് അമ്മയുടെ അടുത്തേക്കായിരുന്നു. വെറും തറയിൽ ചുരുണ്ടു കിടക്കുന്ന അച്ഛന്റെയടുത്ത് തൊട്ടു കൊണ്ടിരിക്കുന്ന അമ്മ. ചേട്ടന്മാരെല്ലാം അടുത്തുള്ള വീടുകളിലായിരുന്നു. ഒന്നും മനസ്സിലാക്കാനുള്ള പ്രായം അന്ന് എനിക്കായിട്ടില്ലെന്ന് പിന്നീടാണ് മനസ്സിലായത്

പക്ഷേ അന്ന് ഞാൻ കരഞ്ഞത് അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. എല്ലാവരും കൂടി അച്ഛനെ എടുത്തു കൊണ്ട് പോയപ്പോൾ അങ്ങോട്ട് എന്നെ വിടാത്തതിനായിരുന്നു ഞാൻ കരഞ്ഞത്.

അന്ന് തുടങ്ങിയതാണ് വലിയൊരു തറവാട്ടിൽ ജനിച്ച് മകം പിറന്ന മങ്കയായ എന്റെ അമ്മയുടെ ദുരിതകാണ്ഡം. അച്ഛന്റെ ചികിത്സക്കായി എല്ലാം വിറ്റുപെറുക്കിയ അമ്മ ഒരു സാധാരണ പാവപ്പെട്ടവളായി മാറിക്കഴിഞ്ഞിരുന്നു. ഒരു പക്ഷേ അന്ന് ആൺമക്കളുടെ അമ്മ എന്റെ സ്വന്തമായി തീർന്നത് അങ്ങനെമാത്രമാണ്.

എന്റെ ഓർമ്മയിൽ അമ്മ വെറുതെയിരിക്കുന്നത് കണ്ടിട്ടുള്ളത് സന്ധ്യ കഴിയുമ്പോൾ വരാന്തയിലാണ്. മക്കൾ കോളേജിൽ നിന്ന് വരുവാൻ താമസിക്കുമ്പോൾ ഒരു മണ്ണെണ്ണ വിളക്കുമായി വഴിയിലേക്ക് കണ്ണും നട്ട് ഇരിക്കുന്ന അമ്മയുടെ രൂപം ഇന്നലെയെന്ന പോലെ മനസ്സിൽ തെളിയുന്നു. ഇന്ന് മക്കൾ സ്കൂളിൽ നിന്ന് വരുവാൻ അഞ്ച് മിനിറ്റ് താമസിക്കുമ്പോഴാണ് അന്ന് അമ്മയുടെ മനസ്സിൽ എന്തായിരുന്നു എന്ന് മനസ്സിലാകുന്നത്.

നാട്ടിലെ വിദ്യാലയത്തിനായി കിടപ്പിടം കൊടുത്ത് മറ്റൊരു സ്ഥലത്തേയ്ക്ക് മാറിയപ്പോഴും ഇടം കേറി നിരത്തിക്കെട്ടുകൊണ്ട് അത് വിറ്റ് മറ്റൊരു സ്ഥലത്തേയ്ക്ക് ചേക്കേറിയപ്പോഴും അമ്മ ഒരുങ്ങുന്നത്

നിറവ് 2017

ഇ&എസ് എറണാകുളം

ഞാൻ കണ്ടിട്ടില്ല. ജീവിതത്തിൽ എന്തായിരുന്നു അമ്മയുടെ ആഗ്രഹം എന്ന് ഞങ്ങളാരും ചോദിച്ചിട്ടില്ല. നീളമുള്ള ഒരു മുളയുടെ മുകളിൽ മറ്റൊന്നു വച്ചുകെട്ടി ഒരു സർക്കസ് താരത്തെപ്പോലെ ഒരേ അടയ്ക്കയും ചക്കയും പറിക്കുമ്പോൾ എല്ലാവരും ഞങ്ങളെപ്പോലെയൊക്കെയായിരിക്കും എന്നാണ് ഞാൻ കരുതിയത്. ചെണ്ടൻകപ്പയും ചക്കപ്പുഴുക്കും സ്ഥിരമായി കഴിക്കുമ്പോൾ എന്തേ ഞങ്ങൾക്ക് പലഹാരങ്ങളൊന്നും തരാത്തത് എന്ന് ചോദിച്ചിട്ടുണ്ടോ എന്നുപോലും ഓർമ്മയിൽ ഏതെങ്കിലും വീട്ടിൽ നിന്ന് അമ്മയ്ക്കു കിട്ടുന്ന വിശിഷ്ടഭോജ്യങ്ങൾ ഒരു കടലാസു കഷണത്തിൽ പൊതിഞ്ഞു ഞങ്ങൾക്കു തരുമ്പോൾ എന്തേ അത് അമ്മ കഴിക്കാത്തത് എന്ന് ചിന്തിച്ചിട്ടുണ്ടോ അതും ഓർമ്മയില്ല. അനന്തമായ ജീവിതയാത്രയിൽ ഏകാന്ത മനസ്സുമായി ഒരു ജാതിയേയും ഒരു മതത്തിനേയും ഒരു മനുഷ്യനേയും കുറ്റം പറയാതെ ആ യാത്ര എന്തിനുവേണ്ടിയായിരുന്നു?

അച്ഛനില്ലാത്ത അഞ്ച് പെൺമക്കളുടെ മാതാവ് എന്ന നിലയിൽ നിന്ന് അഞ്ച് സർക്കാരുദ്യോഗസ്ഥരുടെ മാതാവ് എന്നതിലേക്കുള്ള മാറ്റം അമ്മയുടെ ജീവിതത്തിൽ എന്തെങ്കിലും വഴിത്തിരിവ് ഉണ്ടാക്കിയതായി എനിക്ക് തോന്നുന്നില്ല. കഷ്ടപ്പാടുകളെല്ലാം മറന്ന് ചാരുകസേരയിൽ ഇരുന്ന് മയങ്ങുന്നതും കണ്ടിട്ടില്ല. കുടുംബത്തിലോ നാട്ടിലോ ആർക്കും കിട്ടാത്ത ആ നേട്ടം തന്റെ കഴിവുകൊണ്ടാണെന്ന് ആരോടെങ്കിലും പറയുന്നതും കേട്ടിട്ടില്ല.

പക്ഷെ സർക്കാരുദ്യോഗസ്ഥരുടെ ഡി.എ. ഒരു ഗഡു കൂടി എന്ന പത്രവാർത്ത കണ്ട് നെറ്റി ചുളിക്കുന്നവരോട് "അതിനൊക്കെ അവർ ജോലി ചെയ്യുന്നില്ലേ" എന്നു ചോദിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്.

മകം പിറന്ന മങ്ക എന്ന് മറ്റുള്ളവർ അസൂയയോടെ നോക്കിയപ്പോഴൊക്കെ അമ്മ രാമായണവും ഭാഗവതവും സ്ഥിരമായി വായിക്കാൻ തുടങ്ങിയിരുന്നു.

നിറവ് 2017

ഇ&എസ് എറണാകുളം

ഒന്നാന്ത് പ്രസവിച്ച് വളർത്തി വലുതാക്കി നല്ല നിലയിലെത്തിച്ച അമ്മയിൽ രണ്ടുപേർ നിതാന്ത നിദ്രയിലേക്ക് മടങ്ങിയപ്പോൾ ഒരുപക്ഷേ അമ്മയെ പിടിച്ചു നിർത്തിയത് ഞാനായിരിക്കാം

ഇന്ന് സ്വന്തം ഇച്ഛാനുസരിച്ച് ചലിക്കാത്ത ശരീരവും പാതി മങ്ങിയ ഓർമ്മകളും അനന്തതയെ പുൽകുന്ന കണ്ണുകളും- നിർവ്വികാരമായ മനസ്സുമായി ജീവിത യാത്രയുടെ സന്ധ്യാവേളയിൽ ഞാൻ നൽകിയ കഞ്ഞി കുടിച്ച് കിടക്കുമ്പോൾ അമ്മ ചോദിക്കുകയാണ് "എനിക്ക് കഞ്ഞി തന്നിട്ട് നീ കഴിക്കാതെ കിടക്കുകയാണല്ലേ..?" "ഞാൻ നിനക്ക് വിളമ്പി തരട്ടെ" എന്ന്. അ-മ്മമനസ്സിലെ കരുതലുകൾ അവസാനിക്കുന്നില്ല.

എത്ര പൂർണ്ണചന്ദ്രന്മാരെ ദർശിച്ച് സാഫല്യം നേടിയ സ്വന്തം ഇച്ഛാശക്തികൊണ്ട് വിധിയോട് പടപൊരുതിയ ഇന്നും പരാജയം ഏറ്റുവാങ്ങാത്ത ആ മനസ്സിന്റെ പാദാരവിന്ദങ്ങളിൽ അശ്രുപൂജ അർപ്പിക്കാനല്ലാതെ എനിക്കെന്ത് കഴിയും..?



നിറവ് 2017




ഇ&എസ് എറണാകുളം

ലേഖനം

# വയലേലകൾ മായുന്നു...

സീന ചെറിയാൻ
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ G.II
പറവൂർ താലൂക്ക്.

കേരളത്തിന് മലയാളത്തിന്റെ ചേർക്കുന്ന ഒട്ടേറെ ഘടകങ്ങളിൽ അതിപ്രധാനമാണ് പച്ചവിരിച്ച നെൽപ്പാടങ്ങൾ. നമ്മുടെ ഭാഷയും സംസ്കാരവും ഒക്കെ രൂപപ്പെടുന്നതിൽ പാടങ്ങൾക്ക് നിർണ്ണായക പങ്കായിരുന്നു. കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽ മേഞ്ഞു നടക്കുന്ന പശുക്കൾ, പശുക്കളുടെ ചുമലിൽ വന്നിരുന്നു വട്ടം കൊത്തുന്ന ചങ്ങാലിക്കിളികൾ. അവയ്ക്കു പിന്നാലെ തെറ്റാലിയുമായ് ചുറ്റുന്ന കരുമാടിപ്പിള്ളേർ ഇതൊക്കെ അത്യന്തം മധുരമായ ഗ്രാമചിത്രങ്ങളായിരുന്നു. രണ്ടും മൂന്നും പൂവൽകൃഷി ചെയ്തിരുന്ന പാടശേഖരങ്ങളൊക്കെ ഇപ്പോൾ ഇഷ്ടികക്കളങ്ങളായി. റബ്ബറും തെങ്ങും ജാതിയും ഉൾപ്പെടെയുള്ള നാണ്യവിളകൾ അവശേഷിച്ച സ്ഥലങ്ങളിൽ കയ്യടക്കിയിരിക്കുന്നു. വിതച്ചും കൊയ്തും കളപറിച്ചും പാടത്തു നിന്നു കയറാതെ കഴിഞ്ഞിരുന്നപ്പോൾ അരവയർ നിറയ്ക്കാൻ ബുദ്ധിമുട്ടിയിരുന്നു. നാണ്യവിളകളായപ്പോൾ കഞ്ഞി മുട്ടുന്നില്ല. എന്നാൽ ഇന്നത്തെ കാർഷിക നില വീണ്ടും കർഷകന്റെ കഞ്ഞികുടി മുട്ടിക്കും.

വയലുകൾ ഐശ്വര്യത്തിന്റെ പ്രതീകങ്ങളായിരുന്നു. കൊയ്ത്തും മെതിയും കെട്ടുചുമക്കലും ഞാറുനടീലും വിതയ്ക്കലും ഒക്കെ ഗ്രാമഹൃദയങ്ങളെ കോരിത്തരിപ്പിക്കുന്ന ഉത്സവങ്ങളായിരുന്നു. വിരിവാർന്ന പാടശേഖരങ്ങളിൽ ഞാറു നടാനും കള പറിയ്ക്കാനും കൊയ്യാനുമൊക്കെ ഒത്തുകൂടുന്ന അസംഖ്യം പെണ്ണാളുകൾ അവരുടെ അരിവാൾച്ചെത്തവും കരിവള കിലുക്കവും ചേർന്ന അദ്ധ്വാന സൗന്ദര്യത്തിന്റെ സംഗീതത്തിന് താളപ്പൊലിമയും ഗാനാത്മകവും ചേർക്കുന്ന നാടൻപാട്ടുകൾ - ആറ്റുമണമ്മേലെ ഉണ്ണിയാർച്ചയുടെയും ഇരവിക്കുട്ടിപ്പിള്ളയുടെയും കതിവന്നൂർ വീരന്റെയും കടത്തനാട്ടു മാക്കത്തിന്റെയും ഒക്കെ വീരാപദാനങ്ങൾ നാടൻ

നിറവ് 2017

ശില്പകളിലൂടെ ഉതിർന്നു വീണ പാടശേഖരങ്ങൾ അരിമുറുക്ക്, ചെറുമുറുക, ചിരച്ചെമ്പാവ്, കറുത്താര്യൻ, കന്നിക്കളപ്പാല് തുടങ്ങിയ അസംഖ്യം വിത്തിനങ്ങൾ. ഒരില ഞാറിൽ പാകി വളർന്നു മുറ്റി നിറച്ച പാടശേഖരങ്ങൾ, അവയുടെ സ്ഥാനങ്ങളിൽ പടുകൂറ്റൻ കോൺക്രീറ്റ് വനങ്ങൾ ഉയർന്നു. മീനുകളെ പിടിക്കാൻ കഴുത്തിൽ തോർത്തും കെട്ടി തുള്ളിച്ചാടിയിരുന്ന ചുണക്കുട്ടന്മാരുടെ ബാല്യങ്ങൾ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ യന്ത്രസംസ്കാരം ചവച്ചു തുപ്പിയ പുതിയ തലമുറയ്ക്ക് അജ്ഞാതമായി.

ഇരുപ്പൂവും മുപ്പൂവും വിളയിറക്കുന്ന പാടങ്ങളിൽ എള്ളും, മുതിരയും, പയറും, മധുരക്കിഴങ്ങും ഉൾപ്പെടെയുള്ള ഇടവിളകൾ നന്നായി കൃഷി ചെയ്തിരുന്നു. ഇവയിൽ പലതിന്റെയും പേരുകൾ പോലും ഇന്ന് ഇളംതലമുറകൾക്ക് അജ്ഞാതമായി. തലയാട്ടി കടമണി കിലുക്കി പുല്ലും വയ്ക്കോലും തിന്ന് അയവിറക്കി നിൽക്കുന്ന കന്നുകാലികളുടെ സമൂഹവും അപ്രത്യക്ഷമായി. ചാണകം മെഴുകിയ തറകൾ കാണാനേയില്ല. അറവാതിൽപ്പടി മുകളിൽ പുന്നെൽ കതിർക്കുലകൾ തൂക്കുന്നത് ആഢ്യതയുടെ ചിഹ്നം മാത്രമല്ല, ഐശ്വര്യത്തിന്റെ ചിഹ്നം കൂടി ആയിരുന്നു.

വയലുകൾ നശിപ്പിക്കുന്ന മനുഷ്യൻ ഭാവിയിൽ വൃക്ഷലതാദികൾ നശിപ്പിച്ച് ഭൂമിയെ മൊട്ടക്കുന്നുകളാക്കും എന്നത് നിസ്സംശയമാണ്. പച്ച നിറമായ, കണ്ണിന് കുളിർമയായ കൃഷിയിടങ്ങളുണ്ടാകാൻ നമുക്ക് മറ്റുള്ളവരെ ബോധവത്കരിക്കുകയും സ്വയം പ്രയത്നിക്കുകയും ചെയ്യാം

നിറവ് 2017

ഇ&എസ് എറണാകുളം


നിറവ് 2017
ബി. കാർത്തിക്
C/o സൂര്യ നാരായണൻ (ST Grade I)
ആലുവ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്

കവിത

# വൃദ്ധസദനം

വദനങ്ങളെന്നോടു ചൊല്ലുന്നു ആഴത്തിലേറ്റ അടികൾ;
ഉൾക്കാമ്പിലേറ്റ പ്രഹരത്താൽ കരിവാളിച്ച വദനം
ആത്മാംശമായ് കണ്ട സുതരാൽ "ആട്ടിയോടിക്കപ്പെട്ടവർ"
ഊർജ്ജം പിഴിഞ്ഞെടുക്കപ്പെട്ട് വെറും ചണ്ടിയായ് തീർന്നവർ
കാലന്റെ വരവിനായിച്ചരിച്ച് ജീവിതം ബാക്കിയാക്കിയോർ
കാലനോ കനിയുന്നില്ല വിറങ്ങലിക്കും ജീവച്ഛവങ്ങളെ !!

ഇക്കൂട്ടത്തിലുണ്ടൊരു കാലറ്റവർ;
ഒന്നരക്കാലുള്ളവർ,
പാർശ്വം തളർന്നവശരായവർ,
ചതുർച്ചക്ര ഫലകയിൽ ഇഴയുന്നവർ;
വേദനകൊല്ലിയെ ആലംബമാക്കിയോർ
മരക്കൊമ്പിൽ തോളു താങ്ങി വേച്ചു വേച്ചു നീങ്ങുന്നവർ;
വേളി കൊള്ളാതെ വാർദ്ധക്യത്തിലിവിട-
മത്താണിയാക്കിയോരും ചിലർ;
ജീവിക്കാതീ... ജീവിതത്തിൽ ജീവിക്കാനുഴലുന്നവർ !

ഈ ആലംബഗേഹത്തിൻ കോലായിലൊരു കോണിൽ
വട്ടി നെയ്യുന്നു കണാരനാശാൻ,
ചുറ്റുമുണ്ടൊരു കൂട്ടം ആശാന്റെ കരവിരുത് കണ്ട്
അകതാരിൽ വിങ്ങലിന് തെല്ലൊരാശ്വാസമേകാൻ
മാനസത്തിൻ നിറ്റലിൽ തീർത്ത അടപ്പുള്ളോരു വട്ടി വാങ്ങി
ഞാനും ജീവിതപ്രദോഷത്തിലെൻ ഓർമ്മയ്ക്ക് കൂട്ടായി !



നിറവ് 2017

ഇ&എസ് എറണാകുളം

അസുരകുലത്തിൻ താന്തോന്നികൾക്കറിയുമോ ?
*'വഹ്‌യു' മായണയും **മാലാഖശ്രേഷ്ഠർ തന്നിരവുകൾ,
'ആമീൻ' മൊഴിഞ്ഞതോ #ജഗദ്ഗുരുവാം തിരുദൂതരും !
തീർച്ച ! ഇടിത്തീയായ് ശാപങ്ങളാപതിക്കും !
വിജൃംഭിക്കുമിനിയും കോപാഗ്നിയാൽ ധരണി !
ആഞ്ഞടിക്കുമിനിയും രാക്ഷസത്തിരകൾ !
വാ പിളർത്തിയിരമ്പിപ്പാഞ്ഞടുക്കും,
ഗ്രസിച്ചാനയിക്കും നിന്നെ കുഴിമാടത്തിലേക്ക്...
നിന്നസ്ഥിപഞ്ചരങ്ങളഖിലം ആണ്ടുപോകുമീ...
ജീവച്ഛവങ്ങളുടെ കണ്ണീർക്കയത്തിൽ !!
വറുതി പൂണ്ടൊരു സദനത്തിൻ ഇരുമ്പഴികളിൽ
വിറങ്ങലിച്ചു നീ നിൻ്റെയച്ഛനായ്
വാർദ്ധക്യത്തിലിനിയും പുനർജ്ജനിക്കും;
ശിഷ്ടശാപങ്ങളോരോന്നായേറ്റു വാങ്ങാൻ,
മൗനപ്രാക്കുകളൊക്കെയും അനുഭവിക്കാൻ.

* ദിവ്യവെളിപാട്

** ജിബ്‌രീൽ മാലാഖ (അ:)

\# പ്രവാചക തിരുമേനി മുഹമ്മദ് (സ:)

കാസർഗോഡ് ജില്ലയിലെ മലയോരഗ്രാമമായ 'ചിററാരിയ്ക്കൽ'-ൽ സ്ഥിതി ചെയ്യുന്ന YMCA യുടെ വൃദ്ധസദനമായ Y's നിവാസ് സന്ദർശിച്ച അനുഭവത്തിൽ നിന്നും എഴുതിയ കവിത.

മുജീബുദ്ദീൻ സി.കെ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്
മൂവാറ്റുപുഴ

നിറവ് 2017

# നൂറു സിംഹാസനങ്ങൾ

## ആസ്വാദനം

M.C. രമ
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR. 1
കുന്നത്തുനാട് താലൂക്ക്



കാപ്പനെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഉണ്ടാകും. കണ്ടിട്ടുമുണ്ടാകും. സ്കൂളിൽ ബെഞ്ചിലെ ഓരത്ത് ചുരുണ്ടിരിക്കുന്ന കൂട്ടുകാർ ഇല്ലാത്ത കറുത്തു മെലിഞ്ഞ ഒരു രൂപം. വലുതായപ്പോൾ സദാ ആൾക്കൂട്ടത്തിൽ നിന്ന് ഓടിയൊളിക്കുന്ന ഒരാൾ. ഇപ്പോൾ ഓർക്കുന്നുണ്ടാവും. അതെ അതാണ് "കാപ്പൻ" തമിഴിലെ പ്രശസ്ത എഴുത്തുകാരൻ ശ്രീ ജയമോഹന്റെ നൂറു സിംഹാസനങ്ങളിലെ കാപ്പൻ.

ഒരു പുസ്തകം എന്നെ ഇത്രമേൽ പൊള്ളിക്കുമെന്ന് ഞാൻ നിനച്ചതേയില്ല. ഒരുപക്ഷേ ആ നോവ് നിങ്ങളിലേക്കും പടർന്നേക്കാം. ഇതൊരു കഥയല്ലെന്നറിയുമ്പോൾ ജീവിതത്തിലെ കഠിനപരീക്ഷകൾ കഠിനമായ് തന്നെ മറികടന്ന ജാതി കൊണ്ട് നായാടിയായിരുന്ന ഒരു IAS ഓഫീസർ ജയമോഹനോട് പറഞ്ഞ തന്റെ ജീവിതമാണിത്

നിറവ് 2017

ഇ&എസ് എറണാകുളം

ഒരു പുസ്തകം എന്നെ ഇത്രമേൽ പൊള്ളിക്കുമെന്ന് ഞാൻ നിനച്ചതേയില്ല. ഒരുപക്ഷേ ആ നോവ് നിങ്ങളിലേയ്ക്കും പടർന്നേക്കാം. ഇതൊരു കഥയല്ലെന്നറിയുമ്പോൾ, ജീവിതത്തിലെ കഠിനപരീക്ഷകൾ കഠിനമായിത്തന്നെ മറികടന്ന, ജാതികൊണ്ട് നായാടിയായിരുന്ന ഒരു ഐ.എ.എസ് ഓഫീസർ, ജയമോഹനോട് പറഞ്ഞ തന്റെ ജീവിതമാണിത്.

ഭിക്ഷക്കാരെ കിടത്തുന്ന ഷെഡ്ഡിൽ അമ്മ മരിക്കാൻ കിടക്കുന്ന വിവരം രഹസ്യമായി ധർമ്മപാലനെ അറിയിക്കാൻ വരുന്ന കുഞ്ഞൻനായരിൽ നിന്നും കഥ ആരംഭിക്കുന്നു. അപ്പോൾ തുടങ്ങുന്ന ഒരാന്തലുണ്ടല്ലോ, അത് പുസ്തകം താഴെ വച്ചിട്ടും പോകാതെ തന്നെ കൂടെയുണ്ട് ഇപ്പോഴും. ചീഞ്ഞ മാംസത്തിന്റെയും ദ്രവിച്ച തുണികളുടെയും ഛർദ്ദിലിന്റെയും ഇടയിൽ മിക്കവാറും നഗ്നയായി കിടക്കുന്ന ആ അമ്മയുടെ രൂപം. "ഇതു വല്ല കേസുമാണോ?" എന്ന ഡോക്ടറുടെ ചോദ്യത്തിന് നെഞ്ചിൽ കത്തി കുത്തിയിറക്കിയതുപോലെ "ഇതെന്റെ അമ്മയാ" എന്ന മറുപടി...

പിറന്നുവീണ ഇടം, നിറം, ജാതി ഇവ നോക്കി മനുഷ്യനെ വേർതിരിച്ച് കാണുന്ന സമൂഹത്തിലെ ഒരു കണ്ണി. നായാടപ്പെട്ട ഒരു മനുഷ്യൻ. അതായിരുന്നു പ്രജ്ഞാനന്ദസ്വാമി, ധർമ്മപാലൻ എന്നു പേരിട്ട, സുധയുടെ ഭർത്താവായ, ഭിക്ഷാപാത്രവുമായി രാപകലില്ലാതെ അലഞ്ഞുതിരിഞ്ഞ അമ്മയുടെ ചങ്കും കരളുമായ കാപ്പൻ. അമ്മയെ പരിശോധിച്ച മാണിക്യം എന്ന താഴ്ന്നജാതിക്കാരനായ ഡോക്ടറുടെ അവസ്ഥയും ഐ.എ.എസ് ഓഫീസറുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. വൃത്തികെട്ട ഒരു പ്രാണിയെ നോക്കുന്ന പോലാ ആളുകൾ എന്നെ നോക്കുന്നതെന്നും നാട്ടിൽ എനിക്ക് തോട്ടി ഡോക്ടർ എന്നാണ് പേരെന്ന് അദ്ദേഹം പറയുന്നു. അതു വായിച്ചപ്പോൾ എനിക്കുതോന്നി, ഏറിയും കുറഞ്ഞും ഇന്നും സ്ഥിതി ഇതൊക്കെ തന്നെ എന്ന്.

ഇന്റർവ്യൂവിന് ചെന്ന ധർമ്മപാലനോട് "വിധി പറയേണ്ട കേസിൽ ഒരു ഭാഗത്ത് ന്യായവും മറുഭാഗത്ത് നായാടിയുമായാൽ എന്തു ചെയ്യും?" എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി മതി ഒരു കീഴ്ജീവിതം എത്ര മാരകാനുഭവമാണെന്നറിയാൻ.

ഒരിത്തിരി ചോറുകിട്ടുമെ

നിറവ് 2017

ഇ&എസ എറണാകുളം

ന്നുകേട്ട് പ്രജ്ഞാനന്ദസ്വാമിയുടെ അരികിലെത്തിയതും പഠിച്ചതും തിരുപ്രാന്തു കാട്ടിയതും, ചാമീ... ചുരുളയെന്താ ചാമീ.... എന്ന് അമ്മ ഉറക്കെ കരഞ്ഞു പറയുന്നതുമൊക്കെ വായിക്കുമ്പോൾ നടുങ്ങിപ്പോകുന്നു. ഇതൊരു കഥയല്ലല്ലോയെന്നോർത്ത് വിതുമ്പിപ്പോകുന്നു.

കാപ്പൻ ഒരു ഓർമ്മപ്പെടുത്തലാണ്. സ്കൂളിൽ, ഓഫീസിൽ, റോഡിൽ എത്രയോ മുഖങ്ങളിൽ കാപ്പൻമാരുടെ അനാഥപ്രേതം കുടിയിരിക്കുന്നു. കാപ്പൻ ഒരു വിഭാഗത്തിന്റെ പ്രതിനിധിയല്ല. ഒറ്റപ്പെട്ടവന്റെ പ്രതീകമാണ്. കാപ്പനെ നമ്മുക്കെവിടെയും കാണാം. നിറം, ജാതി, സ്വത്ത് എന്നിവയുടെയൊക്കെ പേരിൽ പുറത്തള്ളപ്പെട്ടും പോയവർ. ഒറ്റ വാക്കിൽ പറഞ്ഞാൽ അപമാനിതർ. പാർട്ടിക്കോ ഉയർന്ന ഉദ്യോഗസ്ഥനോ അവനെ രക്ഷപ്പെടുത്താനാവുന്നില്ല. സ്വയം മനുഷ്യനാണെന്ന ബോധം വരാതെ നൂറു സിംഹാസനം പോയിട്ട് ഒന്നുപോലും അവന്റെ സ്വന്തമാകില്ലെന്ന് കഥാകൃത്ത് പറഞ്ഞതത്രേ സത്യം.

അടിച്ചമർത്തപ്പെടാൻ നിന്നുകൊടുക്കുന്ന ഓരോ കാപ്പൻമാർക്കും അമ്മ മഹത്വം മാത്രമേ സ്വന്തമായുള്ളൂ.

കാപ്പാ..... കുരിശം വേണ്ട, കസാല വേണ്ട, എന്ന അമ്മയുടെ രോദനം മനസിൽനിന്നു മായുന്നേയില്ല. നായാടുന്ന സമൂഹത്തിന്റെ ക്രൗര്യം. അപകർഷതാബോധം മൂലം ഒറ്റപ്പെട്ടുപോകുന്ന ഒരു മനസിന്റെ തീവ്രവേദന. മനസിലും ശരീരത്തിലും ഉള്ള അവർണ്ണത പദവി കൊണ്ടോ സമ്പത്തുകൊണ്ടോ തുടച്ചുമാറ്റാൻ ഒരിക്കലും അനുവദിക്കാത്ത സമൂഹം. ഈ പുസ്തകം മനസാക്ഷിയെ മുറിപ്പെടുത്തിയില്ലെങ്കിലേ അത്ഭുതമുള്ളൂ. പുസ്തകത്തിന്റെ പുറംചട്ടയിൽ തന്നെ പറയുന്നുണ്ട്. മാരകമായ അനുഭവങ്ങളുടെ മുറിവേൽക്കാതെ, അസ്തിത്വമെന്ന നേരിന്റെ പൊള്ളലേൽക്കാതെ വായിച്ചുതീർക്കാനാവില്ല ഈ നോവൽ.
ആരും വിശ്വസിച്ചില്ലെങ്കിലും ആരും സമ്മതിച്ചില്ലെങ്കിലും ഞാനും പറഞ്ഞുവയ്ക്കുന്നു. വളരെ വേദനയോടെ, വലിയ മാറ്റമുണ്ടെങ്കിലും കീഴാളവർഗത്തെ നോക്കുന്ന മുഖ്യധാരാ സമൂഹത്തിന്റെ മനസ്ഥിതി ഇനിയും മാറേണ്ടിയിരിക്കുന്നു.



നിറവ് 2017
ഇ&എസ് എറണാകുളം


Amritha
D/o Deepa Balakrishnan
TSO, Aluva

കവിത

# നാട്ടുകാർ അടുക്കാൻ അകലേണ്ടി വന്ന ജീവിതം

ശ്യാംപ്രസാദ്.വി.
സ്റ്റാഫ്. ഇൻവെസ്റ്റിഗേറ്റർ
കൊച്ചി താലൂക്ക്

വികസനത്തിന് കുടിയൊഴിപ്പിച്ചു
നാട്ടുവിട്ടോടേണ്ടി വന്നു..
താന്നൂർ സുന്ദരിയായിരുന്നു അന്നും, ഇന്നും
മലയിടുക്കിലൊരു തോട്, താന്നൂർ തോട്
ഇരുകരയിലുമായി പച്ചപ്പ്

അന്ന് അത് കൗതുകമായിരുന്നു
മലതുരക്കാൻ വന്ന യന്ത്രങ്ങൾ
തുറന്ന് തന്നൊരു ചെമ്മൺ പാത
എന്റെ ഗ്രാമം നഗരത്തിലേക്കോ, തിരിച്ചോ വലിഞ്ഞുകേറി

എങ്ങോ വാരാൻ പോയ കഥ
അമ്മയുടെ നാവിൻ തുമ്പിലുണ്ടായിരുന്നു.
വലയെറിയാൻ മാമന്റെ കൂടെ പോയത്
മധുരമൂറും ഓർമ്മകൾ മാത്രമായി.

ഉപ്പക്കറിയും, ചാളണ്ടിയും
പനിയനും ഉളികനും കണ്ടാസ്വദിച്ച്
താന്നൂർ തോട്ടിൽ കുളിച്ച്, കളിച്ച്
മധുരമൂറും ഓർമ്മകളായി

ഇന്ന് അറബിക്കടലിന്റെ ഇരമ്പൽ കേൾക്കാതെയില്ല,
മംഗളയുടെ കൂക്കിവിളിയും
ഞാൻ അകന്നുപോയി
താന്നൂരിൽ നിന്നകന്നു പോയി



ഇ&എസ് എറണാകുളം



B. ജയലക്ഷ്മി
C/o സൂര്യ നാരായണൻ
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ Gr. I
താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ
ഓഫീസ് ആലുവ

നിറവ് 2017

ലേഖനം

# മാലിന്യത്തിൽ നിന്ന് സമ്പാദ്യം

സുരേഷ്കുമാർ. വി.
E.O(P&M) ഇടപ്പള്ളി ബ്ലോക്ക്

ഇന്ത്യയിൽ പ്രതിദിനം ഒരു ലക്ഷം മെട്രിക് ടൺ മാലിന്യം പുറന്തള്ളപ്പെടുന്നതായി സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. കേരളം പ്രതിദിനം പുറന്തള്ളുന്നത് 600 ടൺ മാലിന്യമാണെന്ന് അനൗദ്യോഗിക കണക്കുകൾ പറയുമ്പോൾ ഇതിൽ കൊച്ചിയുടെ മാത്രം സംഭാവന 420 ടൺ വരും. ഇതിൽ ജൈവ അജൈവ മാലിന്യങ്ങൾ ഉൾപ്പെടുന്നു. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വിവിധ പദ്ധതികളുമായി കേന്ദ്രസംസ്ഥാന സർക്കാരുകളുമായി മുന്നോട്ടുപോകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരിതര ഏജൻസികളും നൂതനസംസ്കരണ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇതിനിടയിൽ വ്യക്തിഗത സംസ്കരണ ആശയങ്ങൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നവരെയും മാതൃകയാക്കേണ്ടതുണ്ട്. ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതോടൊപ്പം ഒരു ധനാഗമമാർഗ്ഗം കൂടിയാക്കി മാറ്റുന്നത് ശ്ലാഘനീയമാണ്. കൊച്ചി, കാക്കനാട് തുതിയൂരിലുള്ള ക്ഷീരജൈവ കർഷകനായ പോൾമാത്യുവിന്റെ വിജയഗാഥ ഏവർക്കും മാതൃകയാകുന്നു.

മാലിന്യ നിർമ്മാർജ്ജനത്തിലൂടെ ധനാഗമമാർഗ്ഗങ്ങളും കണ്ടെത്താമെന്ന് തെളിയിച്ചിരിക്കുകയാണ് ഈ മാതൃകാ കർഷകൻ. സ്വന്തം പുരയിടത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ മാലിന്യങ്ങൾ പ്രത്യേകം തയ്യാറാക്കിയ ടാങ്കിൽ നിക്ഷേപിച്ച് അവ സ്വന്തം വാഹനത്തിൽ കയറ്റി മോട്ടോർ പമ്പിന്റെ സഹായത്തോടെ ആവശ്യക്കാർക്ക് അവരവരുടെ പറമ്പുകളിൽ കാർഷികവളമായി അടിച്ചുകൊടുക്കുന്നു.

തന്റെ ഒരേക്കറിലധികം വരുന്ന പുരയിടത്തിൽ അദ്ദേഹം 51 പശുക്കളെയാണ് വളർത്തുന്നത്. ഇതിൽ 31 എണ്ണം കറവപ്പശുക്കളാണ്. ഇവയിൽ നിന്ന് കറന്നെടുക്കുന്ന പാൽ 'ഉണർവ്' എന്ന പേരിൽ പായ്ക്കറ്റിലാക്കി കാക്കനാട്ടും പരിസരപ്രദേശങ്ങളിലും വിറ്റുവരുന്നു. ഈ പശുക്കളിൽ

നിറവ് 2017



ഇ&എസ് എറണാകുളം

നിന്ന് ലഭിക്കുന്ന ഗോമൂത്രം തൊഴുത്തിൽ നിന്ന് പൈപ്പിലൂടെ പ്രത്യേക ടാങ്കിൽ ശേഖരിക്കുന്നു. ചാണകം ഉണക്കി പൊടിച്ച് വിൽക്കുന്നു.

ജൈവവളം വിൽപനയിലൂടെ മാത്രം അദ്ദേഹത്തിന് പ്രതിമാസം 50,000/- രൂപ ലഭിക്കുന്നു. 2000 ലിറ്റർ (ഒരു ടാങ്ക്) ജൈവമാലിന്യത്തിന് 2000 രൂപയാണ് ഈടാക്കുന്നത്. സ്വന്തമായി ടെമ്പോവാൻ ഉള്ളതുകൊണ്ട് കടത്തുകൂലി ഇനത്തിലും ലാഭമുണ്ട്. വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ചീര, പയർ, മരച്ചീനി-തോട്ടങ്ങളിലാണ് ഈ ജൈവവളം കൂടുതലായി ഉപയോഗിച്ചു വരുന്നത്. ജൈവവളത്തിൽ കൂടുതലും ഗോമൂത്രമായതിനാൽ ദുർഗന്ധവും വമിക്കുന്നില്ല. മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെ മാതൃകാകർഷകനായി മാറിയ പോൾമാത്യുവിനെ തേടി നിരവധി പുരസ്കാരങ്ങളുമെത്തിയിട്ടുണ്ട്. മാലിന്യം ഒരേസ്ഥലത്ത് കുന്നുകൂടി കിടക്കുന്നതിലൂടെയാണ് കൊതുകും മറ്റുപ്രാണികളും പെറ്റുപെരുകുന്നത്. പോൾ മാത്യു ചെയ്യുന്ന രീതിയിലുള്ള മാലിന്യനിർമ്മാർജ്ജനം മറ്റുള്ളവർക്കും മാതൃകയാക്കാവുന്നതാണ്. 51 പശുക്കളുണ്ടെങ്കിലും തൊഴുത്തും പരിസരവും ആരോഗ്യപരമായി വൃത്തിയായി സൂക്ഷിക്കുകയാണ് പോൾ മാത്യു.

പശുത്തൊഴുത്തിൽ നിന്നു ലഭിക്കുന്ന സ്ലറിക്കു പുറമെ പോൾ മാത്യു വളർത്തുന്ന മത്സ്യങ്ങളും വറ്റിക്കുമ്പോൾ ലഭിക്കുന്ന മത്സ്യ അവശിഷ്ടങ്ങൾ അടങ്ങിയ ജൈവമാലിന്യവും ടെമ്പോവാനിൽ കയറ്റി അദ്ദേഹം ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുന്നു. 2000 ലിറ്റർ സംഭരണ ശേഷിയുള്ള ടെമ്പോവാനിൽ നിർദ്ദിഷ്ട സ്ഥലങ്ങളിൽ എത്തിക്കുകയാണ് പതിവ്. വാഹനം പാർക്ക് ചെയ്യുന്ന സ്ഥലത്തുനിന്ന് 200 മീറ്ററോളം ദൂരത്തിൽ ഹോസ് ഘടിപ്പിച്ച് മോട്ടോർ പമ്പുപയോഗിച്ചാണ് 'ജൈവവളം' പറമ്പുകളിലേയ്ക്ക് അടിച്ചുകൊടുക്കുന്നത്. കൊച്ചിയിലെ നഗരപ്രദേശങ്ങളിലും മുളന്തുരുത്തിയിലുമുള്ള കൃഷിതോട്ടങ്ങളിലേയ്ക്കാണ് അദ്ദേഹത്തിന്റെ 'മൊബൈൽ ജൈവവളം' പതിവായി നൽകിവരുന്നത്. വളം നേർപ്പിച്ച് ചെടികൾക്കും ഫലവൃക്ഷാദികൾക്കും ലഭിക്കുന്നതിനായി ചിലയിടങ്ങളിൽ ഗുണഭോക്താക്കൾ വെള്ളം കൂട്ടി ഇതോടൊപ്പം പമ്പു ചെയ്യുന്നു. ഇത് ദുർഗന്ധം



നിറവ് 2017
ഇ&എസ് എറണാകുളം

ഒക്കമുന്നതിന് സഹായിക്കുന്നു. ഒരു മണിക്കൂറിനുള്ളിൽ 2000 ലിറ്റർ ജൈവമാലിന്യം കൃഷിസ്ഥലങ്ങളിൽ പമ്പ് ചെയ്യാനാകുന്നു.

പശുക്കൾക്ക് ഭക്ഷണമായി നൽകുന്നത് പച്ചിലകളാണ്. അതും ഹൈഡ്രോപോണിക്സ് (Hydroponics) സംവിധാനത്തിലൂടെ പാകി മുളപ്പിച്ചത്. ഇങ്ങനെ നട്ടുവളർത്തിയ ചോളം, പയർ ചെടികൾ എന്നിവ കന്നുകാലികൾക്ക് ഏറ്റവും മികച്ച പോഷകാഹാരമാണെന്ന് ഇടപ്പള്ളി ബ്ലോക്ക് ക്ഷീരവികസന ഓഫീസർ പ്രിയ ജോസഫ് അഭിപ്രായപ്പെടുന്നു. പാലിന്റെ അളവും ഗുണവും ഇതിലൂടെ വർദ്ധിക്കുന്നു.

ഗിനിപ്പന്നി, ആട്, മുയൽ എന്നീ മൃഗങ്ങളേയും പോൾ മാത്യു തന്റെ കൃഷിയിടത്തിൽ പരിപാലിച്ചു വരുന്നു. ലാബ് പരീക്ഷണങ്ങൾക്കായി ധാരാളം ഗിനിപ്പന്നികളെ ഇവിടെ നിന്ന് വിറ്റുവരുന്നു. തന്റെ കൃഷിയിടത്തിൽ നിന്നു ലഭിക്കുന്ന ആട്ടിൻ കാഷ്ഠവും കോഴിക്കാഷ്ഠവും പോൾമാത്യു വിറ്റുവരുന്നുണ്ട്. തന്റെ കൃഷിക്കുപയോഗിക്കുവാനുള്ള ജൈവവളം മാറ്റിവച്ചതിനു ശേഷമാണ് വിൽപ്പന.

പുരയിടത്തിൽ മത്സ്യകൃഷി നടത്തുന്ന അദ്ദേഹത്തിന്റെ പക്കലുള്ള ഒരു 'അരോണ' മത്സ്യത്തിന് 30000/- രൂപയാണ് വില. കൃഷി കാര്യങ്ങളിൽ സ്വയം പര്യാപ്തത കൈവരിച്ചുകഴിഞ്ഞ അദ്ദേഹത്തിന് മാലിന്യസംസ്കരണ ശുചീകരണപ്രവർത്തനങ്ങളിൽ സഹായിക്കാനായി ഏതാനും ബംഗാൾ, ഒഡീഷ തൊഴിലാളികളും ഉണ്ട്. പോൾമാത്യുവിന്റെ പ്രവർത്തനങ്ങൾ ഏവർക്കും മാതൃകയാക്കാവുന്നതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.



നിറവ് 2017

ഇ&എസ എറണാകുളം

# ന്യൂജെൻ പാരന്റിംഗ്

സരിത സുഭാഷ്
സ്റ്റാഫ്. അസിസ്റ്റന്റ് GR.I
ജില്ലാ ഓഫീസ് എറണാകുളം



വർത്തമാനകാലത്തിലെ മാതാപിതാക്കളെയെല്ലാം ഇരുത്തിച്ചിന്തിപ്പിക്കുന്ന അവർക്ക് ഏറ്റവും അധികം തലവേദന സൃഷ്ടിക്കുന്ന വിഷയമാണ് 'ന്യൂജെൻ പാരന്റിംഗ്.' എന്താണ് ന്യൂജെൻ പാരൻറിംഗ് ? നല്ല മലയാളത്തിൽ പറഞ്ഞാൽ നമ്മുടെ കുട്ടികളെ കൈകാര്യം ചെയ്യുന്ന വിഷയം തന്നെ. നെറ്റി ചുളിക്കേണ്ട. കൈകാര്യം ചെയ്യാൻ കുട്ടികളെന്താ, കള്ളനോ, കൊള്ളക്കാരനോ, പട്ടിയോ, പൂച്ചയോ ആണോ എന്ന് തിരിച്ച് ചോദിക്കുകയും വേണ്ട. മനസ്സിരുത്തി ആലോചിച്ചു നോക്കിയാൽ മനസ്സിലാകും നാം അവരെ കൈകാര്യം ചെയ്യുക തന്നെയല്ലേ ഇപ്പോൾ ചെയ്തുവരുന്നത് ?

തലമുറകൾ തമ്മിലുള്ള അന്തരം വളരെ-
യധികം വർധിച്ചു വരുന്ന കാലഘട്ടമാണിത്. പുതിയ
തലമുറ ആധുനികവൽക്കരണത്തിനൊപ്പമാണ്. അത്
ഒരു പരിധിവരെ അനുഗ്രഹമായി നാം കരുതണം. കാരണം
ആധുനിക ലോകത്തിൽ ജീവിക്കുന്നതിനായി ഓരോ
കുട്ടിയെയും പാകപ്പെടുത്തി എടുത്താൽ മാത്രമേ മത്സ-
രത്തിലും വേഗത്തിലും നമ്മുടെ കുഞ്ഞിനും മറ്റുള്ള-
വർക്കൊപ്പമെത്താൻ സാധിക്കൂ. പക്ഷെ, നമ്മുടെ മക്കൾ
ഇപ്പോൾ അനുഭവിക്കുന്ന, ആധുനികവൽക്കരണത്തിന്റെ
പേരിലുള്ള സുകര്യങ്ങൾ അവരെ മുന്നോട്ടല്ല നയിക്കുന്നത്.
മറിച്ച് സംസ്കാര ശൂന്യതയുടെ പടുകുഴിയിലേക്ക് തള്ളി-
വിടുകയാണ് ചെയ്യുന്നത്. ഇതിന് നമ്മൾ മാതാപിതാക്കൾ
തന്നെയാണ് വലിയൊരു അളവ് വരെ ഉത്തരവാദികൾ.
മാതാപിതാക്കൾ എന്ന വാക്കിന്റെ അർത്ഥമെന്താണെന്ന്
ആലോചിച്ചിട്ടുണ്ടോ? അളവില്ലാത്ത സ്നേഹവും പരിച-
രണവും പരിധിയില്ലാതെ പരാതിയില്ലാതെ നൽകാൻ
കഴിയുന്നവരാണ് മാതാപിതാക്കൾ. യഥാർത്ഥ മാതാപിതാ-
ക്കൾക്കുമാത്രമേ അങ്ങിനെ സ്നേഹം നൽകാൻ സാധിക്കൂ.
ഒരു കുട്ടി വളർന്നവലുതായി നല്ലനിലയിൽ എത്തിച്ചേ-
രുമ്പോഴാണ് മാതാപിതാക്കൾ എന്ന അർത്ഥത്തിൽ
നമ്മുടെ ജീവിതം സാർത്ഥകമാകുന്നത്. എന്നാൽ
കുട്ടികൾ ആവശ്യപ്പെടുന്നതെല്ലാം അവർക്ക് വാങ്ങിക്കൊ-
ടുക്കുന്നതല്ല യഥാർത്ഥ സ്നേഹം. അവർ വാശിപിടിക്കു-
മ്പോഴും വഴക്കുണ്ടാക്കുമ്പോഴും, അവരുടെ മനസ്സ്
വിഷമിക്കുമല്ലോ എന്നോർത്ത് അവരുടെ എല്ലാ ഇഷ്ട-
ങ്ങളും സാധിച്ചുകൊടുക്കുന്നതുമല്ല.

ചില മാതാപിതാക്കൾ, ഞാനും ഇതേപോലെ
തന്നെയുള്ള സാഹചര്യത്തിലല്ലേ വളർന്നുവന്നതെന്ന

നിറവ് 2017

ഇ&എസ് എറണാകുളം

ചിന്തിക്കുന്നുണ്ടാവും. അന്നും ആധുനികതയുടെ പൊട്ടും പൊടികളും മറ്റൊരു രൂപത്തിൽ എനിക്കു ചുറ്റും ഉണ്ടായിരുന്നുവെങ്കിലും ഞാൻ വഴിതെറ്റിയില്ലല്ലോ എന്നും ആലോചിക്കുന്നുണ്ടാകാം. എന്നാൽ അത് നിങ്ങളുടെ സ്വഭാവഗുണം കൊണ്ടാണ് എന്ന് വിചാരിക്കുന്നുവോ? അല്ല. അന്ന് നിങ്ങൾക്കു ചുറ്റും മുത്തശ്ശിയുടെയും മുത്തശ്ശന്റെയും സ്നേഹത്തോടെയുള്ള താലോടലും ശാസനയും പൂക്കളുടെ ചിരിയും കളിച്ചുല്ലസിക്കാൻ മാവിൻ ചോടുകളും കുളങ്ങളും കഥകളും പാടി ഒഴുകുന്ന പുഴകളും മധ്യവേനലവധിക്കാലങ്ങളും നിറയെ കൂട്ടുകാരുമുണ്ടായിരുന്നു. ഇന്നോ? നമ്മുടെ കുഞ്ഞുങ്ങൾക്കു ചുറ്റും ഫേസ്ബുക്കും വാട്സ് ആപ്പും സൃഷ്ടിച്ചിരിക്കുന്ന വലകളും ഫ്ലാറ്റിന്റെ/വീടിന്റെ നാലു ചുമരുകളും തനിവെക്കുന്നങ്ങൾ സുലഭമായി കാണാൻ സാധിക്കുന്ന വൃദ്ധാശ്രമവും കോച്ചിംഗ് ക്ലാസ്സുകൾ മാത്രമുള്ള മധ്യവേനലവധികളും വീഡിയോ ചാറ്റിംഗിലൂടെയുള്ള തെറ്റായ സൗഹൃദങ്ങളും ദേഷ്യവും അസഹിഷ്ണുതയും മാത്രം പ്രകടിപ്പിക്കുന്ന മാതാപിതാക്കളും മാത്രമേ ഉള്ളൂ. പിന്നെന്തിന് അനുസരണക്കേട് കാണിക്കുന്നതിന് അവരെ മാത്രം കുറ്റം പറയണം?

മുത്തശ്ശനും മുത്തശ്ശിയും വൃദ്ധസദനങ്ങളിൽ ജീവിക്കുന്ന ഇക്കാലത്ത് കഥ പറഞ്ഞ് കൊടുത്ത് അവരെ ഉറക്കാൻ ആരുമില്ല. ഒരു കുഞ്ഞ് ജനിച്ചുവീഴുമ്പോൾ തന്നെ അച്ഛനും അമ്മയും അവരെ ചിട്ടകൾ പറഞ്ഞ് പഠിപ്പിക്കുന്ന അധ്യാപകരായി മാറാൻ തയ്യാറെടുക്കുകയാണ്. ഡേ കെയറിലോ ആയമാരുടെ സംരക്ഷണത്തിലോ പകൽ മുഴുവൻ വളരുന്ന കുട്ടികളും ജോലി ചെയ്ത് ഓഫീസിലെ ടെൻഷനുകൾ

നിറവ് 2017

ഇ&എസ് എറണാകുളം

മുഴുവൻ തലയിൽ നിറച്ചുവരുന്ന മാതാപിതാക്കളും തമ്മിൽ വീടെന്ന രാത്രി സങ്കേതത്തിൽ ഒത്തുചേരുന്നു. അവിടെ പിന്നെയൊരു വീർപ്പുമുട്ടലാണ്. ആർക്കും ആരോടും സ്നേഹം പ്രകടിപ്പിക്കാൻ സമയമില്ല. അടുക്കളയിൽ ജോലിത്തിരക്കിലായ അമ്മ, സുഹൃത്തുക്കളോട് സംസാരിച്ച് സമയം കളയുന്ന അച്ഛൻ, അതുമല്ലെങ്കിൽ ഇത്തിരി സമയം കിട്ടിയാൽ ഫേസ്ബുക്കിലും വാട്സ് ആപ്പിലും തലപൂഴ്ത്തുന്ന അച്ഛൻ/അമ്മ; ടെലിവിഷനു മുന്നിൽ സമയം കളയുന്ന സഹോദരങ്ങൾ. ഇതിനിടയിൽ പരസ്പരം സ്നേഹിക്കാൻ ആർക്കും സമയമില്ല. ദേഷ്യവും ടെൻഷനും വഴക്കും അസഹിഷ്ണുതയും മാത്രം കണ്ടുവളരുന്ന കുഞ്ഞുങ്ങൾക്ക് സ്നേഹമെന്താണെന്ന് എങ്ങിനെ മനസ്സിലാകും? സ്നേഹം മനസ്സിലാക്കാതെ വളരുന്ന അവർ കുമാരപ്രായത്തിലെത്തുമ്പോഴാണ് നമ്മിൽ നിന്നും ഒത്തിരി അകലെയാണവർ എന്ന് നമുക്ക് മനസ്സിലാവുന്നത്.

എന്റെ മകൻ/മകൾ എന്നേക്കാളും ഒരു പടി മുന്നിൽ ജീവിതത്തെ കാണണം എന്നാണ് നാം ഓരോരുത്തരും ആഗ്രഹിക്കുന്നത്. അതിന് നമുക്ക് ചെയ്യാൻ കഴിയുന്നത് ഒന്നേയുള്ളൂ. അവന്/അവൾക്ക് അവരർഹിക്കുന്ന സ്നേഹവും പിന്തുണയും നൽകി വളർത്തുക. അവരോടൊപ്പം, അവരുടെ മനസ്സിനൊപ്പം നിന്ന് അവരുടെ ജീവിതത്തെ മനസ്സിലാക്കുക. അവർക്ക് വളരാൻ, ഭയമില്ലാത്ത, വെറുപ്പില്ലാത്ത, അസഹിഷ്ണുതയുടെ മുള്ളുകളില്ലാത്ത സ്നേഹം കൊണ്ടുള്ള പൂന്തോട്ടം ഒരുക്കിക്കൊടുക്കുക. എന്നാൽ മാത്രമേ അവിടെ മനുഷ്യത്വത്തിന്റെയും സന്തോഷത്തിന്റെയും

നിറവ് 2017

ഇ&എസ എറണാകുളം

പൂക്കൾ വിടരുകയുള്ളൂ. എന്നാൽ മാത്രമേ ഓരോ മാതാപിതാക്കൾക്കും ലോകത്തിന് ഒരു നല്ല മനുഷ്യനെ സമ്മാനിക്കാൻ കഴിയുകയുള്ളൂ.

എല്ലാ സാഹചര്യങ്ങളിലും സ്നേഹം മാത്രം കൊടുത്താൽ അവർക്ക് സ്വന്തമായി പറക്കാൻ കഴിയില്ല. ഒരു ചിത്രശലഭം അതിന്റെ കൊക്കൂണിൽ നിന്നും സ്വയം പൊട്ടി പുറത്തു വന്നാൽ മാത്രമേ അതിന് പറക്കാൻ കഴിയൂ. നേരെ മറിച്ച് അതനുഭവിക്കുന്ന വേദന കണ്ട് സഹിക്കാൻ പറ്റാതെ, സ്നേഹം കൊണ്ട് കൊക്കൂൺ പൊട്ടിച്ചു കൊടുത്താൽ ആ പൂമ്പാറ്റയ്ക്ക് ഒരിക്കലും പറക്കാൻ കഴിയില്ല. ഇന്നത്തെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ സ്നേഹത്തിന് പരിധി നിശ്ചയിക്കാനാവില്ല. തെങ്ങിനൊഴിക്കുന്ന അതേ അളവിലുള്ള വെള്ളം ഒരു റോസാച്ചെടിക്ക് നൽകിയാൽ അത് ചീഞ്ഞുപോകും. അതിനാൽ ഏതു തരം ചെടിയാണ് നമ്മുടെ കുഞ്ഞ് എന്ന് മനസ്സിലാക്കി അതിനെ അതിന്റെ സ്വാഭാവിക രീതിയിൽ പരിചരിച്ച് നല്ലൊരു മനുഷ്യനായി ജീവിക്കുവാൻ പ്രാപ്തനാക്കുക.

കുഞ്ഞുങ്ങൾ എല്ലായ്പ്പോഴും നമ്മേക്കാൾ സന്തോഷവാൻമാരായിരിക്കും. അതേപോലെ സന്തോഷമായിരിക്കാൻ നമ്മളും അവരോടൊപ്പം ചേരണം. ഒത്തിരി കാര്യങ്ങൾ അവരെ പഠിപ്പിക്കുന്ന പോലെ ഒരുപാടു കാര്യങ്ങൾ നമുക്കവരിൽ നിന്നും പഠിക്കാനുമാകും. അതിനുവേണ്ടി അവരായി മാറുക. അവരോടൊപ്പം സന്തോഷിക്കുക. നമ്മുടെ ശീലങ്ങളും

നിറവ് 2017

ഇ&എസ് എറണാകുളം

ചിന്തകളും അവരിൽ അടിച്ചേൽപ്പിക്കാതിരിക്കുക. നല്ലതും ചീത്തയും വേർതിരിച്ച് മനസ്സിലാക്കിക്കൊടുക്കുക. എന്നും ദേഷ്യപ്പെട്ട് മാത്രം സംസാരിക്കുന്ന ഒരു പിതാവിന് എങ്ങനെ മകനോട് ശാന്തനായി സംസാരിക്കാൻ ആവശ്യപ്പെടാൻ സാധിക്കും? എപ്പോഴും ഓൺലൈൻ ചാറ്റിംഗ് നടത്തുന്ന മാതാവിന് മകനോട് ഓൺലൈൻ ഗെയിംസ് കളിക്കരുതെന്ന് എങ്ങിനെ നിർദ്ദേശിക്കാൻ പറ്റും?

ഒരു നല്ല പൗരനായി നിങ്ങളുടെ കുട്ടിയെ വളർത്തണമെങ്കിൽ ആദ്യം നിങ്ങളിൽ എന്ത് മാറ്റം വരുത്തണമെന്ന് ചിന്തിക്കുക. പുറം മോടിയിലെ മാറ്റമല്ല. നമ്മിലെ ആന്തരികമായ മാറ്റമാണ് വേണ്ടത്. അതെന്തുമാകാം? ദേഷ്യം, കുറ്റപ്പെടുത്തൽ, അവഗണന തിരക്കുപിടിച്ച ജീവിതശൈലി, മറ്റുള്ളവരോടുള്ള പെരുമാറ്റം, ഭാര്യാഭർതൃബന്ധത്തിലെ അപസ്വരങ്ങൾ തുടങ്ങി നിങ്ങൾക്കുള്ള ഇതിലേതെങ്കിലും കുറഞ്ഞത് മൂന്ന് സ്വഭാവവൈകല്യങ്ങളെങ്കിലും മാറ്റാൻ നിങ്ങൾക്ക് സാധിക്കുമെങ്കിൽ, ഈ ലോകത്തിന്റെ കപടതകൾക്കു മുന്നിൽ പകച്ച് വഴിയറിയാതെ നിൽക്കുന്ന മക്കളെ, പ്രത്യേകിച്ചും കൗമാരത്തിലെത്തി നിൽക്കുന്ന കുഞ്ഞുങ്ങളെ നേർവഴി കാണിച്ചുകൊടുക്കാൻ നിങ്ങൾക്കും സാധിക്കും. നിശ്ചയമായും.

x ══════ x

നിറവ് 2017

ഇ&എസ് എറണാകുളം


HARRIS ANIL
OCT '17

# സാമ്പത്തിക അവലോകനം 2016

## കാർഷികമേഖലയുടെ പ്രകടനം

2011-12 ൽ ഇന്ത്യയിലെ മൊത്തം തൊഴിൽസേനയുടെ 48.9 ശതമാനവും കാർഷികവൃത്തിയിലായിരുന്നു. 2014-15 ൽ ആദ്യം (പുതുക്കിയ കണക്കുകൾ പ്രകാരം) ഇന്ത്യയുടെ ആഭ്യന്തര ഉൽപാദനത്തിൽ കൃഷിയുടെ പങ്ക് സ്ഥിരവിലയുടെ അടിസ്ഥാനത്തിൽ (2011-12) 17.4 ശതമാനമാണ്. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് (2012-13 മുതൽ 2016-17 വരെ) കൃഷി അനുബന്ധ മേഖലകളിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച 4 ശതമാനമായിരുന്നു. ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ച 8 ശതമാനം കൈവരിക്കുന്നതിന് കാർഷിക മേഖലയിലെ 4 ശതമാനം വളർച്ച അനിവാര്യമാണ്. കഴിഞ്ഞ 3 വർഷങ്ങളിൽ കാർഷിക മേഖലയിലെ വളർച്ചാ നിരക്ക് അസ്ഥിരമായി തുടരുന്നു. 2012-13 ൽ 1.5 ശതമാനം ആയിരുന്നത് 2013-14 ൽ 4.2 ശതമാനവും 2014-15 ൽ -0.2 ശതമാനവുമായി. (സി.എസ്.ഒ) സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ പ്രസിദ്ധീകരിക്കുന്ന 'ദേശീയ വരുമാനത്തിന്റെ താൽക്കാലിക എസ്റ്റിമേറ്റ് 2016-17' അനുസരിച്ച് കൃഷി, വനം, മത്സ്യബന്ധന മേഖലകളിലെ വളർച്ച 4.1 ശതമാനമാണ്.

കേരളത്തിന്റെ കാർഷിക മേഖല വളർച്ചയുടെ രൂക്ഷമായ ഒരു പ്രതിസന്ധി ഘട്ടത്തെ അഭിമുഖീകരിക്കുകയാണ്. 2011-12 വർഷത്തെ അടിസ്ഥാനപ്പെടുത്തി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് തയ്യാറാക്കിയ കണക്ക് പ്രകാരം 12-ാം പദ്ധതിക്കാലത്തിന്റെ ആദ്യവർഷം (2012-13) കൃഷി അനുബന്ധ മേഖലകളിലെ വളർച്ച 1.43 ശതമാനമായിരുന്നു. തുടർന്നുള്ള 3 വർഷങ്ങളിൽ കുറവ് വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2013-14 ൽ -6.31 ശതമാനം, 2014-15 ൽ -1 ശതമാനം, 2015-16 ൽ -2.9 ശതമാനം. 2011-12 ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപാദനത്തിൽ കാർഷിക അനുബന്ധ മേഖലയിലെ വിഹിതം 14.38 ശതമാനമായിരുന്നത് 2014-15 ൽ 11.48 ശതമാനം ആയും 2015-16 ൽ 10.38 ശതമാനമായും കുറഞ്ഞു.

സീന ചെറിയാൻ
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR.II
പറവൂർ താലൂക്ക്

നിറവ് 2017



# പൊക്കാളിപ്പാടം

ശ്യാമപ്രസാദ്
സ്റ്റാറ്റി. ഇൻവെസ്റ്റിഗേറ്റർ GR. I
കൊച്ചി താലൂക്ക്

കാത്തിരുന്ന് മഴയെത്തി
മനം നിറഞ്ഞു
പൊക്കാളിപ്പാടത്താകെയും
ജലം നിറഞ്ഞു

ഒരുക്കിയെടുത്ത പാടത്ത് പ്രതീക്ഷയോടെ
ഇരുമേനിക്കായ് വിത്തെറിഞ്ഞു
ഫോട്ടോ പിടിക്കാനാളുകളെത്തി
പത്രമുത്തശ്ശിമാർക്കൊരു കോളം വാർത്തയായി

നിറവ് 2017

ഇ&എസ് എറണാകുളം

ആഗ്രഹിച്ചത് പോലെ
കടലമ്മ കനിഞ്ഞു
പൊക്കാളിപ്പാടത്തൊക്കെയും
ഉപ്പ് കയറി. പാടം നിറഞ്ഞു.

കോടികൾ മുടക്കിയ വിരിപ്പ് കഴിഞ്ഞു
പൊക്കാളിയൊക്കെയും....
ഇനിയൊരു കാത്തിരുപ്പ്, വിത്തുമായ്
അടുത്ത വർഷത്തെ വിത്തെറിയാനായ്

ചെമ്മീൻ കെട്ടിന് നേരമായ്
കെട്ടുകാരൻ തഉതിയായ് വിത്തെറിഞ്ഞു
ആദ്യമേനി ഫോട്ടോ പിടിക്കാനാളുകളെത്തി
പത്രമുതലാളിമാർക്കിത് വിരുന്നായും വാർത്ത

മനുഷ്യാധ്വാനങ്ങളരുതേ, വിയർപ്പുപൊടിയരുതേ
അന്നത്തിന് മുട്ടില്ല, അത് മുടങ്ങില്ല,
വിയർപ്പൊഴുക്കാൻ ആന്ധ്രയും ബംഗാളുമുണ്ടല്ലോ,
പാഠം ഒന്ന് പൊക്കാളി പാടം.

നിറവ് 2017

ഇ&എസ് എറണാകുളം


നിറവ് 2017
Krishnananda P.S.
D/o Nirmala K.N.
Statistical Investigator Gr. I.
Taluk Statistical Office, Kothamangalam.

# ഹാരപ്പയും - പൗരാണിക നാഗരികതകളും

ടി.പി. ഹരജൻ, റിസർച്ച് ഓഫീസർ (റിട്ട.)

ക്രിസ്തുവിനു മുമ്പുള്ള അയ്യായിരം വർഷത്തിനുള്ളിലാണ് ലോകത്തെ പ്രധാന നാഗരികതകളെല്ലാം വളർച്ച പ്രാപിച്ചത്. ഗ്രീസ്, റോം, അസ്സീറിയ, ബാബിലോണിയ, ഈജിപ്ത് എന്നീ നാഗരിക സംസ്കാരങ്ങളുടെ വളർച്ച ചരിത്രകാരന്മാരെ അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഗ്രീസിലെ പാർത്തനോൺ, റോമിലെ കൊളോസ്സിയം, അസ്സീറിയയിലെ - നിനവെ നഗരത്തിലെ അത്ഭുത ശില്പങ്ങൾ, ഈജിപ്തിലെ പിരമിഡുകൾ എന്നിവയെല്ലാം ലോകാത്ഭുതങ്ങളായി നിലകൊള്ളുന്നു.

ഇന്ത്യയിലെ സിന്ധുനദീതട നാഗരികത വികാസം പ്രാപിച്ചത് ഈ കാലഘട്ടത്തിൽ തന്നെയാണ്. ഹാരപ്പ, മോഹൻജോദാരോ എന്നീ പൗരാണിക നഗരങ്ങൾ ആധുനിക നഗരാസൂത്രണ വിദഗ്ധരെയും എൻജിനീയർമാരെയും അമ്പരിപ്പിക്കുന്നു. വടക്കു-പടിഞ്ഞാറൻ ഇന്ത്യയിലും അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ എന്നിവിടങ്ങളിലും സിന്ധുനദീതട സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ വ്യാപിച്ചുകിട-ക്കുന്നു.

1862-ൽ ലാഹോർ - കറാച്ചി റെയിൽപാതക്കുവേണ്ടി ഉപയോഗിച്ച ചുട്ട ഇഷ്ടിക മഹത്തായ-

നിറവ് 2017

ഒരു പൗരാണിക കേന്ദ്രത്തിന്റേതായിരുന്നുവെന്ന് വളരെ വൈകിയാണ് പുറം-ലോകം അറിഞ്ഞത്. 150 കിലോമീറ്ററോളം റെയിൽപ്പാത നിർമ്മാണത്തിന് ഉപയോഗിച്ചത് ഹാരപ്പയിലെയും മോഹൻജൊദാരോയിലെയും കെട്ടിടങ്ങളിലെ ഇഷ്ടിക ഉപയോഗിച്ചായിരുന്നു.

മദ്ധ്യേഷ്യയിൽ നിന്നും ഇരുമ്പുകൊണ്ടുള്ള ആയുധങ്ങളും കുതിരകളുമായി ഹിന്ദുകുഷ് പർവ്വതനിര - കടന്നുവന്ന ആര്യന്മാർക്ക് യുദ്ധ ചാതുര്യം കൂടുതലുണ്ടായിരുന്നു. സമാധാന ജീവിതം നടത്തിയിരുന്ന ഹാരപ്പയിലെയും മോഹൻജൊദാരോയിലെയും ദ്രാവിഡജനതക്ക് കൂട്ടനാശം നേരിടേണ്ടിവന്നു. ഉന്നതമായ നഗരാസൂത്രണ രീതിയും പരിഷ്കൃതമായ ജീവിത ശൈലിയുമായി ജീവിച്ചിരുന്ന ഹാരപ്പയിലെയും മറ്റും ജനതയെ കൂട്ടക്കുരുതി നടത്തി നഗരങ്ങൾ തച്ചുതകർത്തു. ജനങ്ങൾ കൂട്ടപ്പലായനം നടത്തി. ശിലായുഗത്തിൽ ജീവിച്ചിരുന്നവരെ ഇരുമ്പ് ആയുധങ്ങളുമായി വന്നവർക്ക് എളുപ്പത്തിൽ തോൽപ്പിക്കാനായി. ആര്യ ദ്രാവിഡ യുദ്ധങ്ങളുടെ കഥകൾ ഇതിഹാസങ്ങളിലുമുണ്ട്.

തോക്കുകളും പീരങ്കികളുമായി ഇന്ത്യയിലേക്കു വന്ന യൂറോപ്യന്മാരും ഇന്ത്യയെ കീഴ്പ്പെടുത്തിയത് ആയുധ ശക്തിയുടെ മേധാവിത്വം കൊണ്ടാണ്.

ഹാരപ്പയിലും മോഹൻജൊദാരോയിലും കണ്ടെത്തിയ സൈന്ധവ ലിപികളുടെ ഇൻസ്ക്രിപ്ഷൻ പൂർണ്ണമായി വായിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. ഇന്ത്യക്കാരും വിദേശികളുമായ പലരും ഈ ലിപികൾ - വായിക്കാൻ ശ്രമിക്കുന്നുണ്ട്. ഐരാവതം മഹാദേവൻ, എസ്. ആർ. റാവു, റഷ്യൻ ഗവേഷകനായ യൂറിക്നോ,



നിറവ് 2017

ഇ&എസ് എറണാകുളം

റെസോവ മുതലായവർ ഹാരപ്പൻ ലിഖിതങ്ങൾ ദ്രാവിഡ കുടുംബത്തിൽപ്പെട്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

ക്രിസ്തുവിനുമുമ്പ് നാലായിരം വർഷം മുൻപ് ആരംഭിക്കുകയും ബി.സി. 1800-ൽ. ഉന്നതനിലയിൽ എത്തുകയും ചെയ്ത ഹാരപ്പൻ നാഗരികത ബി.സി. 1500 ആയപ്പോൾ നശിക്കുകയും ചെയ്തുവെന്നാണ് പുരാവസ്തു ഗവേഷകരുടെ നിഗമനം.

ആധുനിക നഗരാസൂത്രണ രീതികളോട് കിടപിടിക്കുന്ന ഗ്രിഡ് രീതിയിലുള്ള റോഡുകളും ഓവുചാലുകളും ന്യൂയോർക്ക് നഗരത്തോട് കിടപിടിക്കുന്നതാണെന്ന് പറയപ്പെടുന്നു. ഗുജറാത്തിലെ ലോത്തൽ, രൂപാർ, ധോളാവീര, യു.പി ക്ക് അടുത്തുള്ള ആലംഗീർപൂർ എന്നിവ സമീപകാലത്ത് ഉത്ഖനനത്തിൽ ഹാരപ്പയുടെ ഭാഗമായി കണ്ടെത്തുകയുണ്ടായി.

ദക്ഷിണേന്ത്യയിൽ ഹാരപ്പനിർ കണ്ടെത്തിയത് സംഘകാല തമിഴകത്തിന്റെ ഭാഗമായിരുന്ന ചോള സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന പുംപുഹാർ അഥവാ കാവേരിപ്പൂംപട്ടണത്തിനടുത്തുള്ള മയിലാടുംതുറൈയിൽ നിന്നാണ്; ചോള തലസ്ഥാനം പുംപുഹാർ B.C. 300-ൽ വെള്ളപ്പൊക്കത്തിൽ തകർന്നതിനുശേഷം തലസ്ഥാനം ഉറയൂരിലേക്ക് മാറ്റുകയുണ്ടായി. ചേര തലസ്ഥാനം വഞ്ചി മഹാനഗരവും പാണ്ഡ്യ തലസ്ഥാനം ആദ്യം തൂത്തുക്കുടിക്കടുത്തുള്ള കോർക്കൈയും പിന്നീട് മധുരയുമായിരുന്നു. ദക്ഷിണേന്ത്യയിൽ വികസിച്ച സംഘകാല തമിഴ് സംസ്കാരത്തിന്റെ മൂന്ന് കേന്ദ്രങ്ങളായിരുന്നു ചേര, പാണ്ഡ്യ, ചോള സാമ്രാജ്യങ്ങളുടെ വഞ്ചി, മധുര, കാഞ്ചീപുരം എന്നീ നഗരങ്ങളും.



നിറവ് 2017

ഇ&എസ് എറണാകുളം

സംഘകാല കൃതികളായ പുറനാനൂറ്, അകനാനൂറ്, പതിറ്റുപത്ത്, ചിലപ്പതികാരം, മണിമേഖല, മുതലായ സാഹിത്യ സൃഷ്ടികൾ പ്രാചീന തമിഴകത്തേയും അവിടുത്തെ ജീവിതത്തേയും വിശദമായി വർണ്ണിക്കുന്നുണ്ട്. അക്കാലത്തെ പ്രധാന തുറമുഖങ്ങളായിരുന്ന മുസിരിയും തിണ്ടിസും, വിദേശ കപ്പലുകൾ സുഗന്ധവ്യഞ്ജനങ്ങൾക്കായി മുസിരിയിൽ നങ്കൂരമിടുന്നതും യവനപ്രിയ എന്നറിയപ്പെടുന്ന കുരുമുളക് പണ്ടികശാലകളിൽ കൂട്ടിയിട്ടിരിക്കുന്നതും പുറനാനൂറിൽ വിശദീകരിക്കുന്നുണ്ട്.

അക്കാലത്ത് ഇന്ത്യയുമായി വാണിജ്യബന്ധങ്ങളുണ്ടായിരുന്ന പല വിദേശ രാജ്യങ്ങൾക്കും. ഇന്ത്യയിലെ ഗ്രീക്ക് സ്ഥാനപതിയായിരുന്ന മെഗസ്തനീസും ഗ്രീക്ക് ചരിത്രകാരനായിരുന്ന സ്ട്രാബോയും റോമൻ ചരിത്രകാരന്മാരായിരുന്ന പ്ലിനി, ടോളമി എന്നിവരെല്ലാം മുസിരിസിനെ പറ്റി പറയുന്നുണ്ട്. സുഗന്ധവ്യഞ്ജനങ്ങളുടെയും അമൂല്യ രത്നങ്ങളുടെയും കേന്ദ്രങ്ങളായിരുന്ന മുസിരിസും മധുരയും, കാഞ്ചീപുരവും. ഇന്ത്യ, ചൈന, അറേബ്യ മുതലായ രാജ്യങ്ങളിലേക്ക് ആഡംബരത്തിന് സ്ത്രീകൾക്കു വേണ്ടി 100 മില്യൺ സെസ്റ്റേഴ്സസ് സ്വർണ്ണനാണയം ആണ് ഒരു വർഷം റോമിന് നഷ്ടപ്പെടുന്നത് എന്നാണ് റോമൻ ചരിത്രകാരനായ പ്ലിനി നാച്ചുറൽ ഹിസ്റ്ററി എന്ന ഗ്രന്ഥത്തിലൂടെ അഭിപ്രായപ്പെടുന്നത്. മുത്തുകൾ, സുഗന്ധവ്യഞ്ജനങ്ങൾ, കുരുമുളക്, എണ്ണ, സിൽക്ക് തുണികൾ, പരുത്തി തുണികൾ, പഞ്ചസാര, മയിലുകൾ മുതലായവയാണ് ഇന്ത്യയിൽ നിന്ന് റോമിലേക്ക് ഇറക്കുമതി ചെയ്തിരുന്നത്. വീഞ്ഞ്, ഈയം, ആന്റിമണി, ഒലിവെണ്ണ



നിറവ് 2017
ഇ&എസ് എറണാകുളം

എന്നിവയാണ് റോമിൽ നിന്നും ഇന്ത്യയിലേക്ക് കയറ്റുമതി ചെയ്തിരുന്നത്. ഇന്ത്യയിൽ കണ്ടെത്തിയ റോമൻ നാണയങ്ങളുടെ അടിസ്ഥാനത്തിൽ റോമിന്റെ ചരിത്രം ഏകദേശം നമുക്ക് മനസിലാക്കാനാവും.

ബി.സി. 27 മുതൽ എ.ഡി. 217 വരെയുള്ള സ്വർണ്ണ നാണയങ്ങൾ അഗസ്റ്റസ്, നീറോ, കലിഗുല, വെസ്പേഷ്യൻ, ഹാഡ്രിയൻ മുതലായ ചക്രവർത്തിമാരുടേതായിരുന്നു. ബി.സി. 753-ൽ റോമുലസ്, റേമസ് എന്നീ സഹോദരന്മാരാണ് റോമാ നഗരം സ്ഥാപിച്ചത്. രാജഭരണവും പിന്നീട് റിപ്പബ്ലിക്കും ആയിരുന്ന റോമിന്റെ ഭരണം ചക്രവർത്തിമാർക്കായി. ജനാധിപത്യത്തിന്റെ ആദ്യപാഠങ്ങൾ റോമിൽ പരീക്ഷിക്കപ്പെട്ടെങ്കിലും ജൂലിയസ് സീസർ എന്ന സൈനിക ജനറൽ അധികാരം കൈക്കലാക്കി. പിന്നീട് ഭരണം ഏറ്റെടുത്ത അഗസ്റ്റസിന്റെ കാലത്താണ് ഇന്ത്യയുമായി വ്യാപാരം കൂടുതൽ സജീവമായത്. B.C. 27 മുതലുള്ള സ്വർണ്ണ നാണയങ്ങളാണ് 1851-ൽ കണ്ണൂരിനടുത്ത് കോട്ടയത്ത് കണ്ടെത്തിയത്. 1983-ൽ എറണാകുളം ജില്ലയിൽ വള്ളുവള്ളിയിൽ കണ്ടെത്തിയ സ്വർണ്ണ നാണയങ്ങൾ ഏകദേശം അഞ്ചടി ഉയരമുള്ള ഒരു മൺപാത്രം നിറയുന്നവയായിരുന്നു.

പോണ്ടിച്ചേരിക്കടുത്തുള്ള അരിക്കമേട്ടിലും പറവൂരിനടുത്തുള്ള പട്ടണത്തും കണ്ടെത്തിയ റോമൻ അവശിഷ്ടങ്ങളും മൺപാത്രകഷണങ്ങളും റോമൻ വിദേശ വ്യാപാരികളുടെ ദീർഘകാല താമസത്തിന്റെ തെളിവുകളാണ്.



നിറവ് 2017

ഇ&എസ് എറണാകുളം


ലോകം മുഴുവൻ ഉറ്റുനോക്കുന്ന ലോകപ്രസിദ്ധമായ ആ ചരിത്രത്തിന്റെ തുറമുഖം - മുസിരി അഥവ മുസിരിസ് എവിടെയാണെന്ന് എപ്പോഴാണ് കൃത്യമായി കണ്ടെത്തുക. - ഗ്രീക്കിൽ സ്യൂഡോസ്റ്റോമ - വ്യാജവായ - മുസിരി എന്ന നമ്മുടെ മുസിരി അല്ലെങ്കിൽ മുയിരിക്കോട ചരിത്രകാരൻമാരുടെയും പുരാവസ്തു ഗവേഷകരുടെയും എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിക്കുക എന്നായിരിക്കും.

? ? ?



നിറവ് 2017

ഇ&എസ് എറണാകുളം


നിറവ് 2017
FAZMINA FATHIMA
D/o AMINU.VA
STAT. ASST. DISTRICT OFFICE

ലേഖനം

# വിജയത്തെക്കുറിച്ച്

ഹാർദ്ദിക് വേണുഗോപാൽ
S/o വേണുഗോപാലൻ
E.O (P&M) [illegible] ബ്ലോക്ക്

"ഒപ്പം വരുന്നത് തുടക്കം
കൂടെ നിൽക്കുന്നത് പുരോഗതി
ഒരുമിച്ച് പ്രവർത്തിക്കുന്നതാണ് വിജയം"

ഇത് ഹെൻറി ഫോർഡ് എന്ന പ്രശസ്ത ബിസിനസ്കാരന്റെ വചനമാണ്. അതെ, ഒന്നിച്ച് പ്രവർത്തിച്ചാൽ വിജയിക്കാം. ഇതേ പറ്റി മനസ്സിലാകാൻ ഒരു കഥ പറയാം.

ഒരിക്കൽ 9, 8നെ തല്ലി 8 എന്തിനാണെന്ന് ചോദിച്ചു. അപ്പോൾ 9 പറഞ്ഞു 'നീ എന്നെക്കാൾ ചെറുതായത് കൊണ്ട്.' ഇത് കേട്ടപ്പോൾ 8, 7 നെ തല്ലി. അങ്ങനെ 7, 6നേയും 6, 5നേയും 5, 4നേയും 4, 3നേയും 3, 2നേയും 2, 1 നേയും തല്ലി. 1നോക്കിയപ്പോൾ ഇനി തല്ലാനാരുമില്ല. അതിനായി താഴെയുള്ളത് പൂജ്യം മാത്രം. വിലയില്ലാത്ത പൂജ്യത്തെ ചേർത്തുപിടിച്ചു, തല്ലാതെ. അപ്പോൾ ഒന്നും പൂജ്യവും ചേർന്ന് 10 ആയി. അതു പോലെ ഒന്നിച്ചാൽ നമുക്കും വിജയം കാണാം.

ഇതു പോലെ മറ്റൊരു കഥയുണ്ട്. അമേരിക്കയിൽ ജനിച്ച ഒരു കുട്ടിയാണ് സാൻഡേഴ്സ്. 5 വയസുള്ളപ്പോൾ അവന് പിതാവിനെ നഷ്ടപ്പെട്ടു. 16-ാം വയസ്സിൽ സ്കൂൾ പഠനം അവസാനിപ്പിച്ചു 17 വയസ്സിൽ 4 ജോലികൾ നഷ്ടപ്പെട്ടു. 18-ാം വയസ്സിൽ വിവാഹിതനായി. പിന്നെ ഒരു Railroad conductor ആയി. 19-ാം വയസ്സിൽ ഒരു മകൾ പിറന്നെങ്കിലും 20-ാം വയസ്സിൽ ഭാര്യ കുട്ടിയെയും കൊണ്ട് അദ്ദേഹത്തെ ഉപേക്ഷിച്ചു പോയി. പിന്നീട് പട്ടാളക്കാരനായി, ഇൻഷുറൻസ് ജോലിക്കാരനായി. പല ജോലികൾ ചെയ്ത് അവസാനം ഒരു ഹോട്ടലിൽ പാചകക്കാരനായി. 65-ാം വയസ്സിൽ വിരമിച്ചു. വിരമിച്ചതിനാൽ സർക്കാരിൽ നിന്ന് 105 ഡോളർ ചെക്ക് ലഭിച്ചു. പിന്നീട് സർക്കാർ ഇനി പെൻഷൻ നൽകുവാൻ കഴിയില്ല എന്നു തീരുമാനിച്ചു. ആത്മഹത്യ ചെയ്യുവാൻ ഒരുങ്ങി സാൻഡേഴ്സ് അവസാന ശ്രമമായി 87 ഡോളർ കടം വാങ്ങി ഒരു രഹസ്യ പാചകക്കുറിപ്പിൽ ചിക്കൻ വിഭവങ്ങളുണ്ടാക്കി വീട് വീടാന്തരം നടന്ന് വിറ്റ് കൊണ്ടിരുന്നു. അങ്ങനെ ലഭിച്ച തുകയ്ക്ക് ഹോട്ടൽ തുടങ്ങി.

88-ാം വയസ്സിൽ അദ്ദേഹത്തിന്റെ ഹോട്ടൽ ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ ഹോട്ടൽ ശൃംഖലയായി. ഇന്ന്

ഇ&എസ് എറണാകുളം

നമുക്ക് പരിചിതമായ KFC യുടെ സ്ഥാപകനാണ് സാൻഡേഴ്സ് എന്ന കേണൽ ഹാർലൻഡ് സാൻഡേഴ്സ്.

128 രാജ്യങ്ങളിൽ 20,000 ത്തോളം ഭക്ഷണശാലകളായി വിജയത്തോടെ ഓടുന്ന ഈ ശൃംഖല പടുത്തുയർത്താൻ അദ്ദേഹം കാണിച്ച ധൈര്യമാണ് വിജയം.

ഇത് പോലെ മറ്റൊരു കഥയാണിനി

ഒരു കുട്ടിയുടെ അമ്മ എന്നും ആ കുട്ടിയുടെ കൂടെ ആശുപത്രി കയറിയിറങ്ങും. 5-ാം വയസ്സിൽ കുട്ടിക്ക് പോളിയോ ആണെന്ന് ഡോക്ടർമാർ വിധിയെഴുതി. ചികിത്സയ്ക്ക് പണമില്ലാതെ വന്നതിനാൽ അമ്മ കുട്ടിയ്ക്കായി വീൽ ചെയർ വാങ്ങി. 10-ാം വയസ്സിൽ കുട്ടി അമ്മയോട് പറഞ്ഞു 'അമ്മേ, എനിക്ക് മൈതാനത്ത് കുട്ടികളോടൊപ്പം കളിക്കണം'. കഴിയില്ല എന്ന് അമ്മ പറഞ്ഞെങ്കിലും കുട്ടിയുടെ നിർബന്ധത്തിനു വഴങ്ങി. ഓട്ടത്തിനായി വീൽ ചെയറിൽ നിന്ന് എഴുന്നേറ്റ കുട്ടി അപ്പോൾ തന്നെ നിലത്തേയ്ക്കു വീണു. കുട്ടിയെ നോക്കി കരഞ്ഞുകൊണ്ട് അമ്മ പറഞ്ഞു 'മോളേ നിനക്ക് കഴിയില്ല' എന്ന്. പക്ഷേ ആ കുട്ടി പറഞ്ഞു നാളെ ഈ ലോകം എന്റെ ഓട്ടം കണ്ട് അത്ഭുതപ്പെടുമെന്ന്. പിൽക്കാലത്ത് അമേരിക്ക കണ്ട ഏറ്റവും നല്ല ഓട്ടക്കാരിയായിരുന്ന ആ കുട്ടി U.S.A യ്ക്ക് വേണ്ടി 1960 ഒളിമ്പിക്സിൽ 3 സ്വർണ്ണം നേടി. ആ കുട്ടി U.S.A യുടെ മികച്ച ഓട്ടക്കാരിയായ വിൽമ റുഡോൾഫ് ആയിരുന്നു.

കഠിനാധ്വാനം ചെയ്താൽ വിജയിക്കാം. മേൽപ്പറഞ്ഞവരെല്ലാം പരിശ്രമത്തിലൂടെയാണ് വിജയം നേടിയത്.

"പരിശ്രമിക്കുകിലെന്തിനെയും
കരത്തിലാക്കാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കരങ്ങൾ നൽകി
മനുഷ്യരെ പാരിലേക്കയച്ചതീശൻ"



നിറവ് 2017

# കുഞ്ഞു കൊതുകിനോട്

കുഞ്ഞിക്കൊതുകേ കുത്തല്ലേ, എൻ
മേനിയിൽ മുള്ളുകൊ കുത്തല്ലേ
മൂളിപ്പാട്ടും പാടി നടന്നെൻ
മേനിയിൽ നിറയെക്കുത്തല്ലേ

കുന്തം പോലെ കൂർത്തൊരു കൊമ്പാൽ
കുത്തിക്കുത്തി കൊല്ലല്ലേ
സൂചിക്കൊമ്പിൻ കുഴലാൽ നീ-
യെൻ ചോര വലിച്ചുകുടിക്കല്ലേ

വേദനയുള്ളൊരു കുത്താൽ നീയെൻ
രുധിരമൂറ്റിയെടുക്കുമ്പോൾ
രോഗം നൽകുമണുക്കളെ നീയെൻ
മേനിയിൽ നിറയെ നിറയ്ക്കുന്നു

രോഗാതുരനായ് മാറുമ്പോൾ ഞാൻ
രോഗം മാറാൻ പാടുപെടും
രോഗം മാറാൻ മരുന്നുകൾ പലതും
വാരിത്തിന്നു മടുക്കുന്നു

പോയ്ക്കോ എന്നുടെ മുന്നിൽ നിന്നും
പോയില്ലെങ്കിൽ പൊല്ലാപ്പാകും
മെല്ലെപ്പോകാൻ നിന്നെന്നാൽ
തല്ലിക്കൊല്ലും നിന്നെ ഞാൻ

അനിൽ. വി.
H/O വി.ജി. രേഖ
RA ജില്ലാകമ്മിറ്റി
എറണാകുളം.

നിറവ് 2017

# അമ്മയോളം സ്നേഹം മക്കൾക്കെങ്കിൽ ആറ്റിലെ വെള്ളം മേലോട്ട്

മിനിമോൾ. N.R.
PTM. വള്ളൂരത്തിങ്കൽ

പഴം ചൊല്ലിൽ പതിരില്ല. പഴഞ്ചൊല്ലിൽ പതിരുണ്ടെങ്കിൽ പശുവിൻപാൽ കയ്ക്കും എന്ന് വേറൊരു ചൊല്ല് കൂടിയുണ്ട്. "അമ്മയോളം സ്നേഹം മക്കൾക്കെങ്കിൽ ആറ്റിലെ വെള്ളം മേലോട്ട്." ഒറ്റ വായനയിൽ തന്നെ അർത്ഥം മനസ്സിലാക്കാവുന്ന ഒരു പഴഞ്ചൊല്ലാണിത്. നാമെല്ലാവരും തന്നെ അനുഭവിച്ചിട്ടുള്ളതാണ് അമ്മയുടെ സ്നേഹം.

പത്തു മാസത്തോളം ഉദരത്തിൽ കൊണ്ടു നടന്ന് വേദനയോടെ പ്രസവിച്ച് ജീവരക്തം ഊട്ടി രണ്ടു മൂന്ന് വയസ്സ് ആകുമ്പോൾ തന്നെ ജീവിത പാഠങ്ങൾ പറഞ്ഞ് കൊടുത്ത്, പിന്നീട് വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും വേണ്ടതെല്ലാം നൽകി അമ്മ നില കൊള്ളുന്നു. മക്കൾക്ക് വിവാഹ പ്രായമാകുമ്പോൾ നല്ലൊരു ജീവിത പങ്കാളിയെ കണ്ടെത്തുന്നതിന് ശ്രമിക്കുകയും വിവാഹ ജീവിതത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. അവർക്കുണ്ടാകുന്ന കുഞ്ഞുങ്ങളേയും നമ്മളെ സ്നേഹിക്കുന്നത് പോലെ സ്നേഹിക്കുകയും ലാളിക്കുകയും ചെയ്യുന്നു. ഇക്കാര്യങ്ങളെല്ലാം നമുക്ക് വ്യക്തമായി അറിയാം. എന്നിട്ടും എന്തുകൊണ്ട് നമ്മുടെ സ്നേഹം ജലപ്രവാഹം പോലെ താഴേയ്ക്കു മാത്രമായി പോകുന്നു. മക്കളോടുള്ളതിനേക്കാൾ കടപ്പാട് വേണ്ടത് മാതാപിതാക്കളോടല്ലേ? മാതാപിതാക്കളോടുള്ള നമ്മുടെ സ്നേഹം കണ്ടു വേണം മക്കൾ വളരാൻ. എന്നാലേ നമ്മുടെ മക്കൾ നമ്മളെയും സ്നേഹിക്കുകയുള്ളൂ.

നാം നമ്മുടെ മക്കളെ പൊന്നു പോലെ വളർത്തും. അവർ അവരുടെ മക്കളെ തങ്കം പോലെ വളർത്തും. മാതാപിതാക്കളെ സ്നേഹിക്കുന്നതെങ്ങനെയെന്ന് നാമവരെ പഠിപ്പിക്കുന്നില്ലെങ്കിൽ നാളെ അവർ നമ്മെ സ്നേഹിക്കുന്നില്ലെങ്കിൽ പരാതിക്കെന്ത് പ്രസക്തി.

ഒരു കഥയോർമ്മ വരുന്നു. ഒരാൾ വൃദ്ധനായി മരിച്ചു. ശവസംസ്ക്കാരച്ചടങ്ങുകൾ എല്ലാം കഴിഞ്ഞ് അയാളുടെ മകൻ അയാളുടെ മുറി വൃത്തിയാക്കുകയാണ്. പഴയ സാധനങ്ങൾ ആവശ്യമില്ലാത്തത് പറമ്പിന്റെ ഒരു മൂലയിൽ കൊണ്ടു ചെന്നിട്ടു. തിരിച്ച് വരുമ്പോൾ വൃദ്ധന്റെ പേരക്കിടാവ് ഒരു പഴയ പാത്രം അതിൽ നിന്ന് എടുത്തുകൊണ്ടു വന്നു സൂക്ഷിച്ചു വയ്ക്കുന്നത് കണ്ട് വൃദ്ധന്റെ മകൻ പറഞ്ഞു. "അത് വേണ്ട, കളഞ്ഞേക്ക്." കുട്ടി പറഞ്ഞു "അപ്പോൾ അച്ഛൻ വയസ്സാകുമ്പോൾ ഇതിലല്ലേ കഞ്ഞി തരേണ്ടത്?

നമുക്ക് നല്ല മാതൃകകളാകാം. മക്കളെ സ്നേഹിക്കുന്നത് പോലെതന്നെ നമുക്ക് മാതാപിതാക്കളെയും സ്നേഹിക്കാം. അങ്ങനെ ആ പഴഞ്ചൊല്ലു നമുക്ക് തിരുത്താം.

"അമ്മയോളം സ്നേഹം മക്കൾക്കെങ്കിൽ ആറ്റിലെ വെള്ളം താഴോട്ടു തന്നെ."

നിറവ് 2017

ഇ&എസ് എറണാകുളം

# മലയാളവും മറ്റു ദ്രാവിഡഭാഷകളും

ജഗൻ പൂളക്കശേരി s/o P.J. ആന്റണി, TSO. കൊച്ചി

ദ്രാവിഡഭാഷകളിലൊന്നായ മലയാളവും ശ്രേഷ്ഠഭാഷാപദവി നേടിക്കഴിഞ്ഞു. മലയാളം അതിന്റെ തന്നെ സ്രോതസിൽ നിന്നും ശക്തിയുൾക്കൊണ്ടും നവീനങ്ങളായ സാഹിത്യമാതൃകകൾ സ്വീകരിച്ചും നിരന്തരം വളർന്നുകൊണ്ടിരിക്കുന്നു. അന്യഭാഷകളേയും സാഹിത്യങ്ങളേയും സർവ്വാത്മനാ സ്വീകരിക്കുന്നതിൽ ദുരഭിമാനമില്ലാത്ത മലയാളിക്ക് ലോകഭാഷകളിലെ പുതുപ്രവണതകൾ സ്വായത്തമാക്കി സ്വഭാഷാസാഹിത്യം പുഷ്കലമാക്കുന്നതിൽ യാതൊരു മടിയുമില്ല. വിവർത്തനങ്ങൾ നടത്തിയും നവസങ്കേതങ്ങൾ ഉൾക്കൊണ്ടും മലയാളം വളർന്നുകൊണ്ടിരിക്കെത്തന്നെ ഒരു മൂല സംസ്കാരത്തിൽ വേരൂന്നി വളർന്ന് പലവഴിക്ക് പിരിഞ്ഞു മാറിയ സഹോദരഭാഷകളായ ദ്രാവിഡകുലത്തിലെ മറ്റു ഭാഷകളെക്കുറിച്ച് നാം അറിഞ്ഞിരിക്കേണ്ടത് ആവശ്യം തന്നെയാണ്.

ഏകദേശം ബി.സി. 1500 നു ശേഷം നടന്ന ആര്യാധിനിവേശത്തിനു മുൻപ് സിന്ധുഗംഗാതടവും മധ്യേന്ത്യയും തെക്കേയിന്ത്യയുമുൾപ്പെടുന്ന ഭാരതമാകമാനമായ വിസ്തൃതപ്രദേശത്ത് നിലവിലിരുന്ന ഭാഷയാണ് ആദിമദ്രാവിഡമെന്ന് അഭിജ്ഞമതം. ആധിനിവേശാനന്തരം ദ്രാവിഡഭാഷ സംസാരിക്കുന്നവർ വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ നിന്നും ചിതറിക്കപ്പെടുകയും അതിൽ പ്രബലമായ ഒരു വിഭാഗം നിരന്തരം തെക്കോട്ട് സഞ്ചരിക്കുകയും ചെയ്തതായി അനുമാനിക്കപ്പെടുന്നു. ഇങ്ങനെ ചിതറിക്കപ്പെട്ടവർ പ്രധാനമായും നാലു ഭൂപ്രദേശങ്ങളിലായി കേന്ദ്രീകരിക്കപ്പെട്ടതായി കാണാം. അങ്ങനെ ആദിമ ദ്രാവിഡമൂലം പ്രോട്ടോ നോർത്ത് ദ്രാവിഡിയൻ, പ്രോട്ടോ സെൻട്രൽ ദ്രാവിഡിയൻ, പ്രോട്ടോ സൗത്ത് ദ്രാവിഡിയൻ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങളായി പിരിയുകയും ചെയ്തു. അവിഭാജ്യ ഇന്ത്യയുടെ വടക്ക് പടിഞ്ഞാറെ അതിരായ ബലൂചിസ്ഥാൻ, ഇറാൻ-അഫ്ഗാൻ അതി



നിറവ് 2017

ഇ&എസ് എറണാകുളം

ർത്തിയിലേക്ക് പിൻവാങ്ങിയ ബ്രാഹുയി എന്ന ദ്രാവിഡ ഭാഷ സംസാരിക്കുന്ന വിഭാഗവും പ്രോട്ടോ നോർത്ത് ദ്രാവിഡിയൻസിൽ ഉൾപ്പെടുന്നുണ്ട്.

ഭാരതത്തിലെ പ്രബല ദ്രാവിഡഭാഷകൾ മിക്കതും ദക്ഷിണേന്ത്യയിലും ദക്ഷിണ പൂർവ്വേന്ത്യയിലും കേന്ദ്രീകരിച്ചിരിക്കുന്നു. ഇന്ത്യയ്ക്ക് പുറമേ പാകിസ്ഥാൻ, മലയ, ശ്രീലങ്ക, സിംഗപ്പൂർ, ഇന്തോനേഷ്യ, മധ്യദക്ഷിണാഫ്രിക്ക, ഗയാന, ഫിജി, മൗറീഷ്യസ് തുടങ്ങിയ ഇടങ്ങളിലും ചെറിയതോതിൽ ദ്രാവിഡഭാഷകൾ സംസാരിച്ചുവരുന്നു. താഴെ ചേർത്തിരിക്കുന്ന 19 ദ്രാവിഡഭാഷകളെക്കുറിച്ച് വിഭിന്നതോതിൽ പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. തമിഴ്, മലയാളം, കോത, തോദ, കൊടക്, കർണ്ണാടകം, തുളു, തെലുങ്ക്, കൊലാമി, നായ്ക്കി, പർജി, ഗദബ, ഗോണ്ടി, കൊണ്ട, കുയി, കുവി, കുറുഖ്, മാൽതോ, ബ്രാഹുയി എന്നിവയാണവ. ചില ദ്രാവിഡഭാഷകളെ കുറിച്ച് ഭാഗികമായി മാത്രമേ പഠനം നടന്നിട്ടുള്ളൂ. ചിലതിനെകുറിച്ചുള്ള അറിവ് അവയുടെ പേരിൽ മാത്രം ഒതുങ്ങുന്നതുമുണ്ട്. കൊറവ, കൈകഡി, ബർഗണ്ഡി, ഇരുള, കുന്നുവ, കുറുമ്പ, ബെല്ലാരി, കൊറഗ, ബഡഗ, യരവ, ~~[illegible]~~ സവര, മണ്ഡ, പെങ്ഗോ മുതലായ ഭാഷകളും അവയുടെ ഉപഭാഷകളും ഇത്തരത്തിലുള്ളവയാണ്. ദ്രാവിഡ ഭാഷകൾ സംസാരിക്കപ്പെടുന്ന പ്രദേശങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ചിരിക്കുന്ന പട്ടികകൾ ഇതോടൊപ്പം കൊടുത്തിട്ടുള്ളത് കാണാവുന്നതാണ്.


സ്വന്തമായി സാഹിത്യസമ്പത്തുള്ളതും അംഗീകൃത ദേശീയഭാഷകളിൽ ഉൾപ്പെടുന്നതുമായ 4 പ്രധാന ദ്രാവിഡഭാഷകളാണുള്ളത്. അവ തമിഴ്, മലയാളം, തെലുങ്ക് കർണ്ണാടകം എന്നിവയാണ്. അവയുടെ പേരുകൊണ്ടുതന്നെ അധിവാസകേന്ദ്രങ്ങളും അറിയാൻ കഴിയുന്നതാണ്. എന്നാൽ മററു ദ്രാവിഡ ഭാഷാപ്രദേശങ്ങൾ എവിടെയാണ് എന്നതിൽ നാം പൊതുവെ അജ്ഞരാണ്.

ദ്രാവിഡ ഭാഷകളിൽ വച്ച് ഏററവും പ്രാചീനവും സാഹിത്യസമ്പുഷ്ടമായിട്ടുള്ളതും തമിഴാണ്. തമിഴ് ശബ്ദത്തെ 'ദമിളം' 'ദ്രവിഡം'

നിറവ് 2017

ഇ&എസ് എറണാകുളം

# ചാർട്ട് 1




നിറവ് 2017
ഇ&എസ് എറണാകുളം

നിറവ് 2017

എന്നൊക്കെ വിളിക്കുമ്പോൾ 'ദ്രാവിഡ'ത്തോട് അടുത്തു വരുന്നതായും കാണാം. ദ്രാവിഡഭാഷകളിൽ ദേശപരമായി ഏറ്റവും കൂടുതൽ വ്യാപ്തിയുള്ളതും തമിഴിനാണ്. ഇന്ത്യയ്ക്കുവെളിയിൽ ശ്രീലങ്ക, മ്യാൻമർ, മലേഷ്യ, ഇന്തോനേഷ്യ, സിങ്കപ്പൂർ എന്നീ രാജ്യങ്ങളിലും മധ്യദക്ഷിണാഫ്രിക്ക, ഗയാന, ഫിജി, മൗറീഷ്യസ്, മഡഗാസ്കർ തുടങ്ങിയ ഇടങ്ങളിലും തമിഴ് മാതൃഭാഷയായിട്ടുള്ളവരുണ്ട്. ഏകദേശം 6 കോടിയിൽ പരം ജനങ്ങൾക്ക് തമിഴ് മാതൃഭാഷയായിട്ടുണ്ട്. തമിഴിലെ പുരാതന സാഹിത്യശില്പങ്ങൾ എ.ഡി. രണ്ടാം നൂറ്റാണ്ടോളം പഴക്കമുള്ളവയാണ്. പത്തുപാട്ട്, എട്ടുത്തൊകൈ, അകനാനൂറ്, പുറനാനൂറ്, തിരുക്കുറൾ, ചിലപ്പതികാരം എന്നിവ ഉത്തമസാഹിത്യത്തിന്റെ ഉദാഹരണങ്ങളാണ്. ആധുനിക തമിഴ്സാഹിത്യം പല കാരണങ്ങളാലും അത്രത്തോളം ഔന്നത്യം പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുകാണാം.

കർണ്ണാടക സംസ്ഥാനത്ത് 5 കോടിയിൽതാഴെ ജനങ്ങളുടെ ഭാഷയാണ് കന്നട. ദ്രാവിഡഗോത്രത്തിൽ തമിഴ് കഴിഞ്ഞാൽ കൂടുതൽ പൗരാണികത കന്നടഭാഷയ്ക്കുണ്ട്. ആധുനിക കന്നടഭാഷ വളരെ സാഹിത്യസമ്പുഷ്ടഭാഷയായി അതിവേഗം വളർന്നുവരുന്നു.

ആന്ധ്രാ സംസ്ഥാനത്ത് ഔദ്യോഗികഭാഷയായ തെലുങ്ക്, സംസ്ഥാനത്തും അതിനു വെളിയിലും 8 കോടിയിൽ പരം ജനങ്ങളുടെ ഭാഷയാണ്. സംസാരിക്കുന്നവരുടെ എണ്ണം മറ്റു ദ്രാവിഡ ഭാഷകൾ സംസാരിക്കുന്നവരുടേതിനേക്കാൾ കൂടുതലാണെങ്കിലും സാഹിത്യപ്രാചീനതയുടെ കാര്യത്തിൽ തെലുങ്ക് പിന്നിലാണ്.

കേരളത്തിൽ വസിക്കുന്ന ഏകദേശം 3.5 കോടിയോളം ആളുകൾ മലയാളം സംസാരിക്കുന്നു. കേരളത്തിനു പുറത്ത് ആദ്യകാലകുടിയേറ്റം നടത്തിയ ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിലെ മലയാളികൾ സാവധാനത്തിൽ മലയാളം വെടിഞ്ഞ് തമിഴ് സ്വീകരിച്ചുപോയിട്ടുണ്ട്. 1970 നുശേഷം തൊഴിലിനുവേണ്ടി നടന്ന ലോകവ്യാപകമായ മലയാളി കുടിയേറ്റങ്ങളാൽ 50 ലക്ഷത്തിലേറെപ്പേർ വിദേശത്തും ഇന്ത്യയിലെതന്നെ മറ്റു സംസ്ഥാനങ്ങളിലുമായി വസിക്കുന്നുണ്ട്.

മറ്റ് ദ്രാവിഡഭാഷകളെല്ലാം തന്നെ സാഹിത്യം വിരചിക്കപ്പെടാത്തവ



ഇ&എസ് എറണാകുളം

ചിലതിനെല്ലാം ഇപ്പോൾ ലിപിയുണ്ടെങ്കിൽ തന്നെയും പൊതുവെ വാമൊഴിയായി നിലനിൽക്കുകയും ചെയ്യുന്നവയാണ്.

കർണ്ണാടക സംസ്ഥാനത്ത് തെക്കൻ കാനറ ജില്ലയിൽ ഏകദേശം 17 ലക്ഷത്തോളം തുളുവർ വസിക്കുന്നു. തെയ്യം, യക്ഷഗാനം തുടങ്ങിയവ തുളു സംസ്കാരത്തിൽ നിന്നും പിറവിയെടുത്ത കലകളാണ്.

തമിഴ്, കേരള, കർണ്ണാടക സംസ്ഥാനങ്ങളുടെ സംഗമസ്ഥാനമായ നീലഗിരിക്കുന്നുകളിലും അതിനു ചുറ്റുമുള്ള മലമ്പ്രദേശങ്ങളിലുമായി വളരെയധികം ചെറുദ്രാവിഡ വർഗ്ഗങ്ങൾ വസിക്കുന്നുണ്ട്. കോട്ടഗിരിമലകളിൽ പാർക്കുന്ന ആയിരത്തിൽ താഴെ വരുന്ന തോദർ, മെർക്കാറയ്ക്കു സമീപം വസിക്കുന്ന ഒരു ലക്ഷത്തിലധികം വരുന്ന കൊടകരും ഇതിലുൾപ്പെടും. ഇതിനുപുറമെ കാര്യമായ പഠനങ്ങൾ ഇന്നോളം നടത്തിയിട്ടില്ലാത്ത ബഡഗ, കുറുമ്പ, യരവ, യരുകല, കൈകഡി, കുറവ, ഇരുള, ബർഗണ്ടി എന്നീ ചെറുഭാഷകളും ഈ സംഗമസ്ഥാനത്തുണ്ട്.

മധ്യപ്രദേശ്, ആന്ധ്ര, മഹാരാഷ്ട്ര എന്നിവയുടെ അതിർത്തി പ്രദേശങ്ങളായ ചാന്ദ, ആദിലാബാദ്, ബസ്തർ എന്നീ ജില്ലകളിൽ വസിക്കുന്ന 3 ലക്ഷത്തോളം ദ്രാവിഡ വർഗ്ഗങ്ങൾ കൊലാമി, നായ്ക്കി, പർജി എന്നീ ഭാഷകൾ സംസാരിക്കുന്നു. ഒറീസ, ആന്ധ്ര അതിർത്തി പ്രദേശത്ത് 80,000 ത്തോളം പേർ കോണ്ട, ഗദബ ഭാഷ സംസാരിക്കുന്നു. സവര, മണ്ഡ, പെങ്ഗോ എന്നീ ദ്രാവിഡഭാഷകളും ഇവിടെയുണ്ട്.

മധ്യപ്രദേശിലും ആന്ധ്രാപ്രദേശിലുമായി വലിയൊരു പ്രദേശത്ത് ചിന്നിച്ചിതറി കിടക്കുന്ന 20 ലക്ഷത്തോളം ഗോണ്ഡികൾ ഗോണ്ഡിയും അതിന്റെ ഉപഭാഷകളും സംസാരിക്കുന്നു.

ദ്രാവിഡഭാഷകളായ കുറുഖ്, മാൽത്തോ തുടങ്ങിയ ഭാഷകൾ സംസാരിക്കുന്ന 14 ലക്ഷത്തോളം പേർ ഛോട്ടാനാഗ്പൂർ പ്രദേശത്ത് അധിവസിക്കുന്നു. ഈ പ്രദേശത്ത് ഛത്തീസ്ഗഢ്, ജാർഖണ്ഡ് തുടങ്ങിയ ഇടങ്ങളിൽ വസിക്കുന്നു. രാമായണത്തിൽ പരാമർശിക്കപ്പെടുന്ന ദണ്ഡകാരണ്യം ഇവിടെയാണ്. ഒരുപക്ഷേ ആര്യന്മാരാൽ ഓടിക്കപ്പെട്ട ദ്രാവിഡവർഗ്ഗക്കാരോടായിരിക്കാം ശ്രീരാമനും ലക്ഷ്മണനും ഇതിഹാസത്തിൽ ഏറ്റുമുട്ടുന്നത്.

19-20 നൂറ്റാണ്ടുമുതൽ ദ്രാവിഡ



നിറവ് 2017
ഇ&എസ് എറണാകുളം

ഭാഷകളെ പറ്റി പഠനം നടത്തിപ്പോന്നിട്ടുണ്ട്. എങ്കിലും ആദ്യം സൂചിപ്പിച്ച 4 പ്രധാന ദ്രാവിഡഭാഷകൾക്കുപുറമേയുള്ള ലിപിയില്ലാത്തതുൾപ്പെടെയുള്ളവയെ സംബന്ധിച്ച് ആഴത്തിലുള്ള ഗവേഷണങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരുപക്ഷേ ആദിമ ദ്രാവിഡ മൂലമായിരിക്കാൻ സാധ്യതയുള്ള സൈന്ധവ ലിപികളെ വെളിപ്പെടുത്തി വായിച്ചെടുക്കുന്നതിൽ ദ്രാവിഡ ഭാഷാപഠനം പുതിയ സാധ്യതകൾ തുറന്നേക്കാം.



നിറവ് 2017
ഇ&എസ് എറണാകുളം




ഇ&എസ് എറണാകുളം